Aikyadeepam
ഐക്യദീപം
മെയ് 2016
Since 1976 വില ₹ 10





## ആചാരവും വ്യാപാരവും തിരിച്ചറിയുക

## കേരളത്തിന്റെ ദേശീയ ജാഗ്രത

## പിൻമടക്കം

## ഒരു കുറവ്

# വർഗ്ഗീയവത്ക്കരിക്കപ്പെടുന്ന ദേശീയത


Caritas INDIA
The Joy of Service...
ആശാകിരണം
ക്യാൻസർ സുരക്ഷാ യജ്ഞം
തിരിച്ചറിഞ്ഞ്
തിരിച്ചുവരാം
"ഭീതിയും സഹതാപവുമല്ല,...
കൈത്താങ്ങലും പ്രതിരോധവും.."
PORTEA
● ആലംബം - ആംബുലൻസ് സർവ്വീസ് ● രോഗനിർണ്ണയ കേന്ദ്രം
● ക്യാൻസർ രോഗികളുടെ കുട്ടികൾക്ക് പഠനസഹായം
● ക്യാൻസർ ബോധവല്ക്കരണം ● സുരക്ഷിത ഭക്ഷണ പാചകമത്സരങ്ങൾ
ബോധന
തിരുവല്ല സോഷ്യൽ സർവ്വീസ് സൊസൈറ്റി
പുഷ്പഗിരി റോഡ്, തുകലശ്ശേരി, തിരുവല്ല – 1
Ph: 0469 2730561, 2606063
e-mail : bodhanatiruvalla@gmail.com, web: www.bodhanatiruvalla.org
ക്യാൻസർ രോഗത്തെ നേരിടുവാനുള്ള ബോധനയുടെ പരിശ്രമത്തിലേക്ക്
നിങ്ങളുടെ എല്ലാവിധമായ പിന്തുണയും പ്രോത്സാഹനവും അഭ്യർത്ഥിക്കുന്നു.
Bank Details
Catholic Syrian Bank Thiruvalla
Account No. 0093-03696746-190001
IFSC : CSBK0000093
MICR : 689047002
Account Holder
Tiruvalla Social Service Society
(BODHANA)




ശരറാന്തലുകൾ ദൈവപ്രീതിയുടെ അലങ്കാരം ചാർത്തിയ ഒരു പുണ്യ ഭൂമി; ആത്മശാന്തിയുടെ തീരങ്ങൾ തേടിയെത്തിയ ഒരു ജനത ദുരന്തത്തിന്റെ വേദനയിൽ നിലവിളിക്കുന്നത് ഇനിയും നാം കേട്ടുതീർന്നില്ല. കേരളം കണ്ടതിൽ വച്ച് ഏറ്റവും വലിയ ദുരന്തം! അഗ്നി സംഹാരം ഒരു നാടിനെ ദഹിപ്പിച്ചതിന്റെ വേദന തീരാതെ നില്ക്കുന്ന ഈ നിമിഷങ്ങളിൽ തന്നെ നാം ചിന്തിക്കണം ഇത്തരം ദുരന്തങ്ങൾ ഇനിയും ഇവിടെ ആവർത്തിക്കപ്പെടണമോ?. ഹൈക്കോടതിയുടെ നിർദേശത്തെ തുടർന്ന് ചില മത സാമൂഹിക നേതൃത്വങ്ങൾ വെടിക്കെട്ടിന് പൂർണ്ണ വിരാമം കൊടുത്തത് മാതൃകാപരമായി കാണേണ്ടിയിരിക്കുന്നു. ആചാരം അർഹിക്കുന്ന പ്രാധാന്യത്തോടെ നിലനിർത്തപ്പെടുകയും എന്നാൽ വ്യാപാരം എതിർക്കപ്പെടുകയും ചെയ്യുന്ന ഒരു പുതുപുലരി നമുക്ക് വേണ്ടേ?.

ഭാരതീയരെന്ന് അഭിമാനിക്കുന്ന നമുക്ക് ജന്മംകൊണ്ട് നല്കപ്പെട്ട ദേശീയത, പൗരത്വം, അവകാശങ്ങൾ ഒക്കെ ഭീഷണിയുടെ നിഴലിൽ നിലനില്ക്കുന്നു. ദേശീയതയെ തകർക്കാൻ വർഗ്ഗീയതയും വഞ്ചനയും കൂട്ടുചേരുമ്പോൾ ഇവിടെ വാക്കുകൾക്ക് വിലയില്ലാത്ത ഒരു സമൂഹം സൃഷ്ടിക്കപ്പെടുന്നു. തീരുമാനങ്ങളും നിലപാടുകളും സൗകര്യപൂർവ്വം മാറ്റിമറിച്ച് തനിയെ തീരുമാനങ്ങൾ കൈക്കൊള്ളുന്നു. ഒരു തിരഞ്ഞെടുപ്പിന്റെ ചുട്ടുപൊള്ളുന്ന ചൂടിൽ മനസ് പതറുകയാണ്.

വഞ്ചനയും ചതിയും ക്രൂരതയുമില്ലാത്ത
ഒരു കാലം, ഒരു നാട്................
അതിന് കാത്തിരിക്കാം...

## ഇടയശബ്ദം

മോസ്റ്റ് റവ. ഡോ. തോമസ് മാർ കൂറിലോസ്
മെത്രാപ്പോലീത്തൻ ആർച്ചുബിഷപ്പ്



# ഒരു നൂതന സംസ്കൃതി സ്വന്തമാക്കുവാൻ

പരവൂർ ദുരന്തത്തിൽ മനംനൊന്തു കേഴുന്ന കേരള ജനത ഇലക്ഷൻ ചൂടിൽ പലതും മറക്കാൻ നിർബന്ധിതരാകുന്നു. ദോഷം ഉണ്ടാകണമെന്ന ചിന്താഗതിയിൽ ആരും കരുതിക്കൂട്ടി ചെയ്തതല്ല. എങ്കിലും ഒരു ഭീകര സ്വപ്നംപോലെ അത് നമ്മെ പിന്തുടരുന്നു. പല പള്ളികളും ക്ഷേത്രങ്ങളും തങ്ങളുടെ ഉത്സവങ്ങളും തിരുനാളുകളും മറ്റാഘോഷങ്ങളും കരിമരുന്നു പ്രകടനം ഒഴിവാക്കി നിർവഹിക്കുവാൻ തീരുമാനിച്ചത് എത്ര ആശ്വാസകരം!



ആളിനെ കൂട്ടുവാനും വിപണനം പൊടിപൊടിക്കാനുമായി ചെയ്യുന്ന സന്നാഹങ്ങളാണ് ഇവ എന്ന് എല്ലാവർക്കുമറിയാം. ഇതിൽ മതാത്മകതയോ ആരാധനയോ ഇല്ല. കേരള കത്തോലിക്കാ സഭയും ഇതര ക്രിസ്തീയ സമൂഹനേതാക്കളും ഇപ്രകാരമുള്ള ഒരു തീരുമാനം കൈക്കൊണ്ടത് ഏറെ സ്വാഗതാർഹമാണ്. നൂറ്റിപ്പത്തു പേരുടെ ജീവനും ഏതാണ്ട് നാനൂറോളം മനുഷ്യർക്കുണ്ടായ സാരമായ പരിക്കുകളും വേണ്ടിവന്നു സാക്ഷര കേരളത്തിന് ഈ തിരിച്ചറിവിൽ എത്തുവാൻ. വൈകിയെങ്കിലും അത് സാദ്ധ്യമായല്ലോ. പൊതുജനങ്ങൾ ഈ കാര്യത്തിൽ പ്രകടിപ്പിക്കുന്ന വൈകാരികതയ്ക്കപ്പുറം ആഘോഷങ്ങളുടെ ചുമതലക്കാർ കുറ്റം ഏൽക്കേണ്ടിവന്ന കാഴ്ച എല്ലാവരുടെയും കണ്ണ് തുറപ്പിക്കട്ടെ! മരണമടഞ്ഞവർക്ക് ഭരണാധികാരികൾ വാഗ്ദാനം ചെയ്ത സഹായധനം എത്രയും പെട്ടെന്നു നൽകുകയും ആശുപത്രിയിൽ കഴിയുന്നവർക്ക് വിദഗ്ദ്ധ ചികിത്സ ഉറപ്പുവരുത്തുകയും വേണം. വേദനിച്ചിരിക്കുന്നവരെയും മുറിവേറ്റവരെയും ബന്ധുജനങ്ങൾ നഷ്ടപ്പെട്ടവരെയും നമുക്ക് പ്രാർത്ഥനയിൽ ഓർക്കാം. തിരുവല്ല അതിരൂപതയുടെ കീഴിലുള്ള എല്ലാ ഇടവകകളിലും പ്രാർത്ഥനാലയങ്ങളിലും പ്രത്യേക പ്രാർത്ഥനകൾ നടത്തുകയുണ്ടായി. അതുപോലെ കരിമരുന്ന് പ്രയോഗം പൂർണ്ണമായും നിരോധിക്കുകയും ചെയ്തിട്ടുണ്ട്.

ആദ്യകുർബാനയ്ക്ക് ഒരുങ്ങിക്കൊണ്ടിരുന്ന കൊച്ചിസ്വദേശിയായിരുന്ന റിസ്റ്റി എന്ന പത്തുവയസുകാരനെ മദ്യത്തിന്റെയും ലഹരിയുടെയും ആലസ്യത്തിൽ കുത്തിക്കൊന്ന കിരാതമായ സംഭവം നാം നടുക്കത്തോടെയാണ് വായിച്ചത്. കടയിൽ സാധനങ്ങൾ വാങ്ങാൻ പോയ പൈതലിനോടു കാണിച്ച ഈ ക്രൂരത സമൂഹമനഃസാക്ഷിയെ ഉണർത്തേണ്ടതല്ലേ? മദ്യവും മയക്കുമരുന്നും ഇന്ന് സർവ്വസാധാരണമായിക്കഴിഞ്ഞിരിക്കുന്നു. കേരള ജനതയെ ഈ തീരാശാപത്തിൽനിന്നും രക്ഷിക്കുവാൻ ഭരണാധികാരികൾക്കും അതുപോലെ ഇനിയും തെരഞ്ഞെടുത്തുവരാൻ യോഗ്യരെന്ന് നാം കരുതുന്ന ഏതൊരാളിനും ധാർമ്മിക ഉത്തരവാദിത്വമുണ്ട്. തെരഞ്ഞെടുപ്പിന് കൊഴുപ്പുകൂട്ടാൻ മദ്യലോബികളുടെ പണം സ്വീകരിക്കുമ്പോൾ അവർക്കെതിരെ എങ്ങനെ നടപടി സ്വീകരിക്കുവാൻ കഴിയും? ഈ കുഞ്ഞിന്റെ കൊലപാതകം നമ്മുടെ ഒക്കെ മനഃസാക്ഷിയുടെ മേലുള്ള വെല്ലുവിളിയാണ്. ആരൊക്കെയോ ആയി കുടുംബത്തെയും സമൂഹത്തെയും സേവിക്കുവാൻ കഴിയുമായിരുന്ന ഈ പൈതൽ, തൊണ്ടയിൽ കുത്തിക്കയറ്റിയ കത്തി

(ശേഷം 39-ാം പേജിൽ)

# ഐക്യദീപം
Aikyadeepam

2016 മെയ് പുസ്തകം 47 ലക്കം 3



രക്ഷാധികാരി
മോസ്റ്റ് റവ. ഡോ. തോമസ് മാർ
കൂറിലോസ് മെത്രാപ്പോലീത്താ

സഹ രക്ഷാധികാരി
മോസ്റ്റ് റവ. ഡോ. ഫീലിപ്പോസ്
മാർ സ്തേഫാനോസ് എപ്പിസ്കോപ്പാ

ചീഫ് എഡിറ്റർ
ഫാ. വർഗ്ഗീസ് ചാമക്കാലായിൽ

പ്രസാധകൻ
തോമസ് കൊടിനാട്ടുകുന്നേൽ
കോർ എപ്പിസ്ക്കോപ്പാ

ഓഫീസ് സ്റ്റാഫ്
എബിൻ തോമസ്

ഉപദേശക സമിതി
മോൺ. ആന്റണി ചെത്തിപ്പുഴ
റവ. ഫാ. ചെറിയാൻ താഴമൺ
റവ. ഫാ. പ്രേമാനന്ദ് ഒ.ഐ.സി.
ശ്രീ. ഷാജി കാരയ്ക്കൽ
പ്രൊഫ. ജേക്കബ് എം. ഏബ്രഹാം
ശ്രീ. ജോമി കലയപുരം
ശ്രീ. ജിജി മുളമൂട്ടിൽ
ശ്രീമതി ലീലാമ്മ കച്ചറയ്ക്കൽ


## ഉള്ളടക്കം




06 ആചാരവും വ്യാപാരവും തിരിച്ചറിയുക
സ്വാമി സന്ദീപാനന്ദഗിരി

09 കേരളത്തിന്റെ ദേശീയ ജാഗ്രത
ഡോ.കെ.എം.വേണുഗോപാൽ

12 വർഗ്ഗീയവത്ക്കരിക്കപ്പെടുന്ന ദേശീയത
റവ. രാജു അഞ്ചേരി

15 പിൻമടക്കം
സി. എലൈസ് മേരി ചേറ്റാനി എഫ്.സി.സി.

19 ഒരു കുറവ്
ഫാ. ജോൺ പടിപ്പുരയ്ക്കൽ

18 ഗുരുസ്മരണ – ഫാ. മാത്യു ചെമ്പോത്തിനാൽ
ഫാ. ചെറിയാൻ താഴമൺ

**സ്ഥിരം പംക്തികൾ**

എഡിറ്റോറിയൽ
ഇടയശബ്ദം
പ്രബോധനം
അമ്മ മനസ്സ്
യൂത്ത് കോർണർ
SHAPE YOUR GOALS
ഉള്ളതുപറഞ്ഞാൽ



Printing at: Dona Offset, Kottayam

Annual Subscription ₹ 120.00
Single Copy ₹ 10.00
Overseas: $40.00 or ₹ 2750

Bank Details :
Chief Editor, Aikyadeepam
Andhra Bank, Tiruvalla 689 101
A/c No. 110110100023901
IFSC. ANDB0001101
SWIFT CODE: ANDBINBB

Designed by :
Prasad P. S.
Greeshma Designs, Kottayam
Ph: 9447304348
gdesignktm@gmail.com

All correspondence regarding Agency and Subscription: Chief Editor, Aikyadeepam Monthly, St. John's Complex , Kacheripady, Tiruvalla-1. Phone: 0469-2600626 E-mail: aikyadeepamtvla@gmail.com



# ആചാരവും വ്യാപാരവും തിരിച്ചറിയുക

കവർ സ്റ്റോറി



**സ്വാമി സന്ദീപാനന്ദഗിരി**

ഒരു ഗ്രാമത്തിനു സംഭവിച്ച മഹാദുരന്തത്തിന്റെ വിട്ടകലാത്ത വേദനയിലാണീ കുറിപ്പെഴുതുന്നത്. കൊല്ലത്തിനടുത്ത് പരവൂരിലെ പുറ്റിങ്ങൽ ദേവീക്ഷേത്രോത്സവത്തോടനുബന്ധിച്ച് നടന്ന മത്സരവെടിക്കെട്ട് പ്രചണ്ഡമായ മനുഷ്യക്കുരുതിയിലേക്കും കോടിക്കണക്കിനു രൂപ വിലവരുന്ന വസ്തുക്കളുടെ നാശത്തിലേക്കും നയിച്ചതിന്റെ ഉത്തരവാദിത്വം ആർക്കെന്ന തർക്കമാണ് നടന്നുകൊണ്ടിരിക്കുന്നത്. മാനവികമല്ലാത്ത ആർഭാടങ്ങളെ, ആചാരാനുഷ്ഠാനങ്ങളുടെ ഭാഗമാണെന്നു തെറ്റിദ്ധരിപ്പിച്ച്, നൂറ്റാണ്ടുകളുടെ പാരമ്പര്യത്തിന്റെ കേമത്തം പറഞ്ഞ് ജനങ്ങളുടെ നിഷ്കളങ്കത മുതലെടുത്ത് ലാഭമുണ്ടാക്കുന്ന ഏവർക്കും ഉത്തരവാദിത്വമുണ്ട് ഈ കൂട്ടക്കുരുതിക്ക്. വെടിക്കെട്ടോ ആന എഴുന്നെള്ളിപ്പോ ഹിന്ദു ക്ഷേത്രാചാരങ്ങളുടെ ഭാഗമല്ല. യുദ്ധോത്സുകരായ രാജാക്കന്മാരും പ്രഭുക്കന്മാരും ഇതൊക്കെ പ്രോത്സാഹിപ്പിച്ചിരിക്കണം. കമ്പക്കെട്ട് മാഫിയകളും ആനലോബികളും ക്ഷേത്രക്കമ്മിറ്റിക്കാരെ സ്വാധീനിക്കുകയും പ്രീതിപ്പെടുത്തുകയും ചെയ്ത് ഓരോ വർഷവും ഇത്തരം പണക്കൊഴുപ്പുകൾ വിപുലമാക്കിക്കൊണ്ടിരിക്കുന്നു. ജനങ്ങളുടെ ആഗ്രഹം, മതവികാരം, ആചാരം എന്നൊക്കെയുള്ള ഘടകങ്ങൾ തൊട്ടാൽ പൊള്ളുന്നവയാണെന്ന് ഇവരൊക്കെത്തന്നെ പ്രചരിപ്പിച്ച് വോട്ടുരാഷ്ട്രീയത്തിന്റെ പിൻബലത്തോടെ അഭീഷ്ടം നടത്തിയെടുക്കുകയാണ്. ഒരു ബലപരീക്ഷ. ആചാരമല്ല, വ്യാപാരമാണ് സമ്പന്നമാകുന്നത്.

കേട്ടിട്ടുണ്ട് അശോകചക്രവർത്തിയുടെ കലിംഗയുദ്ധ കഥകൾ. മനുഷ്യകബന്ധങ്ങളുടെ സാഗരം കണ്ട്, ആ ബീഭത്സദൃശ്യത്തിന്റെ ആഘ്ലാ



തമേറ്റ് തല നേരെ ആയ ചക്രവർത്തിയാണ് അശോകൻ. യുദ്ധവെറി കണ്ട് സമാധാനിയായി ബുദ്ധപക്ഷം ചേർന്ന അശോകൻ ജനങ്ങളുടെ യുദ്ധോത്സുകതയ്ക്കും മത്സരബുദ്ധിക്കും കടന്നുവരാൻ പുതിയൊരു സമാധാനമാർഗം കാണിച്ചതിൽ നിന്നുണ്ടായതാണത്രേ കാളകെട്ടും കുതിരകെട്ടും രഥോത്സവങ്ങളും. ആഘോഷങ്ങളും വിനോദങ്ങളും മനുഷ്യനാവശ്യമാണ്. ഉത്സാഹം ജനിപ്പിക്കേണ്ടവയാണ് ഉത്സവങ്ങൾ. അത് പാടെ ജീവിതത്തിൽനിന്നു മാറ്റിക്കളയുന്നതല്ല ആത്മയീത. ക്ഷേത്രാചാരങ്ങളുടെ ഭാഗമായി ഉത്സവങ്ങൾ നടക്കണം. ജനങ്ങൾ ഒന്നിച്ചുചേരണം, ആഹ്ലാദിക്കണം. കരവിരുതും കലാവിരുന്നും പ്രകടമാക്കണം. ഇതൊക്കെ ഉണ്ടാകുമ്പോഴും ഏവർക്കും ആഹ്ലാദമുണ്ടാകണം എന്നതായിരിക്കണം നിയമം. ഭൂമിക്കും മനുഷ്യനും സകല ജീവജാലങ്ങൾക്കുമുണ്ടാകണം ആഹ്ലാദം. ആഹ്ലാദങ്ങൾ ഒരു ജീവിയുടെയെങ്കിലും പ്രാണവേദനയിൽ അവസാനിക്കാമോ? പരമ്പരാഗത ആചാരങ്ങൾക്കു പരിവർത്തനമുണ്ടാകണം. കാലങ്ങളായി തന്റെ പ്രജകൾ മനസ്സിൽ സൂക്ഷിച്ച യുദ്ധതാല്പര്യവും മത്സരബുദ്ധിയും മറ്റൊരു വഴിക്കു തിരിച്ചുവിടുകയായിരുന്നു അശോകചക്രവർത്തി ചെയ്തത്. ആകാശം മുട്ടുന്ന ആനകളുടെയും കുതിരകളുടെയും തേരുകളുടെയും രൂപങ്ങൾ മനുഷ്യരുടെ കൂട്ടായ യത്നത്തിലൂടെ രൂപമെടുത്തു. ഓരോ ദേശത്തിന്റെയും പുരുഷാരത്തിന്റെ തോളിലേറി താളമേളങ്ങളോടെ അവ ക്ഷേത്രമുറ്റങ്ങളിലേക്ക് കടന്നുവന്നു. കേരളത്തിലെ ക്ഷേത്രങ്ങളിലെ കെട്ടുകാഴ്ചകൾ ഈ ആഘോഷങ്ങളെ പിന്തുടർന്നുവന്നതാണെന്നു പറയപ്പെടുന്നു. അനുകരണീയമായ ചടങ്ങുകൾ.

വെടിക്കെട്ട് അപകടങ്ങളും ആന വിരണ്ടോടലും പാപ്പാന്മാരുടെ നിലവിളികളും  കൊണ്ട് ക്ഷേത്രമുറ്റങ്ങൾ ദുരിതക്കളങ്ങളാകാൻ ഇനിയും നമ്മൾ അനുവദിക്കണോ? എ. ഡി. 850-ൽ മാത്രമാണ് വെടിമരുന്ന് കണ്ടുപിടിച്ചത്. അതിനും എത്രയോ വർഷം കഴിഞ്ഞാവണം വെടിവഴിപാടും മറ്റും ക്ഷേത്രങ്ങളിൽ കടന്നുകൂടിയത്. ദേവതാപ്രീതിക്ക് വെടിക്കെട്ട് വേണമെന്ന ഗൂഢമന്ത്രം  പ്രചരിപ്പിക്കുന്നവർ സമ്മതിക്കുമോ അതിനു മുമ്പ് ദേവതകൾ പ്രീതരായിരുന്നില്ലെന്ന്.

ആചാരങ്ങളും അനുഷ്ഠാനങ്ങളും ജനങ്ങളെ ധാർമ്മികജീവിതത്തിലേക്ക് നയിക്കാനുള്ള പ്രതീകാത്മക ചടങ്ങുകളാണ്. ശാസ്ത്രമായിരിക്കട്ടെ നിനക്കു പ്രമാണം എന്ന് ഭഗവാൻ ഗീതയിൽ നിർദ്ദേശിക്കുന്നു.

ആനയും കരിമരുന്നും ശാസ്ത്രം വിധിച്ചിട്ടില്ല. പ്രമുഖ ആചാര്യന്മാരെല്ലാം അതു സമ്മതിക്കുന്നുണ്ട്. ആചാര്യന്മാരുടെ സമ്മതമില്ലാത്ത ഘടകങ്ങൾ ക്ഷേത്രാചാരമാക്കുന്നതിന്റെ പിന്നിലെ വ്യാപാരലക്ഷ്യമാണ് ജനങ്ങളോട് പറഞ്ഞുകൊടുക്കേണ്ടത്. നൂറ്റാണ്ടുകളായി പിന്തുടർന്നുവന്ന അനവധി അനാചാരങ്ങൾ കാലാനുസൃതമായി പരിഷ്കരിക്കപ്പെട്ടതിലൂടെ പുരോഗമിച്ചവരാണ് മനുഷ്യർ. ലോകമെങ്ങും ഇതിനുദാഹരണങ്ങളുണ്ട്. ഭർത്താവിന്റെ മൃതദേഹത്തോടൊപ്പം എരിയാൻ വിധിക്കപ്പെട്ട സ്ത്രീകൾക്ക് സതി എന്ന ഓമനപ്പേര് നൽകിയിരുന്ന സമൂഹം. സാമൂഹ്യപരിഷ്കർത്താക്കളും നിയമവും ഒന്നിച്ചപ്പോൾ അത് നിർത്തലാക്കി. നരബലിയും ജന്തുബലിയും ക്ഷേത്രങ്ങളിൽ ധാരാളം നടന്നിരുന്നു. പാരമ്പര്യത്തിൽ കടിച്ചുതൂങ്ങുന്നവർക്ക് ഇതൊക്കെ ആവർത്തിക്കാൻ ധൈര്യമുണ്ടോ? അവർണർക്ക് ക്ഷേത്രപ്രവേശനം നിഷേധിച്ചിരുന്നു നൂറ്റാണ്ടുകളോളം. ഇന്ന് ഏതു ജാതിയിൽനിന്നും ദക്ഷിണ കൈനീട്ടിവാങ്ങുന്നില്ലേ പൂജാരിമാർ? കാലത്തിനനുസരിച്ചുള്ളതാവണം ആചാരങ്ങൾ. നൂറോളം ക്ഷേത്രങ്ങൾ സ്ഥാപിച്ച ശ്രീനാരായണ ഗുരു നിർദ്ദേശിച്ചിരുന്നു കരിയും കരിമരുന്നും ക്ഷേത്രങ്ങളിൽ അരുതെന്ന്. പുറ്റിങ്ങൽ ദുരന്തത്തിൽ ആ മഹാഗുരുവിന്റെ ശില്പം തലയറ്റു കിടക്കുന്ന ദൃശ്യം പ്രതീകാത്മകമാണ്. എല്ലാം ഒരുങ്ങിപ്പോയി നടന്നേ തീരൂ എന്ന് വാശിപിടിക്കുന്നവർക്കു മുന്നിലേക്കും ആ ഗുരു മാതൃകയാകുന്നു. ബാല്യവിവാഹം അഥവാ കെട്ടുകല്യാണം എന്ന അനാവശ്യ ചടങ്ങ് നിർത്തിവയ്പിക്കാൻ ഗുരു ഒരു ഗൃഹത്തിലേക്ക് കടന്നുവന്നത് മുഹൂർത്തത്തിനു തൊട്ടുമുമ്പാണ്. സദ്യയുടെയും ഒരു

ക്കങ്ങളുടെയും നടുവിൽ. എന്നിട്ടു നിർദ്ദേശിച്ചു, മതി, ഇനി ഇതുവേണ്ട. ആ ആജ്ഞയ്ക്കുമുന്നിൽ എല്ലാ ഗർവ്വവും അസ്തമിച്ചു. ഒരുങ്ങിപ്പോയല്ലോ അടുത്ത ചടങ്ങിനു മുമ്പാവാം എന്ന് മാറ്റിവച്ചില്ല തന്റെ തീരുമാനം. ധൈര്യത്തിന്റെയും ജ്ഞാനത്തിന്റെയും ആൾരൂപമായിരുന്ന അത്തരം ഗുരുക്കന്മാരുടെ അഭാവം കേരളത്തെ തളർത്തുകയാണിന്ന്.

പുറ്റിങ്ങൽ ക്ഷേത്രദുരന്തത്തിനു തൊട്ടുപിന്നാലെ







വന്ന തൃശൂർ പൂരത്തിൽ ആന എഴുന്നെള്ളിപ്പും വെടിക്കെട്ടും എതിർപ്പുകൾ മറികടന്നു നടന്നു. തൃശൂർക്കാരുടെ വികാരമാണ് കമ്പക്കെട്ട് എന്നാണ് പറഞ്ഞു കേട്ടത്. 40 വർഷമായി തുടർന്നുവരുന്ന കമ്പക്കെട്ട് പുറ്റിങ്ങൽക്കാരുടെയും വികാരമായിരുന്നു. 110 പേരുടെ ബലിയും 400 പേരുടെ ദുരിത ജീവിതവും ആ വികാരത്തിനു സമർപ്പിച്ചിരിക്കുന്നു! മലനടയിലെ കമ്പക്കെട്ടും മലനടക്കാരുടെ വികാരമാണ്. വികാരങ്ങളും മത്സരങ്ങളും അവസാനിപ്പിക്കാനുള്ള വേദിയാണ് ക്ഷേത്രങ്ങൾ. അതിനു നേരെ വിപരീതമായതു നടക്കുമ്പോൾ അതിനെ ന്യായീകരിക്കാൻ രാഷ്ട്രീയ സാമൂഹിക നീതിന്യായ രംഗത്തുള്ള വമ്പന്മാർപോലും ഇടപെടുന്നത് വിചിത്രമായിരിക്കുന്നു. അവശ്യം വേണ്ട യാത്രാവാഹനങ്ങൾ, വസ്ത്രങ്ങൾ, പാലങ്ങൾ എന്നിവയോടു ചേർത്തുവച്ച് ചിലർ കമ്പക്കെട്ടിനെ ന്യായീകരിക്കുന്നു. സാരിക്കു തീപിടിക്കുമെങ്കിൽ സാരി വേണ്ടെന്നു വയ്ക്കുമോ? പാലം ഇടിഞ്ഞുവീഴുന്നതുകൊണ്ട് പാലം വേണ്ടെന്നു വയ്ക്കുമോ? വാഹനാപകടങ്ങൾ ഉണ്ടാകുന്നതുകൊണ്ട് യാത്ര വേണ്ടെന്നു വയ്ക്കുമോ? ഇത്തരത്തിൽ ബാലിശമായ ചോദ്യങ്ങളാണ് ചിലർ ഉന്നയിക്കുന്നത്. ഒരു മഹാദുരന്തത്തിന്റെ മുഖത്തുനിന്നുകൊണ്ട് ഈ വക ന്യായീകരണങ്ങൾ ഉതിർക്കാൻ കുറച്ചൊന്നുമല്ല മനക്കട്ടി വേണ്ടത്! ജനങ്ങളെ ബോധവത്കരിക്കാൻ പ്രാപ്തരായവർ അതിനു മുതിരുന്നില്ല എന്നുമാത്രമല്ല അവിവേകികൾക്ക് കൂട്ടും നിൽക്കുന്നു.

പരമ്പരാഗതമായി പിന്തുടർന്നുവന്ന ആചാരത്തെ ആദ്യം ലംഘിച്ചുകാണിച്ചത് ആ തിരുവമ്പാടിക്കണ്ണനായിരുന്നു എന്നത് ഭക്തർപോലും മറന്നുപോകുന്നു. അർത്ഥശൂന്യമായ ഇന്ദ്രപൂജ നിഷേധിക്കുകയും മഴയ്ക്കായി പൂജിക്കേണ്ടത് പർവതത്തെയാണെന്നു നിർദ്ദേശിക്കുകയും ചെയ്തു ആ കൗമാരക്കാരൻ.

അതീവസുരക്ഷാ മേഖലയായ പത്താൻകോട്ടുപോലും തീവ്രവാദികൾ നുഴഞ്ഞുകയറുന്ന ഇന്നത്തെ അവസ്ഥയിൽ ഈ തീക്കളി ക്ഷേത്രമുറ്റത്തു നടത്തി ദുരന്തം വരുത്തിവയ്ക്കാതിരിക്കേണ്ടതാണ്. ഉത്സവാഘോഷമോ മേളപ്പെരുക്കങ്ങളോ മേൽക്കുമേൽ മോടിയായിത്തന്നെ നടക്കണം. വർണപ്രപഞ്ചം തീർക്കുവാൻ ആധുനിക സാങ്കേതികവിദ്യ ലഭ്യമായിട്ടും നിരോധിത രാസവസ്തുക്കൾ യഥേഷ്ടം ഉപയോഗപ്പെടുത്തി നടത്തുന്ന ഈ സ്ഫോടന മത്സരങ്ങൾക്ക് വിലക്കേർപ്പെടുത്തിയില്ലെങ്കിൽ അത് വലിയ ദുരന്തത്തിലേക്ക് കേരളത്തെ എത്തിച്ചേക്കാം. ■





# കേരളത്തിന്റെ ദേശീയ ജാഗ്രത



**ഡോ. കെ. എം. വേണുഗോപാൽ**

**1964 ൽ കരുനാഗപ്പള്ളിയിൽ ജനനം. കേരള സർവ്വകലാശാലയിൽ നിന്നും സിംബലിസം കവിതയിൽ എന്ന വിഷയത്തിൽ ഡോക്ടറേറ്റ്. വിലാപങ്ങുടെ പുസ്തകം, നരകത്തിലേക്ക് മോഹനമായി നോക്കുമ്പോൾ, സിംബലിസം മലയാള കവിതയിൽ, സഹനം തന്നെ ജീവിതം, അഭിമുഖങ്ങൾ, ഡറിഡയുടെ ഫാർമസി, യുവകവിതക്കൂട്ടം എന്നിവയുടെ ഗ്രന്ഥകർത്താവ്. ഭാഷാപോഷണി എഡിറ്റർ.**

ജനാധിപത്യത്തിന്റെ വഴി ഇന്ത്യ തെരഞ്ഞെടുത്തകാലം മുതൽ അതിനെ സംസ്കരിക്കുവാനുള്ള പരിശ്രമങ്ങൾ നടന്നിരുന്നു. അതിനു ബദലായി ചില രാഷ്ട്രതന്ത്രങ്ങളുടെ വിചിന്തനവും അക്കാലത്ത് സജീവമായിരുന്നു. ചത്തും കൊന്നും പിടിച്ചടക്കിയ മുസോളിനിയുടെയും ഹിറ്റ്ലറുടെയും ഭയപ്പെടുത്തുന്ന കഥകൾ ജനങ്ങളുടെ ബോധത്തിൽ ഉണർന്നുനിന്ന കാലമായിരുന്നു അത്. അന്ന് ദേശീയത ഒരു സംസ്കാരവും നൈതികമായ ജാഗ്രതയുമായിരുന്നു. ദേശീയതയുടെ പാരമ്പര്യസ്വത്ത് മനുഷ്യത്വമാണ് എന്ന തിരിച്ചറിവുമുണ്ടായിരുന്നു.

വറുതിയുടെയും സംഘട്ടനത്തിന്റെയും കാലങ്ങളിൽ നാം പുലർന്നത് മനുഷ്യത്വത്തിന്റെ അഗ്നി ജ്വലിപ്പിച്ചാണ്. ആ വെളിച്ചവും ചൂടും നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന കാലത്താണ് ഇന്ന് നാം ജീവിക്കുന്നത്. ഒരു ജനത എന്ന നിലയിൽ നമ്മുടെ സ്വാർത്ഥതയും ഭീരുത്വവുമാണ് ഇതിനു മൂലകാരണം. മതേതര സങ്കല്പങ്ങൾ നമ്മെ അത്ര രക്ഷിച്ചില്ല. അത് നമ്മുടെ ദേശീയബോധത്തിൽ പലവിധത്തിൽ തുളകൾ വീഴ്ത്തി.

സമൃദ്ധിയിലേക്കുള്ള സഞ്ചാരത്തിൽ മനുഷ്യരുടെ ഒരുപകരണമായി, മാർഗമായി പ്രവർത്തിക്കാനാണ് ഭരണകൂടങ്ങൾ നിർമ്മിതമാ

**മനുഷ്യരുടെ സ്വാതന്ത്ര്യം, അവരുടെ സംസ്കാരം തുടങ്ങിയവ യിൽനിന്ന് ദേശീയതയുടെ സ്വാതന്ത്ര്യം, സ്റ്റേറ്റിന്റെ സംസ്കാരം എന്നിവയ്ക്ക് ഊന്നൽ വന്നു. ഇനി, ഇന്നു ഭരിക്കുന്ന വർ മാറി മറുപക്ഷത്തുള്ളവർ അധികാരത്തിൽ വന്നാലും ഭരണകൂടത്തിന്റെ മൗലിക സ്വഭാവത്തെ നിലനിർത്താനേ ശ്രമിക്കുകയുള്ളൂ.**

യത്. പിടിച്ചടക്കാനുള്ള മാനസിക ഘടനയുള്ള മനുഷ്യർ തന്നെ സംഗതികൾ തിരിച്ചുവിട്ടു. മനുഷ്യൻ ഉപകരണവും ഭരണകൂടം ലക്ഷ്യവുമായി മാറി. ഭരണകൂടം കേന്ദ്രീകൃതവും സർവ്വശക്തവുമായി മാറി. രാഷ്ട്രീയമായ വെല്ലുവിളികൾ ഉണ്ടാകുമ്പോൾ അതിർത്തി സംഘർഷങ്ങൾ രൂക്ഷമാകുന്ന രീതി കോൺഗ്രസ് പ്രധാനമന്ത്രിമാർ തന്നെ തുടങ്ങിവച്ചിരുന്നു. മനുഷ്യരുടെ സ്വാതന്ത്ര്യം, അവരുടെ സംസ്കാരം തുടങ്ങിയവയിൽനിന്ന് ദേശീയതയുടെ സ്വാതന്ത്ര്യം, സ്റ്റേറ്റിന്റെ സംസ്കാരം എന്നിവയ്ക്ക് ഊന്നൽ വന്നു. ഇനി, ഇന്നു ഭരിക്കുന്നവർ മാറി മറുപക്ഷത്തുള്ളവർ അധികാരത്തിൽ വന്നാലും ഭരണകൂടത്തിന്റെ മൗലിക സ്വഭാവത്തെ നിലനിർത്താനേ ശ്രമിക്കുകയുള്ളൂ. ലിഖിത ഭരണഘടന ഇല്ലാത്ത ബ്രിട്ടണിൽ മാത്രമാണ് കുറച്ചെങ്കിലും മാറ്റങ്ങൾ വന്നിട്ടുള്ളത് എന്ന് എം. ഗോവിന്ദൻ ചൂണ്ടിക്കാട്ടിയിട്ടുണ്ട്.

ഏകശാസന ഭരണകൂടങ്ങൾ നിലവിൽ വന്നുകഴിഞ്ഞാൽ ജനാധിപത്യത്തിന്റെ പേരിൽ നടപ്പിലാക്കുന്നതുപോലും അടിച്ചമർത്തലിന്റെ തത്വചിന്തയാകാം. നമ്മുടെ നേതാക്കന്മാർ ജനങ്ങൾക്കുവേണ്ടിയാണ് രാഷ്ട്രീയാധികാരങ്ങൾ പ്രയോഗിക്കുന്നത്. ജനാധിപത്യം പുലരുന്നതിന് പടക്കോപ്പുകൾ നിർമ്മിക്കുന്നു. കാടുചുട്ടെരിക്കുന്നു. വലിയ ഡാമുകൾ പണിയുന്നു. വലിയ തുറമുഖങ്ങൾ, വലിയ പട്ടണങ്ങൾ, വലിയ വ്യവസായ കേന്ദ്രങ്ങൾ – അവിടെനിന്നെല്ലാം സാധാരണ ജനങ്ങളെ ബാരിക്കേഡുകൾ കെട്ടി പുറത്താക്കിക്കൊണ്ടുമിരിക്കുന്നു.

ദേശീയത, രാജ്യസ്നേഹം, രാഷ്ട്രം, നേതാവ് എന്നെല്ലാമുള്ള അഭിമാനങ്ങൾ ഏതു ദിശയിലും ചുഴറ്റാവുന്ന ചാട്ടവാറുകളാണ്. അനിർവചനീയവും അതീതവും ചോദ്യംചെയ്യപ്പെടാത്തതും അലൗകികവുമായ ഒരു പരിവേഷം ദേശത്തിനു ചാർത്തപ്പെടുമ്പോൾ ദേശീയതയും ആപൽക്കരമായി മാറുന്നു. മണ്ണും മലയും മരങ്ങളും മനുഷ്യരും ചേരുന്നതാണ് ദേശം എന്നത് മറന്നുപോകുന്ന ദേശാഭിമാനം ഏതായാലും നമുക്ക് ഗുണകരമല്ല.

മതങ്ങൾക്കെല്ലാം ദൈവമുള്ളതുപോലെ രാഷ്ട്രീയ വിശ്വാസങ്ങൾക്കും ഓരോരോ മൂർത്തികളുണ്ട്. മുതലാളിത്തത്തിന് സമ്പത്തും നാസികൾക്ക് വംശവും അവരുടെ മൂർത്തികളാണ്. അതുപോലെ സമഗ്രാധിപത്യ ഭരണകൂടത്തിന് ദേശീയതയാണ് അവതാരപുരുഷൻ. ഇങ്ങനെ ദൈവികത കല്പിച്ചുകഴിഞ്ഞാൽ അതിനെ എതിർക്കുന്നവർ വേട്ടയാടപ്പെടും. ആർതർ കെസ്‌ലറുടെ പരാജയപ്പെട്ട ദൈവം ഭരണകൂടമാണ്. കിരാതനായ ദൈവമാണ് (savage God) അത്. നന്മ ചെയ്താലും യുദ്ധം ചെയ്താലും അതിനെ പിന്നീട് എതിർക്കാൻ സാദ്ധ്യമല്ല. യുക്തിക്ക് അവിടെ പ്രസക്തിയില്ല. ശക്തിയാണ്



കാര്യം. ഗാന്ധിയുടെ കാലത്ത് ഉണ്ടായ മാതൃഭൂമി എന്ന സങ്കല്പത്തിൽതന്നെ മതപരമായ ഒരംശമുണ്ടായിരുന്നു.

മനുഷ്യചരിത്രത്തിൽ ദൈവം തന്നെ രാഷ്ട്രീയാധികാരങ്ങൾ ഏറ്റെടുത്തിട്ടുണ്ട്. മൂർത്തികൾ സൃഷ്ടിക്കപ്പെട്ടു കഴിഞ്ഞാൽ നമ്മുടെ വിവേചന ശക്തിയിൽ

**ഭൂപടത്തിലെ ഒരടയാളം മാത്രമായി കേരളത്തെ മനസിലാക്കിയ ദേശീയ നേതാക്കന്മാർ ഇവിടെയുള്ളവരുടെ താല്പര്യത്തെ വീണ്ടും കുറച്ചു. കൊളംബോയിൽ പോകുന്ന വഴിയിൽ മദിരാശി വിമാനത്താവളത്തിൽ ഇറങ്ങിയിട്ടുണ്ട് എന്നതല്ലാതെ കേരളവുമായി ഒരു ബന്ധവുമില്ലാത്ത പ്രധാനമന്ത്രിമാർ പോലും നമുക്കുണ്ടായിട്ടുണ്ട്.**

വിശ്വസിച്ച് വളരുന്ന ജനാധിപത്യത്തിന് നിൽക്കക്കള്ളിയില്ലാതാവും. ജാതീയമായ ഉച്ചനീചത്വങ്ങളും അന്ധവിശ്വാസങ്ങളും പാരമ്പര്യത്തിലുള്ള ഇന്ത്യയിൽ ജനാധിപത്യം വീണ്ടും ദുർബമായിത്തീരും.

സ്വാതന്ത്ര്യം കിട്ടിയപ്പോൾ അന്ധവിശ്വാസങ്ങൾ പെട്ടെന്ന് സമൂഹത്തിൽനിന്ന് എടുത്തുമാറ്റപ്പെട്ടു. എന്നാൽ മനുഷ്യരുടെ ഹൃദയത്തിൽനിന്ന് അതിനെ മാറ്റാൻ നവോത്ഥാന നായകന്മാർക്കും കഴിഞ്ഞിട്ടില്ല എന്നു തോന്നിപ്പിക്കും മട്ടിലാണ് പിന്നീട് കാര്യങ്ങൾ നീങ്ങിയത്. വിഭജനത്തിന്റെ രക്തം നമ്മുടെ ജനാധിപത്യബോധത്തിന്റെ വെളുമ്പിൽ പറ്റിപ്പിടിച്ചിട്ടുണ്ട്. ഇന്ത്യ മുഴുവൻ പ്രതിധ്വനിക്കുന്ന ഒരു ദാർശനിക നവോത്ഥാനം ഒരുപക്ഷേ ഉണ്ടായില്ലായിരിക്കാം. ഒരു രാഷ്ട്രം, ഒരു നേതാവ്, ഒരു പാർട്ടി എന്ന മുദ്രാവാക്യത്തിലേക്ക് ഇന്ത്യൻ ഭരണകൂടം എപ്പോഴും അടുത്തുകൊണ്ടിരുന്നു. സമത്വം, സാഹോദര്യം, സ്വാതന്ത്ര്യം എന്നിവ ഉയർത്തിപ്പിടിച്ച എം. എൻ. റോയിയെപ്പോലുള്ളവരെ ദേശീയതയെ ധിക്കരിച്ചതിന്റെ പേരിൽ കോൺഗ്രസ് പുറത്താക്കിയത് ഇവിടെ ഓർമ്മിക്കാം.



ഇന്ത്യൻ ദേശീയതയ്ക്ക് പല അടരുകളുണ്ട്. തെക്കേ അറ്റത്തുള്ള കേരളത്തിൽ ദേശീയതയുടെ വികാരപ്രസരണം താരതമ്യേന ദുർബലമാണ്. ദേശീയതയെ വൈകാരികമായി സമീപിച്ച ഒരു നോവൽ പുസ്തകം നാലഞ്ചു കൊല്ലം മുമ്പ് മലയാളത്തിൽ ഉണ്ടായി. അഷ്റഫ് എഴുതിയ 'ഭാരത പ്രദർശനശാല' തീവ്രമായ ദേശീയ വികാരത്തിൽ എഴുതപ്പെട്ടതാണ്. ഗാന്ധിയൻ സമരകാലത്ത് ഗാന്ധിയെപ്പോലെതന്നെ ജീവിച്ച നട്ടെല്ലുറപ്പും തീവ്രവിപ്ലവബോധവുമുള്ള കേരളീയ മനുഷ്യരുടെ കഥ പറയുന്ന ആ നോവൽ മലയാളത്തിലെ പ്രബുദ്ധ മനസുകളെ അത്ര സ്വാധീനിച്ചില്ല. സ്വാതന്ത്ര്യ സമരകാല സ്വപ്നങ്ങളിൽനിന്ന് യാഥാർത്ഥ്യത്തിലേക്ക് ഉണർന്നപ്പോൾ, മനുഷ്യവിരുദ്ധമായ തീരുമാനങ്ങളിലേക്ക് ഭരണകൂടങ്ങൾ നീങ്ങുന്നത് കണ്ടപ്പോൾ, മലയാള മനസിലുണ്ടായ വികാരശൈത്യമാവാം ഇതിനു കാരണം.

ഭൂപടത്തിലെ ഒരടയാളം മാത്രമായി കേരളത്തെ മനസിലാക്കിയ ദേശീയ നേതാക്കന്മാർ ഇവിടെയുള്ളവരുടെ താല്പര്യത്തെ വീണ്ടും കുറച്ചു. കൊളംബോയിൽ പോകുന്ന വഴിയിൽ മദിരാശി വിമാനത്താവളത്തിൽ ഇറങ്ങിയിട്ടുണ്ട് എന്നതല്ലാതെ കേരളവുമായി ഒരു ബന്ധവുമില്ലാത്ത പ്രധാനമന്ത്രിമാർ പോലും നമുക്കുണ്ടായിട്ടുണ്ട്.

ദേശീയത മാരകമായി മാറുന്നത് മിലിട്ടറി ഇടപെടുമ്പോഴാണ്. നമ്മുടെ ഭാഗ്യത്തിന് സർവ്വാധിപത്യ സ്വഭാവം ഉള്ളതല്ല ഇന്ത്യയുടെ സൈനിക ശക്തി. തെരഞ്ഞെടുപ്പിലൂടെ ഭരണമാറ്റം നടക്കുന്നുവെന്നതാണ് രണ്ടാമത്തെ ആശ്വാസം. സമഗ്രാധിപത്യത്തെ നിരന്തരം പ്രതിരോധിക്കുന്ന റിബൽ സ്വഭാവം നമ്മുടെ എഴുത്തുകാരും ശാസ്ത്രജ്ഞരും ഉൾപ്പെട്ട ബൗദ്ധികലോകം നിരന്തരം പ്രകടിപ്പിക്കുന്നു എന്നതാണ് മൂന്നാമത്തെ ആശ്വാസം. ദേശീയത കരാള സ്വഭാവം പ്രദർശിപ്പിച്ചുകഴിഞ്ഞാൽ അതിനെ താഴെയിറക്കാൻ യുദ്ധങ്ങൾ വേണ്ടിവരും എന്നതാണ് ഏറ്റവും ദുഃഖകരമായ കാര്യം.

ഇന്ത്യയിൽ നടക്കുന്ന സ്വാതന്ത്ര്യസമരത്തെപ്പറ്റി ബ്രിട്ടീഷുകാർ ചിന്തിച്ചുതുടങ്ങിയത് രബീന്ദ്രനാഥ ടാഗോർ നൈറ്റ്ഹുഡ് തിരിച്ചു നൽകിയപ്പോഴാണ്. ബ്രിട്ടീഷ് മാധ്യമങ്ങൾ അതിനെപ്പറ്റി എഴുതിത്തുടങ്ങിയപ്പോഴാണ് സാതന്ത്ര്യം അനുവദിക്കണം എന്നുള്ള മനോഭാവം ബ്രിട്ടീഷ് ഭരണാധികാരികൾക്കും ഉണ്ടായത്. ഈ ജാഗ്രത സൂക്ഷിച്ചാൽ ദേശീയത ഒരു അഭിമാനമായി നമ്മെ പ്രചോദിപ്പിക്കും. അല്ലെങ്കിൽ അന്ധകാരയുഗങ്ങളിലേക്കാവും നമ്മുടെ യാത്ര. ■





# വർഗ്ഗീയ വത്ക്കരിക്കപ്പെടുന്ന ദേശീയത



റവ. രാജു അഞ്ചേരി

കന്യാകുമാരി മുതൽ കാശ്മീർ വരെ വ്യത്യസ്ത മതങ്ങളും ഭാഷകളും സംസ്കാരങ്ങളും പ്രത്യയശാസ്ത്രങ്ങളും ഉൾക്കൊള്ളുന്ന ഒരു ജനസമൂഹത്തെ ഒരുമിച്ച് നിർത്തുന്ന ഒരു മന്ത്രമാണ് ഇൻഡ്യൻ ദേശീയത. 'നാനാത്വത്തിൽ ഏകത്വം' (Unity in diversity) എന്ന് നാം പണ്ടു മുതൽ അഭിമാനിച്ചിരുന്നു. ഇൻഡ്യൻ ദേശീയത രൂപപ്പെട്ടത് നൂറ്റാണ്ടുകളിലൂടെയാണെങ്കിലും അത് ഒരു രാഷ്ട്രീയ പ്രത്യയശാസ്ത്രമായി രൂപപ്പെട്ടത് ഇൻഡ്യൻ സ്വാതന്ത്ര്യസമരത്തോടനുബന്ധിച്ചായിരുന്നു. ഏതെങ്കിലും മതസ്വാധീനത്തിൽ രൂപപ്പെട്ടതായിരുന്നില്ല അത്. ഒരു മതേതര ദേശീയതയാണ് ഇൻഡ്യയിൽ രൂപപ്പെട്ടത്. ഒരു ഹിന്ദുരാഷ്ട്രം എന്ന ലക്ഷ്യത്തോടെ ഹിന്ദുമഹാസഭയും രാഷ്ട്രീയസ്വയം സേവക്കും ശക്തീകരണം നൽകിയപ്പോൾ ദ്വിരാഷ്ട്രവാദം ഉയർത്തി മുസ്ലീം മത ദേശീയതയും ശക്തി ആർജ്ജിച്ചു. അപകടകരമായ ഈ രണ്ട് ചിന്താധാരകളെയും വെല്ലുവിളിച്ചാണ് മതേതര ദേശീയത വളർന്നുവന്നത്.

മതത്തിന്റെ അമിത രാഷ്ട്രീയ ഇടപെടലിനെതിരെ (രാജാക്കന്മാരെ വാഴിക്കാനും നീക്കാനും) യൂറോപ്പിൽ വളർന്നുവന്ന 'സെക്കുലറിസത്തിൽ' നിന്നും വ്യത്യസ്തമാണ് ഇൻഡ്യയിൽ രൂപപ്പെട്ട ദേശീയതയും മതേതരത്വവും. വ്യത്യസ്ത മതങ്ങളും മതന്യൂനപക്ഷങ്ങളും ജാതിയും ഉപജാതിയും വ്യത്യസ്ത പ്രത്യയശാസ്ത്രങ്ങളും (സോഷ്യലിസം, ലിബറലിസം, കമ്യൂണിസം) വ്യത്യസ്ത ഭാഷകളും സംസ്കാരങ്ങളും ഇൻഡ്യൻ മതേതര ദേശീയതയിൽ ഉൾക്കൊണ്ടിരുന്നു. ചുരുക്കത്തിൽ നവോത്ഥാന മതങ്ങളുടെയും മതേതര പ്രത്യയശാസ്ത്രങ്ങളുടെയും സമന്വയമായിരുന്നു ഇൻഡ്യൻ ദേശീയത. ദേശീയ പ്രസ്ഥാനത്തിന് നേതൃത്വം നൽകിയ മധ്യവർഗ (middle class)മായിരുന്നു മതേതര



ദേശീയതയ്ക്കു രൂപം കൊടുത്തത്. ഡോ. അംബേദ്കറുടെ നേതൃത്വത്തിൽ ഇൻഡ്യൻ ഭരണഘടനയ്ക്കു രൂപം നൽകിയതും ഈ മധ്യവർഗം തന്നെയായിരുന്നു. സമത്വം, സാഹോദര്യം, സ്വാതന്ത്ര്യം, നീതി എന്നിവയിൽ അടിസ്ഥാനപ്പെട്ടതും ഭാരതത്തിലെ എല്ലാ ജനവിഭാഗങ്ങൾക്കും തുല്യത ഉറപ്പുവരുത്തുന്നതുമായ ഒരു ആധുനിക സമൂഹം ഭരണഘടനാ ശില്പികൾ സ്വപ്നം കണ്ടു. സെക്കുലർ എന്ന പദം ഭരണഘടനയിൽ കൂട്ടിച്ചേർത്തത് പിൽക്കാലത്താണ്.

ഭരണഘടനയിലെ 14, 15(2), 16(2) എന്നീ വകുപ്പുകൾ ഇൻഡ്യയിലെ എല്ലാ പൗരന്മാർക്കും നിയമത്തിനു മുന്നിൽ തുല്യതയും തുല്യ സംരക്ഷണവും ഉറപ്പുനൽകുന്നു. മതത്തിന്റെ പേരിൽ യാതൊരു വിവേചനവും പാടില്ല. ഭരണഘടനയിലെ 19(1) വകുപ്പിൽ ആശയവിനിമയത്തിനും സംഘാടനത്തിനും, 25–ാം വകുപ്പിൽ സ്വന്തം മനഃസാക്ഷിയനുസരിച്ച് ഏതു മതവും പ്രത്യയശാസ്ത്രവും സ്വീകരിക്കാനും വിശ്വസിക്കാനും ആരാധിക്കാനും പ്രചരിപ്പിക്കാനും സ്വാതന്ത്ര്യം ഉറപ്പുനൽകുന്നു. അതേ സമയം രാഷ്ട്രത്തിന്റെ സാമൂഹ്യക്ഷേമത്തിനുവേണ്ടിയുള്ള നിയമനിർമ്മാണത്തിനും പൊതു താല്പര്യമുള്ള ധാർമികവും പൊതുജനാരോഗ്യവും സംബന്ധിച്ച കാര്യങ്ങളിലും പരിമിതിയും ഉണ്ട്. സ്വാതന്ത്ര്യത്തോടനുബന്ധിച്ചുണ്ടായ ഇൻഡ്യ-പാക് വിഭജനവും, ഹിന്ദു-മുസ്ലീം വർഗീയ സംഘർഷങ്ങളും ഇൻഡ്യ ഒരു ഹൈന്ദവ രാഷ്ട്രം എന്ന ആശയത്തിന് ആക്കം കൂട്ടി. എന്നാൽ ഹൈന്ദവ രാഷ്ട്രത്തിന്റെ വക്താക്കൾ മഹാത്മാഗാന്ധിയെ വധിച്ചു. ആ രക്തസാക്ഷിത്വം ഹൈന്ദവ ഫാസിസത്തിന്റെ മുഖം അനാവരണം ചെയ്തു. ജവഹർലാൽ നെഹ്റുവിന്റെ നേതൃത്വത്തിൽ ഇൻഡ്യൻ രാഷ്ട്രവും ദേശീയതയും 'മതേതരത്വ'ത്തിൽ നങ്കൂരമിട്ടു വളർന്നു.

1925-ൽ കേശവ ബലിറാം ഹെഡ്ഗേവർ രാഷ്ട്രീയ സ്വയം സേവക സംഘം സ്ഥാപിച്ചു. 1940 മുതൽ 1973 വരെ സംഘത്തെ നയിച്ച മാധവ് സദാശിവ ഗോൾവോക്കർ 'നമ്മുടെ ദേശീയത നിർവചിക്കപ്പെടുന്നു' (We or our nationhood defined) എന്നൊരു ഗ്രന്ഥം പ്രസിദ്ധീകരിച്ചു. 1966-ൽ 'ചിന്താസമ്പുടം' (A bench of thought) എന്നൊരു ഗ്രന്ഥവും പ്രസിദ്ധീകരിച്ചു. ഹൈന്ദവ ദേശീയതയുടെ അടിസ്ഥാന ഘടകങ്ങളായി 5 വിഷയങ്ങളാണ് 'നമ്മുടെ ദേശീയത നിർവചിക്കപ്പെടുന്നു' എന്ന ഗ്രന്ഥത്തിൽ ചൂണ്ടിക്കാട്ടുന്നത്. 1. ഭൂമിശാസ്ത്രപരം (രാജ്യം), 2. ജാതിസംബന്ധം (വംശം), 3. മതപരം (മതം), 4. സാംസ്കാരികം (വംശം), 5. ഭാഷാപരം. അടിസ്ഥാനപരമായി ഭിന്നങ്ങളായ വർഗങ്ങളെയും സംസ്കാരങ്ങളെയും ഒന്നിലേക്ക് സ്വാംശീകരിക്കാൻ സാദ്ധ്യമല്ലെന്നും, ജർമനിയിൽനിന്നും സെമറ്റിക് വർഗക്കാരായ ജൂതരെ തൂത്തെറിഞ്ഞതിനെ ന്യായീകരിച്ചുകൊണ്ടദ്ദേഹം വാദിക്കുന്നു. മതം എന്നവകാശപ്പെടാവുന്ന ഒരേയൊരു മതം ഹിന്ദുമതമാണെന്നും അദ്ദേഹം അവകാശപ്പെട്ടു. ഹിന്ദുസ്ഥാൻ അതിന്റെ മേൽപ്പറഞ്ഞ 5 സ്വഭാവ വിശേഷങ്ങൾകൊണ്ട് ഒരു രാഷ്ട്രസങ്കല്പത്തെ പൂർത്തീകരിക്കുന്നു എന്നു പറഞ്ഞുകൊണ്ട് അദ്ദേഹം അവസാനിപ്പിക്കുന്നത് ഇപ്രകാരമാണ്: "ഹിന്ദുസ്ഥാനിൽ നിലനിൽക്കുന്നതും നിലനിൽക്കേണ്ടതും പുരാതനമായ ഹിന്ദുരാഷ്ട്രമാണ്, മറ്റൊന്നുമല്ല. ഹിന്ദു വർഗത്തെ മഹത്വീകരിക്കുകയും ഹിന്ദു രാഷ്ട്രത്തെ തന്റെ ഹൃദയത്തോടു

**ഭരണഘടനയിലെ 19(1) വകുപ്പിൽ ആശയവിനിമയത്തിനും സംഘാടനത്തിനും, 25 –ാം വകുപ്പിൽ സ്വന്തം മനഃസാക്ഷിയനുസരിച്ച് ഏതു മതവും പ്രത്യയശാസ്ത്രവും സ്വീകരിക്കാനും വിശ്വസിക്കാനും ആരാധിക്കാനും പ്രചരിപ്പിക്കാനും സ്വാതന്ത്ര്യം ഉറപ്പുനൽകുന്നു.**

ചേർത്തുവയ്ക്കുകയും അതിനുവേണ്ടിയുള്ള പ്രവർത്തനങ്ങളിൽ ഉത്സുകരാകുകയും ചെയ്യുന്നവർ മാത്രമാണ് യഥാർത്ഥ ദേശഭക്തർ. ദേശക്കാരെന്നു നടിക്കുകയും ഹിന്ദു രാഷ്ട്രത്തിന്റെ സംസ്ഥാപനത്തിന് എതിരായി പ്രവർത്തിക്കുകയും ചെയ്യുന്നവർ വഞ്ചകരും ദേശീയ താല്പര്യത്തിന് എതിരായി പ്രവർത്തിക്കുന്നവരുമാണ്." (We our nationhood defined page 52).

ചുരുക്കത്തിൽ രാഷ്ട്രീയ സ്വയം സേവക് സംഘത്തിന്റെ ചിന്തയിൽ മതങ്ങളുടെയോ സംസ്കാരങ്ങളുടെയോ നാനാത്വത്തിനു യാതൊരു പ്രസക്തിയും ഇല്ല. ഹിന്ദുമതത്തിനു വെളിയിലുള്ളവർക്ക് പൗരന്മാർ എന്ന നിലയിലുള്ള അവരുടെ അവകാശം പോലും ഉന്നയിക്കുവാൻ സാദ്ധ്യമല്ല. ഹിന്ദുമത

ത്തോടു ലയിച്ചുചേരുന്നില്ലെങ്കിൽ അവരുടെ കാരുണ്യത്തിൽ ജീവിക്കുവാൻ മാത്രമേ കഴിയുകയുള്ളൂ. ക്രിസ്ത്യാനികളും മുസ്ലീങ്ങളും മാത്രമല്ല, കമ്മ്യൂണിസ്റ്റുകാരും ഗോൾവോക്കറുടെ ചിന്തയിൽ ഭാരതീയരല്ല. ഹൈന്ദവ മതമെന്ന ചിന്തയിൽനിന്നും ഹൈന്ദവ രാഷ്ട്രം എന്ന ആശയമാണ് രാഷ്ട്രീയ സ്വയം സേവക് മുന്നോട്ടുവയ്ക്കുന്നത്. 1999–ൽ പൊതുതെരഞ്ഞെടുപ്പിൽ അതിനെ 'ഇൻഡ്യയുടെ സാംസ്കാരിക ദേശീയതയെന്നു' ബിജെപി വിശേഷിപ്പിച്ചു. എ. ബി. വാജ്പേയ് ഇൻഡ്യയുടെ പ്രധാനമന്ത്രിയായപ്പോൾ മറ്റു മതങ്ങളോട് ഒരു മൃദുല സമീപനമായിരുന്നു. ഒ. പി. ത്യാഗിയുടെ ബില്ലും, ബാബ്റി മസ്ജിദ് പൊളിച്ചതും, ജനതാപാർട്ടിയുടെയും കോൺഗ്രസിന്റെയും ഭരണകാലത്തായിരുന്നു. 2014 –ലെ തെരഞ്ഞെടുപ്പിൽ രാഷ്ട്രീയ സ്വയം സേവകിന്റെ പിൻബലത്തോടെ നരേന്ദ്രമോദി ഗവൺമെന്റ് അധികാരത്തിൽ എത്തി. ഗ്രഹാം സ്റ്റെയിൻസിനെയും കുട്ടികളെയും ചുട്ടെരിച്ചതും ഒഡീഷ്യയിൽ കന്യാസ്ത്രീകൾ മാനഭംഗത്തിനിരയായതും ബജ്റംഗ് ദളിന്റെ ആശീർവാദത്തോടെയായിരുന്നു.

ഇന്ന് ഘർവാപസിയിലൂടെ ദളിതരും ഗോത്രവർഗക്കാരും ഹിന്ദുമതത്തിലേക്ക് പുനർപരിവർത്തനം ചെയ്യപ്പെടുന്നു. ക്രിസ്ത്യൻ ദേവാലയങ്ങളും സ്ഥാപനങ്ങളും വടക്കെ ഇൻഡ്യയിൽ ആക്രമിക്കപ്പെടുന്നു. ഹൈദ്രബാദിലും ഡൽഹിയിലും സർവ്വകലാശാലകളിൽ ദേശഭക്തി ഹൈന്ദവരാഷ്ട്ര ഭക്തിയായി നിർവചിക്കപ്പെടുന്നു. സ്വതന്ത്ര അഭിപ്രായങ്ങൾ പ്രകടിപ്പിക്കുന്നവർ ദേശവിരുദ്ധരായി മുദ്രകുത്തപ്പെടുന്നു.

## ആദരാഞ്ജലികൾ



**36 വർഷക്കാലം തിരുവല്ല അതിരൂപതയിൽ ശുശ്രൂഷിച്ച ബഹു. ബഹനാൻ ചെറുപാലത്തിങ്കൽ അച്ചന് അതിരൂപതയുടെ ആദരാഞ്ജലികൾ.**

കാമ്പസുകളിൽ ഭിന്നസ്വരങ്ങളെ അടിച്ചമർത്താനും പൗരസ്വാതന്ത്ര്യങ്ങളെ നിഷേധിക്കാനും ഭരണകൂടത്തിന് മടിയില്ല. ഇന്ന് രാജ്യത്ത് ഒരു അപ്രഖ്യാപിത അടിയന്തരാവസ്ഥ നിലനിൽക്കുന്നു.

ഏപ്രിൽ ആദ്യവാരം കോഴിക്കോട് നഗരത്തിൽ മുസ്ലീം വിദ്യാർത്ഥികളുടെ പ്രകടനത്തിൽ 'Down Down Hindutha' എന്ന മുദ്രാവാക്യം വിളിച്ചത്, കോടതിയിൽ എത്തിയ എഫ്.ഐ.ആറിൽ 'Down Down Hindustan' എന്ന് പോലീസ് എഴുതി. കോടതി ദൃശ്യങ്ങൾ പരിശോധിച്ച് അത് തിരുത്തി. കോൺഗ്രസ് ഭരിക്കുന്ന കേരളത്തിലാണിത് സംഭവിച്ചതെന്നത് നമ്മെ വിസ്മയപ്പെടുത്തുന്നു. ബീഫ് നിരോധനം ഭരണഘടന നൽകുന്ന മൗലിക സ്വാതന്ത്ര്യത്തിന്റെ നിഷേധമാണ്. പാവങ്ങളുടെ ആഹാരത്തിനാണ് നിരോധനം. മഹാരാഷ്ട്രയിലെ ദരിദ്ര കർഷകരാണ് ഇതുമൂലം കഷ്ടപ്പെടുന്നത്.

ലോകമെമ്പാടും മതതീവ്രവാദത്തിനു ശക്തി കൂടി എന്നത് സത്യം തന്നെ. ഇസ്ലാമിക രാഷ്ട്രത്തിന്റെ പേരിൽ അരങ്ങേറുന്ന അറുംകൊലകൾ ഹൈന്ദവ ദേശീയതയുടെ വളർച്ചയ്ക്ക് കളം ഒരുക്കിയിരിക്കുന്നു എന്നതും വിസ്മരിക്കരുത്. ഭാവിയിൽ സംഘപരിവാർ ശക്തികൾക്ക് പാർലമെന്റിൽ മൃഗീയ ഭൂരിപക്ഷം ലഭിക്കുകയും ഭരണഘടനാ ഭേദഗതികൾക്ക് സാദ്ധ്യത ഉണ്ടാകുകയും ചെയ്താൽ എന്തു സംഭവിക്കും എന്ന ആശങ്ക മതന്യൂനപക്ഷങ്ങൾക്കിടയിലുണ്ട്. വർഗീയതയും വംശീയതയും വോട്ടു ബാങ്കാക്കി മാറ്റാനാണ് ഹൈന്ദവ ശക്തികളുടെ ശ്രമം. രാമക്ഷേത്ര നിർമ്മാണത്തിനുള്ള പ്രചാരണങ്ങൾ ഇന്ന് ശക്തിപ്പെടുത്തുന്നതിന്റെ ലക്ഷ്യവും അതുതന്നെ.

ജെ.എൻ.യു. വിഷയത്തിൽ കനയ്യകുമാറിനും കൂട്ടുകാർക്കും എതിരെ 'രാജ്യദ്രോഹ'കുറ്റമാണ് ചുമത്തപ്പെട്ടത്. അങ്ങനെ അവർ മുദ്രാവാക്യം വിളിക്കുന്ന ഒരു കൃത്രിമ വീഡിയോ ദൃശ്യങ്ങൾ മാധ്യമങ്ങളിൽ വന്നു. ഭരണകൂടം, മാധ്യമങ്ങൾ, ക്രമസമാധാനം പാലിക്കേണ്ട പോലീസ് ഉദ്യോഗസ്ഥർ ഇവരെല്ലാം വ്യത്യസ്ത അഭിപ്രായങ്ങളെ 'ദേശദ്രോഹ'മാക്കാൻ ശ്രമിക്കുന്നു. വിദ്യാർത്ഥികൾക്ക് ജാമ്യം അനുവദിച്ച കോടതി വിധിയിലും 'ദേശസ്നേഹ'ത്തെക്കുറിച്ച് ആശങ്കപ്പെടുത്തുന്ന പരാമർശങ്ങൾ ജുഡീഷ്യറിയുടെ ഭാഗത്തുനിന്നും ഉണ്ടായി.

ദളിതർ, ആദിവാസികൾ, സ്ത്രീകൾ, ന്യൂനപക്ഷങ്ങൾ ഇവർക്കെതിരെ നടക്കുന്ന എല്ലാ അതിക്രമങ്ങൾക്കും എതിരെ ക്രൈസ്തവ സമൂഹം ശബ്ദം ഉയർത്തണം. ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യ രാജ്യമായ ഇൻഡ്യയുടെ ജനാധിപത്യ മതേതര സ്വഭാവം നിലനിർത്താൻ നമുക്കും ഉത്തരവാദിത്വമില്ലേ? ഒരുപക്ഷെ ഇന്നത്തെ സങ്കീർണ്ണമായ ജാതിമത രാഷ്ട്രീയത്തിന്റെ പശ്ചാത്തലത്തിൽ, മതേതര ദേശീയത നിലനിർത്താൻ നാം കനത്ത വില നൽകേണ്ടിവന്നേക്കാം. നിതാന്ത ജാഗ്രതയാണ് രാഷ്ട്രം നമ്മോട് ആവശ്യപ്പെടുന്നത്. ■



# വീൺമടക്കം



സി. എലൈസ്മേരി
ചേറ്റാനി FCC

ലിയോ ടോൾസ്റ്റോയിയുടെ 'ദ ഡെത്ത് ഓഫ് ഐവാൻ ഇല്ലിച്ച്' എന്ന കഥ വായിക്കുകയായിരുന്നു. താളുകൾ മറിച്ചുപോകുന്നതിനിടയിൽ ഭൂത വർത്തമാനങ്ങളുടെ നിറഭേദങ്ങൾ നൃത്തം ചെയ്യുന്ന വാർധക്യ മനസ്സുകളെ ക്കുറിച്ചാണ് ഓർമിച്ചത്. കഥയിൽ നായകന് ഉണ്ടാകുന്ന മാരകരോഗം അയാളെ മരണവുമായി അടുപ്പിക്കുന്നു എന്നു മാത്രമല്ല, പിന്നിട്ട വഴികളി ലേക്കുള്ള ഒരു തിരിഞ്ഞു നോട്ടത്തിന് പ്രേരിപ്പിക്കുന്നുമുണ്ട്.

വാർധക്യത്തിലെത്തിയവരും ഏതാണ്ട് ഇതേ അവസ്ഥയിലാണെന്നു പറയാം. ആയുസ്സിന്റെ പാളങ്ങൾ താണ്ടി ജീവിതപ്പാതയുടെ അവസാന ത്തിൽ കിതപ്പ് അനുഭവപ്പെടുന്ന യാത്രികൻ താൻ കടന്നുപോന്ന വഴിക ളിലേക്കും അനുഭവങ്ങളിലേക്കും മനസ്സുകൊണ്ട് മെല്ലെ പിന്തിരിയുന്ന കാലമാണത്. എന്നോ വിട പറഞ്ഞുപോന്ന തറവാട്ടിലേക്ക് തിരികെ പോകുംപോലെ മനസ്സുകൊണ്ടൊരു മടക്കയാത്ര. വാർധക്യത്തിൽ സംഭ വിക്കുന്നതതാണ്. പ്രായമായവരെ ശ്രദ്ധിച്ചിട്ടുണ്ടോ. കാലമെത്ര കഴി ഞ്ഞാലും ചില ഓർമകൾക്ക് വയസ്സാകുന്നതേയില്ലെന്നു തോന്നിയിട്ടില്ലേ. ജീവിതത്തിന്റെ നാൾവഴികളും നാഴികക്കല്ലുകളുമൊക്കെ അവരുടെ ഓർമ കളിലുണ്ട്. ശരീരത്തിന് ജരാനരകൾ ബാധിക്കുമ്പോഴും, 'ഓർമകൾക്കില്ല ചാവും ചിതകളും/ഊന്നുകോലും ജരാനരകളും'(വിജയലക്ഷ്മി) എന്നതാണ് യാഥാർഥ്യം.

അത്ഭുതകരമായ സംഗതി ഇതാണ്. ജീവിക്കുമ്പോൾ ഭാവിയെക്കു റിച്ചു മാത്രമാണ് നമ്മൾ ചിന്തിക്കുക. എന്നാൽ ജീവിതത്തിൽനിന്നു വിര മിക്കാറായി എന്നു തോന്നുമ്പോഴാകട്ടെ വർത്തമാനകാലത്തെക്കുറി ച്ചുപോലുമല്ല, കഴിഞ്ഞ കാലത്തെക്കുറിച്ചാണ് വീണ്ടും വീണ്ടും ഓർമി ക്കുക. യൗവനം മുന്നോട്ടു നോക്കുന്നു വാർധക്യം പിന്നോട്ടും എന്ന് പഴ മൊഴി ഓർമിപ്പിക്കുന്നതും വാർധക്യം ഭൂതകാലത്തിൽ ജീവിക്കുന്നു എന്നു തന്നെയാണ്. മങ്ങിത്തുടങ്ങിയ സ്മൃതിലോകത്തിൽ പ്രായത്തെ തോൽപി ക്കുന്ന ഊർജമായി ഇന്നലെകളും ബന്ധങ്ങളുമൊക്കെ തെളിയു ന്നതുകൊണ്ടാണ് വാർധക്യം സകലതിനെയും ഓർമപ്പെടുത്തും എന്നു പറയുന്നത്. ജീവിതമെന്തെന്നറിയുന്നതും മനസ്സിൽ മറഞ്ഞുകിടക്കുന്ന ചില അമൂല്യനിധികൾ കണ്ടെത്തുന്നതും അപ്പോഴാണെന്ന് തോന്നുന്നു. ഒരു പക്ഷേ, രണ്ടറ്റവും കൂട്ടിമുട്ടിക്കാനുള്ള ഓട്ടത്തിനിടയിൽ തീർത്തും നേരം കിട്ടാതെ പോയൊരു കാര്യവും അതായിരുന്നിരിക്കാം.

ആഗ്രഹിച്ചാലും ഇല്ലെങ്കിലും കടന്നുപോന്ന ലോകത്തേക്ക് ജീവനോടെ കൊണ്ടുപോകുന്ന ഓർമകളെ അവഗണിക്കാനാവില്ലെന്നത് വാർധക്യ ത്തിന്റെ പ്രത്യേകതയാണ്. അന്നോളം ഒരാൾ കാണുകയും കേൾക്കുകയും

അനുഭവിക്കുകയും ചെയ്ത കാര്യങ്ങൾ തലച്ചോറിൽ ചില കോറലുകൾ അവശേഷിപ്പിക്കുന്നുണ്ട്. അതുകൊണ്ടുതന്നെ മനസ്സിലേക്കു നോക്കുമ്പോൾ പോയ കാലത്തിന്റെ ദൃശ്യം കാണാതെ വരില്ല. പുഴപോലെ തണുപ്പിക്കുകയും കനലുപോലെ പൊള്ളിക്കുകയും ചെയ്യുന്ന എത്രയോ ഓർമകളുണ്ടാവും ഒരാളുടെ മനസ്സിന്റെ ശേഖരത്തിൽ. 'നിറങ്ങൾ തൻ നൃത്തം ഒഴിഞ്ഞൊരീ മണ്ണിൽ മറഞ്ഞ സന്ധ്യകൾ പുനർജനിക്കുമോ' (ഒ.എൻ.വി.) എന്നത് കർമവഴികളിൽനിന്ന് മെല്ലെ പിൻവാങ്ങുന്ന ഏതൊരാളുടെയും സ്വപ്നമാണെന്നു പറയാം. കാരണം വ്യത്യസ്തമായ അനുഭവങ്ങളുടെ സ്പന്ദനങ്ങൾ തിരിച്ചറിയുക എന്നത് ഒരു നൂറായിരം കണ്ണാടിപ്പൊട്ടുകൾ കണ്ടെത്തുന്നതുപോലെ മനോഹരമാണ്. നാം തിരിച്ചറിഞ്ഞാലും ഇല്ലെങ്കിലും വർത്തമാനകാലത്തിന്റെ വിരസതകളിൽനിന്ന് ഒരാളെ താങ്ങി നിർത്തുന്ന ഇത്തരം ഓർമകൾ വാർധക്യത്തിന് നൽകുന്ന മാസ്മരികതയും ഉന്മേഷവും വലുതുതന്നെ.

കടന്നുപോയ അനർഘനിമിഷങ്ങളുടെ ഓർമ ശിഷ്ടജീവിതത്തെ കൂടുതൽ ബലപ്പെടുത്തുന്നുവെന്നു മാത്രമല്ല ആത്മീയവും വൈകാരികവുമായി ഊർജം നിറയ്ക്കുന്ന അനുഭവവുമാണ്. വാർധക്യത്തിന് പുതിയ മാനവും ഭാഷ്യവും നൽകുന്ന ആത്മാവിന്റെ തീർഥയാത്രയെന്ന് വിശേഷിപ്പിച്ചാലും തെറ്റില്ല. ഓർമയുടെ വീശുമുറംകൊണ്ട് അനുഭവങ്ങളിലെ കതിരും പതിരും തിരിക്കുന്ന അതിമനോഹരമായൊരു പ്രക്രിയയാണ് പ്രായമായവരുടെ മനസ്സിൽ സംഭവിക്കുന്നത്. അതുകൊണ്ടുതന്നെ ഇന്നലെകൾ ശരിക്കും ഒരു പാഠശാലയാവുകയാണ് മനസ്സിന്റെ ഈ മടക്കയാത്രയിൽ. ആനന്ദത്തിന്റെയും തൃപ്തിയുടെയും പാഠങ്ങൾ പഠിക്കുന്ന പാഠശാല. വാർധക്യത്തെ മഹത്വമുള്ളതാക്കുന്നതും ഇതാണ്.

വാർധക്യം ഒരു പർണശാലയാണെന്ന് കുമ്പസാരംപോലെ ഏറ്റുപറഞ്ഞ പ്രിയമുള്ള ഒരു വയോധികയെ ഓർമിക്കുന്നു. എത്ര ശരിയാണത്! സ്വയം പരിശോധിച്ചും ആത്മവിമർശനം നടത്തിയും ആധ്യാത്മികതയോടടുത്ത വിചാരധാരയിൽ ഒരാൾ തന്നെത്തന്നെ കണ്ടെത്തുന്നതിനെ മറ്റെങ്ങനെ വിശേഷിപ്പിക്കാനാണ്. വന്ന വഴികളെയും ഭൂതകാലത്തെയും ഓർമകളിലൂടെ പിടിച്ചെടുക്കുമ്പോൾ അതൊരുതരം ആത്മാന്വേഷണം തന്നെയാകാതെ വരില്ല. അനുഭവങ്ങളുടെ ആഴങ്ങളിലേക്ക് ഊളിയിടുമ്പോൾ ഉജ്വലമായ അനുഭവങ്ങളാൽ സമ്പന്നമാണ് ജീവിതമെന്ന് കണ്ടെത്തുന്നതോടൊപ്പം നമ്മുടെ ന്യൂനതകളും അപാകങ്ങളുംകൂടി തിരിച്ചറിയപ്പെടുന്നുണ്ട്. ചില അനുഭവങ്ങളുടെ സ്മരണകളാകട്ടെ മനസ്സുകൊണ്ടെങ്കിലും മാപ്പു പറയാൻ പ്രേരിപ്പിക്കുകയും ചെയ്യും. ദൈവത്തോട്, മനുഷ്യരോട്, പ്രകൃതിയോട്, കാലത്തോട് ഒക്കെ. ഇത് ആത്മാവിനു നൽകുന്ന തണുപ്പും സ്വസ്ഥതയും പറഞ്ഞറിയിക്കാനാവില്ല.

വാർധക്യത്തിൽനിന്ന് പുറകോട്ടു നടന്ന് യൗവനവും കൗമാരവും പിന്നിട്ട് ബാല്യസ്മൃതികളിൽ ജീവിക്കുന്നത് തീർച്ചയായും മറവിരോഗം ബാധിച്ചവർ മാത്രമൊന്നുമല്ല. പ്രായമായവരുടെ സംസാരം തെല്ലുനേരം ശ്രദ്ധിച്ചാലറിയാം കഴിഞ്ഞകാല ജീവിതത്തിന്റെ ഘടികാരം എത്ര സജീവമായിട്ടാണ് അവരുടെ മനസ്സിൽ സ്പന്ദിക്കുന്നതെന്ന്. ആത്മാരാധനയെന്ന് പറയാനാവില്ലെങ്കിലും പ്രായമായവർ തങ്ങളെക്കുറിച്ച് ഏറെ ചിന്തിക്കുന്നുണ്ട്. തങ്ങൾ നേരിട്ട പ്രതിസന്ധികൾ, നേടിയെടുത്ത വിജയങ്ങൾ അങ്ങനെയങ്ങനെ ജീവിതത്തിന്റെ പച്ചയായ യാഥാർഥ്യങ്ങളിൽ വീണ്ടും വീണ്ടും ജീവിക്കുകയാണവർ. ഓർമകളുടെ വെൺമേഘച്ചിറകിലേറി കഴിഞ്ഞുപോയ പ്രതാപകാലത്തേയ്ക്കുള്ള സഞ്ചാരം. തങ്ങൾ ചെയ്ത നല്ല കാര്യങ്ങൾ ആവേശത്തോടെ എണ്ണിയെണ്ണി പറയുന്ന വൃദ്ധജനങ്ങളെ പരിഹസിക്കേണ്ടതില്ല. അതവരുടെ ജീവവായുവാണെന്ന് കരുതിയാൽ മതി. ശരീരത്തിന്റെയും മനസ്സിന്റെയും തളർച്ചകളിൽ കുറെപ്പേർക്കെങ്കിലും ആശ്വാസം പകരുന്നത് അനന്യമായ ഈ പിന്മടക്കമാണ്.



എന്തൊക്കെയായാലും ഒരുകാര്യം സമ്മതിച്ചേ പറ്റൂ. ഓർമകളിലൂടെയുള്ള ഈ സഞ്ചാരത്തിന്റെ സവിശേഷതകളെ വിശദീകരണത്തിലൊതുക്കാനാവില്ല. മനുഷ്യന്റെ സമനിലയെ പിടിച്ചു നിർത്തുന്നതും വിശദീകരണങ്ങൾക്ക് അതീതവുമായ എന്തോ ഒന്നുണ്ടതിൽ. നിർണായകമായ പല അനുഭവങ്ങളും മനസ്സിൽ അവശേഷിപ്പിച്ചിരിക്കുന്നത് ധൈര്യവും പ്രത്യാശയും പ്രതീക്ഷയുമാണെന്ന തിരിച്ചറിവ് ആത്മാവിൽ പുതിയൊരു ശക്തി നിറയ്ക്കാതെ വരില്ല. അതുകൊണ്ടാണല്ലോ 'അനുഭവങ്ങളേ നന്ദി' എന്നൊക്കെ ഒരാൾ ഏറ്റുപറയുന്നത്. വൈക്കം ചന്ദ്രശേഖരൻ നായരുടെ ആത്മകഥയുടെ പേരതാണ്. നിശ്ചയമായും കഴിഞ്ഞുപോയ ജീവിതത്തോടുള്ള ഒരാളുടെ ആദരവാണത്. ഭൂത

കാലത്തിന്റെ പച്ചപ്പിലാണ് വാർധക്യം പുഷ്പിക്കുന്നതെന്നു പറയുന്നതുതന്നെ കാര്യം. അവശതകൾ ഏറെ അനുഭവിക്കുമ്പോഴും ഇന്നിൽനിന്നുള്ള തിരിഞ്ഞുനോട്ടം വാർധക്യത്തിന്റെ കരുത്തും സമാധാനവുമാകുന്നതങ്ങനെയാണ്.

കഠിനമായ ഏകാന്തതയിലേക്കോ ശൂന്യതയിലേക്കോ ചാഞ്ഞുപോകാതെ ജീവിതത്തെ ഹൃദയപൂർവം സ്വീകരിക്കാൻ പഴയകാല ഓർമകൾക്കുള്ള പങ്ക് വളരെ വലുതാണ്. ആത്മബോധവും ആദരവും തെളിഞ്ഞു നിൽക്കുന്ന ഒരു ജീവിതവീക്ഷണം രൂപപ്പെടുത്താൻ കഴിഞ്ഞതുകൊണ്ടായിരിക്കാം, 'ചിന്താലോകങ്ങളിലെ സഞ്ചാരമാണ്' തന്നെ വാർധക്യത്തിലും ജീവിപ്പിക്കുന്നതെന്ന് വൈലോപ്പിള്ളി എഴുതിയത്. അനുഭവങ്ങൾ ഏതുതരത്തിലുള്ളതാണെങ്കിലും അവയോടൊക്കെയും ആദരവു നിറഞ്ഞൊരു സമീപനം പുലർത്തുന്നവർക്ക് ഒടുവിൽ



പറയാനുള്ളത് ഇതുതന്നെയാകും, 'എല്ലാം നന്നായിരിക്കുന്നു.' സൃഷ്ടികർമത്തിനുശേഷം ദൈവം പറഞ്ഞതും അതാണെന്നോർക്കണം. നമ്മൾ സൃഷ്ടിച്ചെടുക്കുന്ന നമ്മുടെ സ്വന്തം ജീവിതത്തെ നോക്കി ഒടുവിൽ എന്തായിരിക്കും നമുക്ക് പറയാനുണ്ടാവുക എന്ന് ചിന്തിച്ചിട്ടുണ്ടോ?

ഉള്ളതുപറഞ്ഞാൽ ഈ തിരിഞ്ഞുനോട്ടത്തിന് ചില ഗുണങ്ങളുണ്ടെന്നത് അംഗീകരിക്കുമ്പോൾ തന്നെ അത് ചില ഉത്തരവാദിത്തങ്ങളും ഓർമിപ്പിക്കുന്നുണ്ട്. ജീവിതാനുഭവങ്ങൾ ഹൃദയത്തിൽ എന്ത് അവശേഷിപ്പിക്കുന്നുവെന്നതാണ് അതിലൊന്ന്. എന്നുവെച്ചാൽ ഒരാൾ തന്റെ ജീവിതത്തെ എങ്ങനെ ജീവിച്ചു തീർക്കുന്നു അല്ലെങ്കിൽ അനുഭവങ്ങളെ എങ്ങനെ സ്വീകരിക്കുന്നു എന്നത് തീരെ നിസ്സാരമായി തള്ളിക്കളയേണ്ട ഒന്നല്ലെന്നർഥം. അതുകൊണ്ടുതന്നെ കൂടെപ്പോന്ന ഓർമകളിലൂടെയുള്ള ഈ പിന്മടക്കം ഒരു വിരുന്നിന് തുല്യമെന്നു വിശേഷിപ്പിക്കാവുന്നതാണ്. അധ്വാനത്തിന്റെ സ്വേദകണങ്ങളും വിയർപ്പിന്റെ ഉപ്പും വിജയത്തിന്റെ മധുരവും പരാജയങ്ങളുടെ ചവർപ്പുമൊക്കെ അവിടെയുണ്ട്. ഓർമിക്കുക. ജീവിതമെന്ന അപ്പക്കല്ലിൽ ചുട്ടെടുത്ത അപ്പത്തിന്റെ രുചി ഒരാൾ ശരിക്കും അനുഭവിച്ചറിയുന്നത് വാർധക്യ കാലത്താണ്.

ഉവ്വ്, ഒരാളുടെ ജീവിതത്തെ അസാധാരണമായ വിധത്തിൽ വിചാരണ ചെയ്യുന്നുണ്ട് വാർധക്യകാല ഓർമകൾ. അനുഭവങ്ങളെ മുഖത്തോടുമുഖം നോക്കുന്ന ഒരുതരം ധ്യാനമെന്നു പറഞ്ഞാലും തെറ്റില്ല. ചിലപ്പോൾ മനസ്സിൽനിന്ന് ഒരു ഭാരം ഇറങ്ങിപ്പോയതുപോലെ തോന്നുമെന്നു മാത്രമല്ല ആത്മാവിൽ നിറയുന്ന സമാധാനത്തിന്റെ ഒരനുഭവംകൂടിയാകുമത്. ശാന്തിയുടെ ഉത്തുംഗത്തിലേക്കു കൂട്ടിക്കൊണ്ടു പോകുന്നതുപോലെ ആത്മാവിൽ നിറയുന്ന സ്വസ്ഥതയ്ക്കു പകരം വെക്കാൻ മറ്റൊന്നുമില്ലെന്നതാണ് വാസ്തവം. ജീവിതത്തെ നിലനിർത്തുന്ന ഊർജത്തിന്റെ പൊൻപരാഗങ്ങൾതന്നെയാണ് അനുഭവങ്ങളിലൊക്കെയും ഉണ്ടായിരുന്നതെന്നു കണ്ടെത്തുമ്പോൾ അതങ്ങനെയാകാതെ വരില്ല.

എന്തായാലും സ്വാനുഭവങ്ങളിലൂടെയുള്ള രണ്ടാം യാത്ര മനസ്സിലെ മാലിന്യങ്ങളെ ശുദ്ധീകരിച്ച് ഒരു പരിധിവരെയെങ്കിലും വ്യക്തികളെ ആന്തരികശുദ്ധിയുള്ളവരാക്കുമെന്നതിന് രണ്ടുപക്ഷമില്ല. നേരിട്ട അവഗണനകളും അനുഭവിച്ച കയ്പുകളുമൊക്കെ കാലക്രമേണ ഒരു രൂപാന്തരത്തിന് വിധേയമാകുന്നതുകൊണ്ടാണത്. ഒരുകാലത്ത് അംഗീകരിക്കാൻ പറ്റാതിരുന്ന പല അസഹിഷ്ണുതകളെയും ഉൾക്കൊള്ളാൻ പാകംവന്ന മനസ്സിനു കഴിയുമെന്നത് വാർധക്യകാലത്തെ കൂടുതൽ സ്വസ്ഥമാക്കുന്ന കാര്യമാണ്. ചില ഘട്ടങ്ങളിൽ അനുഭവിച്ച മാനസികസംഘർഷമൊക്കെ അതിജീവിച്ചതെങ്ങനെയെന്ന് ഇന്നുമറിയില്ലെന്ന് അടുത്തകാലത്ത് ഒരു വയോധികൻ പങ്കുവയ്ക്കുകയുണ്ടായി.

വാർധക്യത്തിന്റെ വരദാനമെന്ന് ഓർമകളെ വാഴ്ത്തുമ്പോഴും ഒരു കാര്യം ശ്രദ്ധിക്കേണ്ടതുണ്ട്. ഓർമകളുടെ ഉൾഅടരുകളിൽ ഒരാൾ കണ്ടെത്തുന്നത് അയാളുടെ ജീവിതത്തിന്റെ ഭാഗ്യമോ ഭാരമോ ആയി മാറാം. സത്യംപറഞ്ഞാൽ ജീവിതം കൊണ്ട് ഒരാൾ എന്തായിത്തീരുന്നു എന്നത് അതുകൊണ്ടുതന്നെ വളരെ പ്രധാനപ്പെട്ട കാര്യമാണ്. വാർധക്യത്തെ പ്രസാദമായൊരനുഭവമാക്കാൻ എല്ലാവർക്കുമൊന്നും സാധിക്കാത്തതിനു കാരണവും മറ്റൊന്നല്ല. സ്വന്തം ജീവിതത്തെയും മനസ്സിനെയും വെടിപ്പാക്കി സൂക്ഷിക്കാൻ ശ്രദ്ധിക്കുന്നവർക്ക് ഭൂതകാലത്തിന്റെ ചെപ്പിൽനിന്നെടുക്കുന്നതൊക്കെയും തനിതങ്കമായി തോന്നും. നിസ്സഹായതയിലേക്കും തീവ്രദുഃഖത്തിലേക്കും നയിക്കുന്ന യാഥാർഥ്യങ്ങളെ പോലും വിവേകപൂർവം സ്വീകരിച്ച് നന്മകളുടെ കളി

ത്തൊട്ടിലും വളർത്തുഭൂമിയുമാക്കി മാറ്റാൻ കുറച്ചുപേർക്കുമാത്രം കഴിയുന്നതിന്റെ രഹസ്യവു മതാണ്. ഇത് വെറുതെ കിട്ടുന്നൊരു അനുഭവമല്ല. ചില ഹോംവർക്കുകൾ ജീവിതകാലത്തുതന്നെ കൃത്യമായി ചെയ്യേണ്ടതുണ്ട്.

നീണ്ട വർഷങ്ങളിലെ ദൂരങ്ങൾക്കിടയിൽ ചിത റിക്കിടക്കുന്ന ഓർമകളിലേക്കെത്തുമ്പോൾ ഓരോ അനുഭവവും ജീവിതത്തെ കൂടുതൽ മനോഹരവും ഹൃദ്യവുമാക്കണമെന്നതാണ് ഓർമകളുടെ സൗന്ദ ര്യശാസ്ത്രം. ചില അനുഭവങ്ങളുടെ സ്മരണകളിൽ ആത്മാവിലേക്ക് ഒരു വെളിച്ചം കുത്തിയൊലിക്കുന്ന തുപോലെ തോന്നുമെന്ന് പങ്കുവെച്ച ഒരപ്പച്ചനെ ഓർക്കുന്നു. ശരീരംകൊണ്ട് അവശരെങ്കിലും മന സ്സുകൊണ്ട് വേഗവും ദൂരവും താണ്ടുന്ന ഈ ഓർമ കളെങ്കിലും കൂട്ടിനുള്ളതാണല്ലോ പലരുടെയും ജീവിതത്തെ ജീവനുള്ളതാക്കുന്നത്. മധുരിക്കും ഓർമകളേ... എഴുപതോ എൺപതോ വർഷം ജീവിച്ച ജീവിതത്തിലേക്ക് തിരിഞ്ഞു നോക്കു മ്പോൾ അത് നൽകുന്ന ആനന്ദവും ആത്മവി ശ്വാസവും ഇത്ര വിലപ്പെട്ടതെങ്കിൽ ഇന്നത്തെ ജീവിതം ഇങ്ങനെയൊക്കെ മതിയോ?

ഓർമകളുടെ ചാരുകസേരയിലേക്ക് ചാഞ്ഞിരി ക്കുമ്പോൾ കഴിഞ്ഞുപോയ ജീവിതത്തെ എങ്ങനെയൊക്കെയാകാം ഒരാൾ വായിച്ചെടു ക്കുന്നത്. 'എന്നേ മനസ്സു നരച്ചു, ഇന്നോ ശിരസ്സും നരച്ചു. എല്ലാ മുറിവുമുണങ്ങി, എല്ലാം വടുക്കളായ് മാറി' (ബാലചന്ദ്രൻ ചുള്ളിക്കാട്) എന്നതായി രിക്കുമോ അവസ്ഥ. അനുഭവങ്ങളുടെ ഋതുഭേദ ങ്ങളിൽനിന്ന് ചുട്ടെടുത്ത അപ്പം വാർധക്യകാലത്ത് ആത്മാവിന് പോഷണമായി മാറുന്നില്ലെങ്കിൽ എത്ര ദുസ്സഹമായിരിക്കുമത്. കാരണം അനുഭവങ്ങ ളിൽനിന്ന് ആയിരം കാതം മുന്നോട്ടു പോന്നെങ്കിലും ഓർമ തിടംവെക്കുന്ന കാലമാണത്. ഓർമകളുടെ തന്ത്രികളിൽനിന്ന് ഒഴുകി വരുന്നത് ആനന്ദവും സ്വാസ്ഥ്യവുമൊന്നുമല്ല എന്ന് തിരിച്ചറിയുന്ന ഏതൊ രാളെ സംബന്ധിച്ചും വാർധക്യം കഠിനമാകാതെ വയ്യ. ഓർത്തു നോക്കൂ. പച്ചയായ അനുഭവങ്ങളുടെ അങ്കിയും അലങ്കാരങ്ങളും മാറ്റിയാൽ ബാക്കി എന്തുണ്ട് നമ്മുടെ മനസ്സിൽ?

ജീവിതത്തിൽ സംഭവിക്കുന്നവയെന്തെന്ന് ബോധപൂർവം തിരിച്ചറിയണമെന്നത് ഏതൊരാളു ടെയും മുന്നിലുള്ള സാധ്യതയാണ്. എന്തായാലും സ്നേഹം തളിരിടുകയും കൊഴിഞ്ഞു വീഴുകയും ചെയ്ത അനുഭവങ്ങളൊക്കെയും നിറവാർന്ന ജ്ഞാനത്തിലേക്കായിരിക്കണം ഒരാളെ കൊണ്ടുചെ ന്നെത്തിക്കേണ്ടത്. ആരെയുംപറ്റി തിന്മ പറയാതി രിക്കാനും സൗമ്യത പുലർത്താനും എല്ലാ മനുഷ്യ രോടും തികഞ്ഞ മര്യാദ പ്രകടിപ്പിക്കാനും (തീത്തോ 3,2) തങ്ങളുടെ ജീവിതകാലം മുഴുവൻ ശ്രദ്ധിക്കു കയും ഇളംതലമുറയ്ക്ക് മാതൃക നൽകുകയും ചെയ്തവരൊക്കെ പേരിടാനാവാത്ത ശാന്തതയിലേ ക്കും ശാന്തിയിലേക്കും പ്രവേശിക്കുന്നത് അങ്ങ നെയാണ്. കാലം നര വീഴ്ത്തിയ ചിലരുടെ യെങ്കിലും ജീവിതം നരച്ച തലമുടിയെക്കാൾ വെണ്മ യുള്ളതാകുന്നതിനു കാരണവുമതാണ്. എല്ലാത്തരം അനുഭവങ്ങളെയും സ്നേഹമെന്ന ഉരകല്ലിൽ ഉരച്ച് തിളക്കമുള്ളതാക്കാൻ അവർക്കു കഴിഞ്ഞിരിക്കുന്നു.

ജീവിതമൊരു ബലിപീഠമെന്നും തന്റെ ജീവനും ജീവിതവുമാണ് ബലിവസ്തുക്കളെന്നും യഥാസമയം തിരിച്ചറിയുന്നവരുടെ ഓർമകളിൽ നിറയുന്ന സുഗ ന്ധം ഒരാശീർവാദംപോലെ അവരുടെ സായന്തന കാലത്തെ ചാരുതയുള്ളതാക്കും. അതുകൊണ്ടു തന്നെ ജീവിതത്തിന്റെ ബ്ലാക് ആന്റ് വൈറ്റ് പകുതി എന്നു വിശേഷിപ്പിക്കാറുള്ള വാർധക്യം അവർക്ക് ഭീതിയോടെ നോക്കിക്കാണേണ്ട ഒരവസ്ഥ യാകുന്നില്ല. അവരെ സംബന്ധിച്ച് വാർധക്യകാല ഓർമകൾ തങ്ങളുടെ ആത്മാവിനെ ചൂഴ്ന്നുനി ല്ക്കുന്ന സ്നേഹപരിവേഷം ജീവിതവഴികളെ പ്രകാ ശിപ്പിക്കുന്ന അനുഭവമാകും.

വാർധക്യകാല ഓർമകളെക്കുറിച്ച് ഇങ്ങനെ യൊക്കെ വിചാരിക്കുമ്പോഴും ഒരു നിരാലംബ ജീവി തത്തിന്റെ വ്യഥയും വ്യാകുലതയും പല വൃദ്ധമന സ്സുകളെയും അലട്ടാറുണ്ടെന്നത് നിഷേധിക്കാനാ വില്ല. കരിയിലകൾപോലെ പറന്നുപോയ വർഷങ്ങൾ ഹൃദയത്തിൽ നിറച്ചതെന്തെന്ന് അറിയുകയും അനു ഭവിക്കുകയും ചെയ്യുന്ന കാലം കുറച്ചുപേർക്കെ ങ്കിലും അതിക്ലേശകരമായ അനുഭവംതന്നെ. അനു ഭവങ്ങളുടെ ഋതുക്കളിൽ ഓർമകൾ അസ്വസ്ഥമാക്കു ന്നുണ്ടെങ്കിൽ കരുതിയിരുന്നോളൂ. നമ്മളിനിയും വള രാനുണ്ട്. ആത്മാവിൽ വേരുപടർത്തിയ ചില അനു ഭവങ്ങളുടെ സങ്കീർണതകളും നഷ്ടബോധങ്ങളു മൊക്കെ ഏതൊക്കെയോ ശൂന്യതകളിലേക്കാണ് പലരെയും കൂട്ടിക്കൊണ്ടു പോകുന്നത്. കെ. ആർ. മീരയുടെ 'ഓർമയുടെ ഞരമ്പ്' എന്ന കഥയിലെ വൃദ്ധയെപ്പോലെ ചിലർ.

കടലിൽ തനിച്ചു നീന്തുന്ന മീനിനെപ്പോലെയോ ആകാശത്ത് തനിയെ പറക്കുന്നൊരു പക്ഷിയെപ്പോ ലെയോ അനുഭവങ്ങളിലേക്ക് ഒറ്റയ്ക്കുള്ള ഈ പിന്മ ടക്കം വയോധികരുടെ മനസ്സിൽ സൃഷ്ടിക്കുന്ന വികാരമെന്തെന്ന് ഒരുപക്ഷേ മറ്റുള്ളവർ മനസ്സിലാ ക്കണമെന്നില്ല. വാർധക്യത്തെ സങ്കീർണമാക്കു ന്നൊരു കാര്യമാണത്. അതുകൊണ്ടാണല്ലോ അവർ മിണ്ടിത്തുടങ്ങുമ്പോഴേ 'പിന്നെക്കാണാം' എന്ന് നമ്മൾ ഒഴിഞ്ഞുമാറുന്നത്. എന്തായാലും ഓർമക ളുടെ വഴുക്കുന്ന വയൽവരമ്പിലൂടെ സ്വന്തം ആന്ത രികതയിലേക്ക് മടങ്ങാതെ ഒരാളും തന്റെ ജീവിത കാണ്ഡം പൂർത്തിയാക്കുന്നില്ല.

ഒരു കാലഘട്ടത്തിന്റെ ത്രസിപ്പിക്കുന്ന സ്മരണ കൾ ആരുടെ മനസ്സിലാണില്ലാത്തത്! നഷ്ടവസന്ത ത്തിൻ തപ്തനിശ്വാസമേ.. പച്ചയുടെ ആ തണൽ ഇഷ്ടപ്പെടുന്നവർക്കായി,

'മറവിതൻ മാറിടത്തിൽ മയങ്ങാൻ കിടന്നാലും
ഓർമകൾ ഓടിയെത്തി ഉണർത്തിടട്ടേ' (വയലാർ)

എന്നൊരാശംസ മാത്രം.

■



# ഒരു കുറവ്

സ്വർഗ്ഗവാതിൽക്കൽ അകലങ്ങളിലേക്ക് കണ്ണുനട്ടിരുന്ന ക്രിസ്തുവിനോട് പത്രോസ് ചോദിച്ചു: ഗുരോ അങ്ങ് അകത്തേക്ക് വരുന്നില്ലേ? ഈ വൈകിയ നേരത്ത് ആരെ കാത്തുനിൽക്കുകയാണ്? നിറമിഴികളോടെ തമ്പുരാൻ മൊഴിഞ്ഞുവത്രേ, ഞാൻ യൂദാസിനെ കാത്തുനിൽക്കുകയാണ്. അതെ, അവന്റെ കണ്ണുകൾ എന്നും അലഞ്ഞുനടക്കുകയായിരുന്നു. ശിലോഹ കുളക്കരയിൽ ആശ്രയരഹിതനായിക്കിടന്ന രോഗിക്കുവേണ്ടി, മറ്റൊരിക്കൽ പാപക്കറകളിൽ കുതിർന്ന് നട്ടുച്ചയ്ക്ക് മറപിടിച്ച് ദാഹജലമന്വേഷിച്ചിറങ്ങിയ സ്ത്രീയുടെ പാപമാലിന്യങ്ങൾ കഴുകി വെടിപ്പാക്കുവാൻ. മീൻപിടിത്തക്കാരെ മനുഷ്യബന്ധനം പരിശീലിപ്പിക്കുവാൻ. പിന്നീടൊരിക്കൽ വിശന്നു വലയുന്നവരുടെ വിശപ്പകറ്റാൻ. ഇന്നിതാ, ചുങ്കക്കാരന്റെ മാനസാന്തരത്തിനുവേണ്ടിയും.

വിതക്കാരന്റെ ഉപമ പറഞ്ഞ തമ്പുരാൻ സക്കായിയുടെ ഹൃദയത്തിൽ മാനസാന്തരത്തിന്റെ വിത്തുവിതച്ചു. വിതയറിയാവുന്നവൻ വിതച്ചപ്പോൾ അത് പതിരായില്ല. നൂറുമേനി വിളവു നൽകി. സക്കായിയുടെ ജീവിതത്തിൽ സംഭവിച്ചത് ഒരു ഉയിർത്തെഴുന്നേല്പായിരുന്നു. തന്നിലെ ചുങ്കക്കാരനെ സംസ്കരിച്ച് അബ്രഹാത്തിന്റെ പുത്രനായുള്ള ഉയിർത്തെഴുന്നേൽപ്. പിടിച്ചുപറിക്കാരനായ കുള്ളൻ അവിടെ അവസാനിച്ചു. ഉദാരമതിയായ മനുഷ്യസ്നേഹി രംഗപ്രവേശം ചെയ്തു. മാമോനെ സേവിച്ച് കൈമോശം വന്നുപോയ ദൈവവിശ്വാസത്തിലേക്കുള്ള ഒരു മടക്കയാത്രയായിരുന്നു അത്. ദൈവസ്വരം ശ്രവിച്ച് മരച്ചില്ലകൾക്കിടയിൽനിന്നും ഇറങ്ങിവന്നതിന് ലഭിച്ച ഒരു ഔദാര്യമായിരുന്നില്ല അവനു ലഭിച്ച രക്ഷയുടെ അനുഭവം. തന്റെ ബലഹീനതകളുടെ ബന്ധനങ്ങൾ അതിജീവിച്ച് ദൈവത്തിലേക്കും സഹോദരങ്ങളി



ഫാ. ജോൺ പടിപ്പുരയ്ക്കൽ

ലേക്കും വളർന്നതിനുള്ള ഒരു അംഗീകാരമായിരുന്നു അത്. ഇതുപോലൊരു വിശ്വാസം ഇസ്രായേലിൽ ഒരിടത്തും കണ്ടിട്ടില്ലെന്ന് വിജാതീയ സ്ത്രീയെ ചൂണ്ടി ശിഷ്യന്മാരോടുര ചെയ്തവൻ സക്കേവൂസിനെ ചൂണ്ടി അതേ വചനം ആവർത്തിച്ചിട്ടുണ്ടാവാം.

ഇടിമുഴക്കത്തിനു പിന്നാലെ മുളച്ചുപൊങ്ങുന്ന കൂണുപോലെയായിരുന്നില്ല അവന്റെ വിശ്വാസം. ഇടിമുഴക്കത്തെ ഭയന്ന് മണ്ണിനടിയിൽനിന്നും രക്ഷപെടുന്നതുപോലെ കേവലം ഒരു ദിനം മാത്രം ഭൂമിയിൽ നിലനിന്ന് മണ്ണോടുമണ്ണാകുന്ന പാവം കൂണ്. അത് ഈ ഭൂമിയിൽ ജനിച്ചിരുന്നുവെന്ന് ആരും ഓർക്കുന്നുപോലുമില്ല. എന്നാൽ സക്കേവൂസ് എന്നും എല്ലാവരുടെയും മനസ്സിൽ ജീവിക്കുന്നു. വചനം വായിക്കുന്നവരുടെയും വചനം ശ്രവിക്കുന്നവരുടെയും മനസ്സിൽ. "എന്നെ അനുഗമിക്കുക, ഞാൻ നിങ്ങളെ മനുഷ്യരെ പിടിക്കുന്നവരാക്കാം" ഇപ്രകാരം ശിഷ്യന്മാരോട് അരുൾചെയ്തവൻ സക്കേവൂസിന് വാഗ്ദാനങ്ങളോ, അവനോട് അനുനയന ശ്രമങ്ങളോ നടത്തുന്നില്ല. നീ ചുങ്കംപിരിവു നിർത്തിയാൽ ഞാൻ നിന്നെ ലോകബാങ്കിന്റെ മാനേജരാക്കാമെന്നോ, കമ്മട്ടത്തിന്റെ ഹോൾസെയിൽ ഡീലർ ആക്കാമെന്നോ തുടങ്ങിയ പൊളിവാക്കുകൾ നിരത്തി അവനെ പ്രലോഭിപ്പിച്ചതുമില്ല. യേശുവെന്ന ദാവീദ് ഗോത്രജന്റെ പച്ചയായ ജീവിതമാണ് കലർപ്പില്ലാത്ത വിശ്വാസത്തിലേക്ക് അവനെ കൈപിടിച്ചുയർത്തിയത്. കാണപ്പെടാത്ത സ്വർഗരാജ്യം ലഭിക്കുമെന്നുള്ള ഉറപ്പിൽ കൈയിലുണ്ടായിരുന്നതെല്ലാം പകുത്തുനൽകിയുള്ള വിശ്വാസപ്രഖ്യാപനമായിരുന്നു അത്.

ചുങ്കക്കാരൻ, ചുങ്കക്കാരൻ എന്ന എല്ലാവരുടെയും വിളികേട്ട് സ്വന്തം പേരുപോലും മറന്നുതുടങ്ങിയ സക്കായുടെ മുഖത്തുനോക്കി 'സക്കേവൂസേ' എന്ന ക്രിസ്തുവിന്റെ വിളി അവന് താങ്ങാവുന്നതിലും അധികമായിരുന്നു. ആരും ഒരിക്കലും അതിഥിയായി കടന്നുവരാത്ത വീട്ടിലേക്ക് വരുന്നുവെന്നു മാത്രമല്ല അവിടെ ഒരുദിനം അന്തിയുറങ്ങണം എന്നുകൂടി ക്രിസ്തു പറഞ്ഞപ്പോൾ അവനറിയാതെ അവനിലെ ചുങ്കക്കാരൻ ഉരിഞ്ഞുപോയി; പാമ്പ് പടംപൊഴിക്കുന്നതുപോലെ. ഇനി ഞാൻ നിങ്ങളെ ദാസന്മാരെന്നു വിളിക്കുകയില്ല; സ്നേഹിതൻ എന്നു വിളിക്കുമെന്ന് ഉറപ്പുനൽകിയവൻ അക്ഷരാർത്ഥത്തിൽ സക്കായിയുടെ ഉറ്റമിത്രമായിത്തീർന്നു. ഇവിടെ സുഹൃദ്ബന്ധങ്ങളെയും സഹോദരബന്ധങ്ങളെയും നാണയത്തുട്ടുകൾകൊണ്ട് അളന്നു തിട്ടപ്പെടുത്തുവാൻ ശ്രമിച്ചവൻ എല്ലാം സ്വന്തം കരവലയത്തിനുള്ളിലാക്കുന്ന കച്ചവടത്തിൽ സംതൃപ്തി കണ്ടെത്തിയവൻ കൈതുറന്ന് ഉദാരമായി കൊടുക്കുന്നതിൽ സന്തോഷം കണ്ടെത്തുവാൻ പഠിച്ചു.

ജറീക്കോ പട്ടണത്തിൽവെച്ച് നസ്രായൻ അന്ധന് കാഴ്ചനൽകുന്നതുകണ്ട് അവന്റെ പിന്നാലെ കൂടിയ ജനത്തെ സംബന്ധിച്ചിടത്തോളം മരച്ചില്ലകൾക്കിടയിലിരിക്കുന്ന ചുങ്കക്കാരൻ നർമ്മം തുളുമ്പുന്ന ഒരു കാഴ്ചയാണ് പ്രദാനം ചെയ്തത്. തെരുവിന്റെ മദ്ധ്യത്തിലും പട്ടണത്തിന്റെ വശങ്ങളിലും ഇരുന്ന് ചുങ്കം പിരിക്കുന്നവൻ മരച്ചില്ലകൾക്കിടയിൽ ഇരിക്കുന്നതു കണ്ട് അവർക്ക് ചിരിയടക്കാനായില്ല. പരസ്പരം കാതുകളിൽ മന്ത്രിക്കുവാൻ നൂറുകൂട്ടം കാര്യങ്ങളുമുണ്ടായിരുന്നു അവർക്ക്. എന്നാൽ ഒരുവൻ മാത്രം ചിരിക്കുന്നില്ല, നസ്രായൻ. താനുമായി ഇപ്പോഴും ഒരു മരത്തിന്റെ അകലം പാലിക്കുന്ന സക്കേവൂസിനെക്കണ്ട് അവന്റെ ഹൃദയം വേദനിക്കുന്നു. അരുതെന്ന കല്പന ലംഘിച്ച് ദൈവസാന്നിദ്ധ്യത്തിൽനിന്നും ഓടി മരങ്ങൾക്കിടയിൽ മറഞ്ഞിരുന്ന ആദിമാതാപിതാക്കളിൽനിന്നും അകലെയല്ല സക്കായി. പ്രവൃത്തികൊണ്ട് തന്റെ പൂർവ്വപിതാക്കളുടെ ചാരെ തന്നെ സ്ഥാനം പിടിച്ചിരിക്കുന്നു അവൻ. സിക്കമൂർ മരച്ചുവട്ടിലെ കാഴ്ചയോ? ആദത്തെ പേരുചൊല്ലി വിളിച്ചിട്ട് ഏദൻതോട്ടത്തിൽ വേദനയോടെ നിൽക്കുന്ന പിതാവായ ദൈവത്തിന്റേതിനു തുല്യവും. തന്നിൽനിന്നും അകലം പാലിച്ചൊളിച്ചിരിക്കുന്ന സക്കായിയെ നോക്കി പുത്രൻതമ്പുരാൻ പറഞ്ഞു; സക്കേവൂസ് വേഗം ഇറങ്ങിവരൂ.

ജറീക്കോയിൽ പ്രവേശിച്ച ക്രിസ്തുവിനെ സംബന്ധിച്ചിടത്തോളം അത് യാദൃശ്ചികമായ ഒരു കൂടിക്കാഴ്ചയായിരുന്നില്ല. ആൾക്കൂട്ടത്തിനിടയിലൂടെ അവന്റെ കണ്ണുകൾ അലഞ്ഞുനടക്കുകയായിരുന്നു. ഉന്നം തെറ്റാത്ത ഏറുകാരനെപ്പോലെ



അവൻ വാക്കുകളെറിഞ്ഞു: "സക്കേവൂസ്, വേഗം ഇറങ്ങിവരുക. ഇന്ന് എനിക്ക് നിന്റെ വീട്ടിൽ താമസിക്കേണ്ടിയിരിക്കുന്നു." മരക്കൊമ്പിലിരുന്ന കിളിയുടെ അക്ഷിമാത്രം കണ്ട അർജ്ജുന സമം, സിക്കമൂർ മരത്തിന്റെ മഞ്ഞ കലർന്ന വലിയ ഇലകൾക്കിടയിലിരുന്ന സക്കേവൂസിനെ മാത്രം കണ്ടു, അവൻ. ബലിയർപ്പണം കൊണ്ടുമാത്രം തൃപ്തിപ്പെടുന്ന പൗരോഹിത്യ ജീവിതത്തെ ക്രിസ്തുവിലെ പുരോഹിതൻ ചോദ്യം ചെയ്യുന്നുണ്ടോ? ഇസ്രായേൽ ജനത്തിലെ നഷ്ടപ്പെട്ടുപോയ ഓരോ ആടുകളുടെ അടു

ത്തേക്കുമാണ് ഞാൻ അയയ്ക്കപ്പെട്ടിരിക്കുന്നത് എന്നുപറഞ്ഞവൻ, അക്ഷരാർത്ഥത്തിൽ ഓരോ വ്യക്തിയുടെയും ജീവിതാവസ്ഥയുടെ പിന്നാമ്പുറങ്ങളിൽ കടന്നുവന്ന് അവനെ അവിടെനിന്നും കരകയറ്റി. പാപിനിയെ കിണറ്റിൻ കരയിൽനിന്ന്, സക്കായിയെ സിക്കമൂർ മരച്ചില്ലകൾക്കിടയിൽനിന്ന്, കള്ളനെ കുരിശിൽനിന്ന്, ലോഞ്ചിനോവിനെ കുരിശിന്റെ പാദാന്തികത്തിൽനിന്ന്... അതേ, ഒരു വ്യക്തി കേന്ദ്രീകൃത സുവിശേഷപ്രഘോഷണത്തിന്റെ ആവശ്യകത ഇവിടെനിന്ന് വായിച്ചെടുക്കുവാൻ കഴിയണം.

കാർമേഘം മാറി തെളിഞ്ഞ ആകാശത്ത് വിരിഞ്ഞ മഴവില്ലുകണ്ട് ആനന്ദനൃത്തം ചവിട്ടുന്ന മയിലിനെപ്പോലെ സക്കേവൂസ് വേഗം ഇറങ്ങിവന്നു.



ഒരു ജേതാവിന്റെ ചിരിയും പരാജിതന്റെ കണ്ണുനീരും സക്കായുടെ മനതാരിൽ പ്രത്യക്ഷമായി. സഹോദരങ്ങൾക്കിടയിൽ തന്റെ കഴിഞ്ഞകാലജീവിതം ഒരു പരാജയമായിരുന്നല്ലോ എന്നോർത്തപ്പോൾ കണ്ണുനീരും. തന്നെത്തന്നെ പകുത്തുനൽകി ലോകത്തെ രക്ഷിക്കുവാൻ കടന്നുവന്നവൻ പങ്കുവയ്ക്കലിന്റെ പാതയിലേക്ക് തന്നെയും കൈപിടിച്ചു നടത്തിയതോർത്തപ്പോൾ സന്തോഷത്തിന്റെ പുഞ്ചിരിയും. ആത്മീയതയിലേക്കുള്ള സക്കായുടെ വളർച്ചയാണിവിടെ കാണുക. അതും നിനച്ചിരിക്കാത്ത നേരത്ത്. ചെറുപ്പം മുതലെ ന്യായപ്രമാണങ്ങൾ അനുസരിച്ച് ജീവിച്ച് സ്വർഗ്ഗരാജ്യം സ്വന്തമാക്കാൻ ആഗ്രഹിച്ചിട്ടും സ്വത്ത് വിറ്റ് ദരിദ്രരുമായി പങ്കുവയ്ക്കുവാൻ ആവശ്യപ്പെട്ടപ്പോൾ വേദനിച്ച് മടങ്ങിപ്പോയ ധനികനായ യുവാവിൽനിന്നും സക്കായി വ്യത്യസ്ഥനായി. അതിനവനെ സഹായിച്ചതോ യേശുവിനെ തൊട്ടുരുമ്മിയുള്ള യാത്രയും.

ആർത്തിക്കും അത്യാഗ്രഹത്തിനുമിടയിൽ മനുഷ്യത്വം നഷ്ടപ്പെട്ടുപോയവരുടെ പ്രതിനിധിയായിരുന്നു ജറീക്കോയിലെ കുള്ളൻ. മനുഷ്യനായി ഈ ഭൂമിയിൽ അവതരിച്ച ദൈവപുത്രൻ വീട്ടിലേക്കുള്ള യാത്രാമദ്ധ്യേ നഷ്ടപ്പെട്ടുപോയ മനുഷ്യത്വം അവന് തിരികെ നൽകി; സക്കായിയുടെ ഹൃദയവാതിലുകൾ മലർക്കെ തുറന്നുകൊണ്ട്. ആ യാത്രയിൽ, യേശുവുമായുള്ള കുശലസംഭാഷണത്തിനിടയിൽ സക്കായുടെ കണ്ണുകൾ വലിയ രണ്ടു തടാകങ്ങളായി രൂപപ്പെട്ടു. തന്റെ മ്ലേച്ഛ പ്രവൃത്തിക്ക് ന്യായീകരണങ്ങളോ, ന്യായവാദങ്ങളോ നിരത്താതെ, നന്നായി ശ്രവിച്ചു അവൻ. ദൈവവിളി ലഭിച്ചുകഴിഞ്ഞാൽ എളിമപ്പെടേണ്ടതിന്റെ ആവശ്യകത ചുങ്കക്കാരുടെ പ്രധാനി നമ്മെ ഓർമ്മിപ്പിക്കുന്നു. പാപച്ചേറ്റിൽനിന്നും രക്ഷയിലേക്കുള്ള യാത്രയായും യേശുവും സക്കേവൂസും കൂടി നടത്തിയ ആ യാത്രയെ കാണുവാൻ കഴിയും.

യേശുവിനെ കാണുക എന്നത് സക്കേവൂസിന്റെ ജീവിതാഭിലാഷമായിരുന്നില്ല. യേശുവിനെ ഒരുനോക്കു കണ്ടിട്ട് മിഴികളടച്ച് നിത്യതയിലേക്ക് പ്രവേശിക്കുവാൻ കാത്തിരുന്ന ശിമയോനിൽകണ്ട തീക്ഷ്ണതയുമില്ലായിരുന്നു മരച്ചില്ലകൾക്കിടയിലിരുന്നുള്ള അവന്റെ ഒളിഞ്ഞുനോട്ടത്തിൽ. യേശുവിനെ കാണുവാൻ അവൻ ആഗ്രഹിച്ചു എന്നു വായിക്കുമ്പോൾ തെറ്റിദ്ധരിക്കരുത്, അത് അവന്റെ ജീവിതാഭിലാഷമായിരുന്നുവെന്ന്. നാലുപേരാൽ എടുത്തുകൊണ്ടുവരപ്പെട്ട തളർവാതരോഗിയോട് എഴുന്നേറ്റ് നിന്റെ കിടക്കയുമെടുത്ത് നടക്കുക എന്നു പറഞ്ഞവൻ, അലറി വീശിയടിച്ച കടലിനെ ശാസിച്ച് ശാന്തമാക്കിയവൻ, മണ്ണിൽ തുപ്പി ചെളിയുണ്ടാക്കി അന്ധന് കാഴ്ച നൽകിയവൻ... ചില്ലറക്കാരനല്ല. അതുകൊണ്ട് അവനെ ഒന്നു കണ്ടുകളഞ്ഞേക്കാം. ഈ ഒരു ആകാംക്ഷയായിരുന്നു സക്കേവൂസിൽ ഉടലെടുത്തത്.

ചുങ്കക്കാരുടെ ഇടയിലുള്ള മുന്തിയ സ്ഥാനവും സമ്പത്തുമാകുന്ന സിക്കമൂർ മരത്തിന്റെ കൊമ്പുകളിൽ വസിക്കുന്ന സക്കായി. അതിന്റെ ഭ്രമിപ്പിക്കുന്ന, ഹരം പിടിപ്പിക്കുന്ന സുഖം വിട്ട് താഴെയിറങ്ങുവാൻ അവൻ ഒരിക്കലും ആഗ്രഹിച്ചിരുന്നില്ല. പക്ഷെ, ആത്മാർത്ഥത നിറഞ്ഞ വാക്കുകളോടെ തമ്പുരാൻ അവനെ വിളിച്ചപ്പോൾ അവൻ കെട്ടിപ്പടുത്ത സാമ്രാജ്യങ്ങളെല്ലാം ഉപേക്ഷിച്ച് അവൻ ഇറങ്ങിവന്നു. വാക്കുകളിലെയും ജീവിതത്തിലെയും ആത്മാർത്ഥത പണയംവെച്ച് ജീവിക്കുന്ന ഈ കാലഘട്ടത്തിൽ സക്കായി നാമോരോരുത്തരോടും ചോദിക്കുന്നു, ആത്മാർത്ഥതയോടെ, ഹൃദയനിറവോടെ, സഹോദരനുമായി രമ്യപ്പെടുവാൻ നിനക്കാവുമോ? സക്കായുടെ പൊക്കക്കുറവിനെയും മരത്തിൽ കയറാനുണ്ടായിരുന്ന കഷ്ടപ്പാടിനെയും ഓർത്ത് 'ശ്ശോ' എന്ന് പലപ്പോഴും പറഞ്ഞിട്ടുണ്ടാവാം. അറിയുക, ഞാനും നീയും ഇന്ന് സിക്കമൂർ മരത്തിന്റെ കൊമ്പുകളിൽതന്നെയാണ് വസിക്കുക. നമ്മുടെ വെറുപ്പിന്റെയും വിദ്വേഷത്തിന്റെയും അസൂയയുടെയും ഞാൻ ഭാവത്തിന്റെയും ചില്ലകളിൽ ഏറുമാടങ്ങൾകെട്ടി അതിലെ സ്ഥിരം താമസക്കാരാണ് ഞാനും നീയും. നിങ്ങൾ എന്നെയോർത്ത് കരയേണ്ട, നിങ്ങളെയും നിങ്ങളുടെ മക്കളെയും ഓർത്ത് കരയുവിൻ. ഈ ക്രിസ്തുവചനസമം ലൂക്കായുടെ സുവിശേഷത്തിലിരുന്ന് സക്കായി എന്നോടും

നിന്നോടും പറയുന്നു. നിങ്ങൾ എന്റെ അവസ്ഥയെ ഓർത്ത് ദുഃഖിക്കുകയോ സഹതപിക്കുകയോ വേണ്ട. നീ കെട്ടിയുണ്ടാക്കിയിരിക്കുന്ന ഏറുമാടങ്ങളുടെ എണ്ണത്തെയോർത്ത് വ്യസനപ്പെടുവിൻ.

ഒരു രണ്ടാം മേൽവിലാസത്തിന്റെ സന്ദേശവും ഈ സിക്കമൂർ മരം പ്രദാനം ചെയ്യുന്നു: നിനക്ക് സമൂഹം ചാർത്തിത്തരുന്ന ഒരു മേൽവിലാസം. സിക്കമൂർ മരക്കൊമ്പിലിരുന്ന് ഒളികണ്ണുകൊണ്ട് താഴേക്കുനോക്കി സക്കായി പറയുന്നു. ഈ രണ്ടാം മേൽവിലാസം മറ്റുള്ളവരിൽനിന്നും നിന്നെ അകറ്റി നിർത്തുന്നതാണ്. സക്കായിയുടെ രണ്ടാം മേൽവിലാസമാണ് 'ചുങ്കക്കാരൻ' എന്നുള്ളത്. നിന്റെ രണ്ടാം മേൽവിലാസമേതെന്ന് ബോദ്ധ്യമുണ്ടാക്കുക. അത് കണ്ടെത്തണമെങ്കിൽ ഒരു മുഖാമുഖദർശനം ആവശ്യമാണ്. ക്രിസ്തുവുമായുള്ള ഒരു മുഖാമുഖ ദർശനം. ഈ ദർശനം നിന്നെ ഒരു സഹയാത്രികനാക്കുന്നു. ഈ യാത്ര തിരിച്ചറിവിന്റേതാണ്. ഭവനമെന്ന വാക്കിന്റെ അർത്ഥം മനതാരിൽ കോറിയിടുവാനുള്ള യാത്രയാണ്. സഹോദരനെ കാണുവാൻ പാകത്തിന് കൺതുറക്കുവാനും ഞാനാണ് എന്റെ സഹോദരന്റെ കാവൽക്കാരൻ എന്ന് വിളിച്ചോതുവാനുമുള്ള യാത്ര. ഈ യാത്രയുടെ ആരംഭം നിന്നിലെ കുറവുകളുടെ സിക്കമൂർ മരച്ചുവട്ടിലും അവസാനം രക്ഷയുടെ സന്ദേശത്തിലുമാണ്. രണ്ട് വൈരുദ്ധ്യധ്രുവങ്ങളെ കൂട്ടിമുട്ടിച്ച് ഈ യാത്ര പൂർത്തിയാക്കുക അത്ര എളുപ്പമല്ല. കാരണം നിന്റെ മനസ്സും ഹൃദയവും തുറക്കണം. തുറവിയുള്ള മനസ്സിന്റെയും ഹൃദയത്തിന്റെയും തേങ്ങൽ അധരങ്ങളിലൂടെ പുറത്തുവരണം. വഞ്ചനയിലൂടെ അന്യായമായി നേടിയത് നാലിരട്ടിയായി തിരികെ കൊടുക്കുന്നു. ന്യായമായി നേടിയതിന്റെ പകുതി അതിനർഹതപ്പെട്ടവരുമായി പങ്കുവയ്ക്കുന്നു എന്ന സക്കായുടെ കുമ്പസാരംപോലെ.


സക്കേവൂസ്, ഇന്ന് കേവലം ഒരു വ്യക്തിയുടെ പേരുമാത്രമല്ല. ധനവാൻ സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കുന്നതിനേക്കാൾ എളുപ്പം ഒട്ടകം സൂചിക്കുഴയിലൂടെ പ്രവേശിക്കുന്നതാണെന്ന് പറഞ്ഞ തമ്പുരാൻ കനിഞ്ഞു നൽകിയ ഒരു ജീവിതപാഠം കൂടിയാണ്. പിടിച്ചുപറിച്ചും ഇടിച്ചുപിഴിഞ്ഞും ഞെക്കിഞെരിച്ചും സ്വരുക്കൂട്ടുന്ന മനോഭാവത്തിൽനിന്നും പുറത്തിറങ്ങി നിറഞ്ഞ മനസ്സോടെ മറ്റുള്ളവരെ കരുതേണ്ടതിന്റെ ആവശ്യകത പറഞ്ഞുതന്ന ഒരു പാഠം. ഈ പാഠത്തിന്റെ ഉപസംഹാരമോ? രക്ഷ കൈയെത്തും ദൂരത്തുതന്നെയുണ്ടെന്നുള്ള മഹത് വചനവും. പക്ഷെ നീ ഒരുകാര്യം തിരിച്ചറിയണം. വെളിപാടു പുസ്തകം രണ്ടാമദ്ധ്യായത്തിൽ പറയുന്നതുപോലെ ഒത്തിരി നന്മകളുടെ നടുവിൽ എന്നിലുള്ള കുറവ് ഏതാണെന്ന്, എവിടെയാണ് അധഃപതനമുണ്ടായത് എന്ന് ഞാൻ കണ്ടെത്തണം. സക്കായുടെ അധഃപതനമാരംഭിച്ചത് പണപ്പെട്ടിയുടെ വലിപ്പം കൂട്ടുവാൻ ശ്രമിച്ചപ്പോഴാണ്. അത് ക്ലൈമാക്സിൽ എത്തിയതോ? ആ പെട്ടി നിറയ്ക്കുവാനുള്ള കുറുക്കുവഴികൾ തേടിയിറങ്ങിയപ്പോഴും. നിന്റെ ജീവിതത്തിലെ ആ കുറവ്, അധഃപതനം എവിടെയാണ്? ചുങ്കക്കാരുടെ പ്രധാനിയിൽനിന്നും അബ്രഹാത്തിന്റെ പുത്രസ്ഥാനത്തേക്കുയർന്ന സക്കായി ഇന്ന് വചനത്തിലിരുന്ന് നമ്മോട് ചോദിക്കുന്നു, "നിന്നിൽ ആ അധഃപതനമുണ്ടോ? നിന്നിലെ ആ കുറവ് ഏതാണ്?" ■

## ജയിസൺ മാത്യു കെ.എൻ.ഇ.എഫ് പ്രസിഡന്റ്



കേരളത്തിലെ പത്രപ്രവർത്തകേതര ജീവനക്കാരുടെ സംഘടനയായ കേരള ന്യൂസ് പേപ്പർ എംപ്ലോയീസ് ഫെഡറേഷന്റെ (കെ.എൻ.ഇ.എഫ്) സംസ്ഥാന പ്രസിഡന്റായി ജയിസൺ മാത്യുവിനെ തെരഞ്ഞെടുത്തു. കേരളത്തിൽ നിന്നു പ്രസിദ്ധീകരിക്കുന്ന മലയാളം, ഇംഗ്ലീഷ് ദിനപത്രങ്ങളിലെ ജീവനക്കാരുടെ ഏക സംഘടനയാണ് കെ.എൻ.ഇ.എഫ്.

തിരുവല്ലാ അതിരൂപതയിലെ മുക്കൂർ ഇടവകാംഗവും ദീപിക ദിനപത്രത്തിലെ ഉദ്യോഗസ്ഥനുമാണ്. അതിരൂപതാ പാസ്റ്ററൽ കൗൺസിലംഗമായും, എം.സി.വൈ.എം മല്ലപ്പള്ളി മേഖലാ പ്രസിഡന്റായും സേവനമനുഷ്ഠിച്ചിട്ടുണ്ട്. ഭാര്യ: ബിനുമോൾ. മക്കൾ: ഐറിൻ, എമിൽ.



# ഗുരുസ്മരണ

## ഫാ. മാത്യു ചെമ്പോത്തിനാൽ

### ഇടയശുശ്രൂഷയിൽ വീണ്ടും

നാട്ടിൽ മടങ്ങിയെത്തിയ അദ്ദേഹത്തെ മൈനർസെമിനാരിയിൽ അധ്യാപകനായും വൈസ് റെക്ടറായും നിയമിച്ചു. 1980 വരെ അദ്ദേഹം പ്രസ്തുത ചുമതലയിൽ തുടർന്നു. സെമിനാരിയിലെ ചുമതലയോടൊപ്പം 1966-69 കാലത്ത് തലവടി നോർത്ത്, തലവടി സൗത്ത് ഇടവകകളിൽ സഹവികാരിയായും 1972 മുതൽ പുളിക്കീഴ് ഇടവകയിൽ വികാരിയായും സേവനം ചെയ്തു. 'പുളിക്കീഴ് സെന്റ് ജോർജ് ഇടവകയിൽ മാത്രമേ അദ്ദേഹം വികാരിയായി ശുശ്രൂഷ നടത്തിയിട്ടുള്ളൂ എന്നത് പ്രത്യേകം സ്മരണീയമാണ്'. 1980ൽ സെമിനാരായിൽനിന്നും വിരമിച്ച അദ്ദേഹം പുഷ്പഗിരിയിൽ 'ക്ലേർജി ഹോമി'ൽ താമസമാക്കി. ഈ കാലയളവിൽ കുറെ നാൾ തിരുവല്ലാ സെന്റ് ജോൺസ് കത്തീഡ്രലിൽ കുമ്പസാരക്കാരനായി സഹായിച്ചിരുന്നു.

### അമ്മയും മകനും ഒപ്പം

അധ്യാപകവൃത്തിയിൽനിന്നും വിരമിച്ച റെയ്ച്ചൽ ടീച്ചർ രൂപതാധ്യക്ഷന്റെ പ്രത്യേക അനുവാദത്തോടെ താമസത്തിനുള്ള ചെലവ് നൽകി കുറ്റൂർ പള്ളിമല സ്നേഹസദനിൽ താമസമാക്കി. രോഗിയായ മകൻ ബഹു. മാത്യു ചെമ്പോത്തിനാൽ അച്ചനെ കൂടെ താമസിച്ച് ശുശ്രൂഷിക്കുവാനുള്ള ആഗ്രഹം അമ്മ പ്രകടിപ്പിച്ചതനുസരിച്ച് ബഹു. മാത്യു ചെമ്പോത്തിനാൽ അച്ചനെ സ്നേഹസദൻ സ്ഥാപനത്തിന്റെ ചാപ്ലെയിനായി രൂപതാധ്യക്ഷൻ നിയമിക്കുകയും പള്ളിമലയിൽ താമസിക്കുവാൻ അനുവദിക്കുകയും ചെയ്തു. ഏതാനും വർഷങ്ങൾക്കു ശേഷം റെയ്ച്ചൽ ടീച്ചറിന്റെ കാഴ്ച പരിപൂർണമായി നഷ്ടപ്പെട്ടപ്പോൾ ബഹു. മാത്യു ചെമ്പോത്തിനാൽ അച്ചൻ വൈദികരോടൊപ്പം 'ക്ലേർജി ഹോമി'ൽ താമസിക്കാൻ ആഗ്രഹം പ്രകടിപ്പിച്ചതിനെ തുടർന്ന് രൂപതാധ്യക്ഷന്റെ അനുവാദപ്രകാരം ബഹു. അച്ചൻ പുഷ്പഗിരി ക്ലേർജി ഹോമിലേക്ക് മടങ്ങിയെത്തി. വിശ്രമജീവിതം നയിച്ചിരുന്ന ബഹു. മാത്യു ചെമ്പോത്തിനാൽ അച്ചൻ 2002 ഏപ്രിൽ 15-ാം തീയതി പുഷ്പഗിരി ആശുപത്രിയിൽവച്ച് നിര്യാതനായി. 17-ാം തീയതി സെന്റ് ജോൺസ് മെത്രാപ്പോലീത്തൻ കത്തീഡ്രലിൽ വൈദികർക്കുവേണ്ടിയുള്ള കബറിൽ അടക്കം ചെയ്തു. ബഹു. അച്ചന്റെ അവസാന ദിവസങ്ങളിൽ പുഷ്പഗിരി ആശുപത്രിയിൽ ചികിത്സയിലായിരുന്ന അവസരത്തിൽ ലേഖകന്റെ പിതാവും ചികിത്സാർത്ഥം ആശുപത്രിയിൽ അടുത്ത മുറിയിൽ ഉണ്ടായിരുന്നു. പിതാവിനെ ശുശ്രൂഷിക്കുവാനായി ആശുപത്രിയിൽ ആയിരുന്ന സന്ദർഭത്തിൽ ബഹു. ചെമ്പോത്തിനാൽ



**ഫാ. ചെറിയാൻ താഴമൺ**
(സി.ഇ.ഒ. ദീപിക)

അച്ചന്റെ അന്ത്യനാളുകളിൽ ചില ശുശ്രൂഷകൾ ചെയ്തു സഹായിക്കാൻ സാധിച്ചത് വലിയഭാഗ്യമായി ഞാൻ കരുതുന്നു.

## സർവകലാവല്ലഭൻ

അദ്ദേഹത്തിൽ ഒരു സാഹിത്യകാരനും കലാകാരനും വിളങ്ങിയിരുന്നു. ഐക്യദീപം മാസികയിൽ ആധ്യാത്മികതയുടെ ആഴങ്ങൾ തേടുന്ന ധ്യാനചിന്തകൾ പതിവായി പങ്കുവച്ചിരുന്നത് അദ്ദേഹത്തിലെ ആധ്യാത്മിക ചിന്തകനെ വെളിവാക്കിയിരുന്നു. ഇംഗ്ലീഷിലും മലയാളത്തിലും ലത്തീൻ ഭാഷയിലും സുറിയാനി ഭാഷയിലും അദ്ദേഹം കവിതകൾ രചിച്ചിട്ടുണ്ട്. സെമിനാരി പഠനകാലത്തും അതിനുശേഷവും ലഘുനാടകങ്ങൾ എഴുതി സംവിധാനം ചെയ്യുക മാത്രമല്ല, പ്രധാന കഥാപാത്രങ്ങളെ അവതരിപ്പിക്കുകയും ചെയ്തിരുന്നു. അനേകം ഗാനങ്ങൾ രചിക്കുകയും ഗാനങ്ങൾക്ക് സംഗീതം പകരുകയും ചെയ്തിട്ടുണ്ട്. പ്രസിദ്ധമായ മാരാമൺ കൺവൻഷനിലേക്ക് അദ്ദേഹത്തിന്റെ ഗാനങ്ങൾ തെരഞ്ഞെടുക്കപ്പെട്ടിട്ടുണ്ടെന്നറിയുമ്പോൾ അദ്ദേഹത്തിന്റെ സംഗീത ലോകത്തെ കഴിവ് വ്യക്തമാകുകയാണ്. അദ്ദേഹം രചിച്ചിട്ടുള്ള ആശംസാഗാനങ്ങളും അനുമോദനഗാനങ്ങളും സ്ഥാപനങ്ങളുടെയും സംഘടനകളുടെയും ആന്തങ്ങളും അനവധിയാണ്. തിരുക്കർമങ്ങളിൽ ശുശ്രൂഷകർ ചെയ്യേണ്ടുന്ന കാര്യങ്ങളെക്കുറിച്ചും നടത്തേണ്ട ഒരുക്കങ്ങളെക്കുറിച്ചും പുലർത്തേണ്ട മനോഭാവത്തെക്കുറിച്ചുമുള്ള ഒരു ലഘുഗ്രന്ഥം അദ്ദേഹം രചിച്ചിട്ടുണ്ട്.

## ഭാരതീയ ദർശനം ഇഷ്ടദർശനം




ഭാരതീയ ആധ്യാത്മിക ദർശനങ്ങളെ ആഴത്തിൽ സ്നേഹിച്ചിരുന്ന അദ്ദേഹത്തിൽ ഒരു ദാർശനികനും താപസനും കുടികൊണ്ടിരുന്നു. അത്യാവശത്തിനു മാത്രം സംസാരിക്കുകയും കൂടുതൽ സമയവും മൗനമായിരിക്കുകയും ചെയ്തിരുന്ന അദ്ദേഹം തിരുവല്ലാ ശ്രീരാമകൃഷ്ണാശ്രമത്തിലെ ഒരു സ്ഥിരം സന്ദർശകനായിരുന്നു. അവിടുത്തെ പണ്ഡിതരായ സന്യാസികളുമായി ആത്മിക സംവാദത്തിലേർപ്പെടുക അദ്ദേഹത്തിനു പ്രിയമായിരുന്നു. ശ്രീരാമകൃഷ്ണാശ്രമത്തിലെ ഏകാന്തത അദ്ദേഹം വളരെ ഇഷ്ടപ്പെട്ടിരുന്നു. ഭാരതത്തിന്റെ സുവിശേഷീകരണത്തിന് പടിഞ്ഞാറിന്റെ ശൈലികളെക്കാൾ ഭാരതത്തിന്റെ സന്യാസശൈലികളാണ് സ്വീകരിക്കേണ്ടതെന്ന് അദ്ദേഹം പറയുമായിരുന്നു. പ്രഭാതധ്യാനത്തിന് പാശ്ചാത്യരീതിയെക്കാൾ ഭാരതത്തിന്റെ ഭജൻസും കീർത്തനാലാപവും ഉൾപ്പെടുന്ന ശൈലി അനുവർത്തിക്കുന്നതിനെ അദ്ദേഹം പ്രോത്സാഹിപ്പിച്ചിരുന്നു.

## അതുല്യ സംഭാവനയും സഭയുടെ അംഗീകാരവും

അദ്ദേഹം റോമിൽ ഉപരിപഠനം നടത്തിയിരുന്ന കാലത്തായിരുന്നു ചരിത്രപ്രസിദ്ധമായ രണ്ടാം വത്തിക്കാൻ സുന്നഹദോസ് നടന്നത്. സുന്നഹദോസിലെ ചിന്തകളും ചർച്ചകളും ബഹു. ചെമ്പോത്തിനാൽ അച്ചനും ശ്രദ്ധാപൂർവം പിന്തുടർന്നിരുന്നു. ലിറ്റർജിയിൽ ഉപരിപഠനം നടത്തിക്കൊണ്ടിരുന്ന അദ്ദേഹത്തിന് സുന്നഹദോസിന്റെ ആരാധനക്രമത്തിലെ പ്രാദേശിക അനുരൂപണം സംബന്ധിച്ച പഠനങ്ങൾ വളരെ താല്പര്യമായിരുന്നു.

റോമിലെ ഉപരിപഠനം കഴിഞ്ഞ് നാട്ടിൽ തിരികെ എത്തിയ അദ്ദേഹത്തിന്റെ ആദ്യത്തെ ശ്രദ്ധ സഭയുടെ ഔദ്യോഗിക പ്രാർത്ഥനാക്രമം സുറിയാനിയിൽനിന്ന് മലയാളത്തിലേക്ക് പരിഭാഷപ്പെടുത്താനായിരുന്നു. സുറിയാനി ഭാഷയിലും മലയാള ഭാഷയിലും അദ്ദേഹത്തിനുള്ള പാടവവും സംഗീതവാസനയും കവിത്വവും കഠിനാധ്വാനവും ഒത്തുചേർന്ന


# ബിഷപ്പ്സ് ഡേ ആശംസകൾ

2016 മെയ് 2-ാം തീയതി ബിഷപ്പ്സ് ഡേ ആഘോഷിച്ച തിരുവല്ല അതിരൂപതയിലെ അഭി. പിതാക്കന്മാർക്ക് പ്രാർത്ഥനാശംസകൾ

പ്പോൾ 'ശ്ഹീമ്മോ' നമസ്കാരം അതിന്റെ മനോഹാരിതയും ഗാനാത്മകതയും അല്പംപോലും ചോർന്നുപോകാതെ സുറിയാനിയിൽനിന്ന് മലയാളത്തിലേക്ക് പരിഭാഷപ്പെടുത്തി. ഗദ്യരൂപത്തിലുള്ള പരിഭാഷ നേരത്തെ ഉണ്ടായിട്ടുണ്ടെങ്കിലും പദ്യരൂപത്തിലുള്ള മലയാള പരിഭാഷ ഇദംപ്രഥമമാണ്. സുറിയാനി ഗാനത്തിന്റെ രാഗവും താളവും ഭംഗം വരാത്ത രീതിയിൽ മലയാളത്തിലേക്ക് മൊഴിമാറ്റം നടത്തിയത് സകലരുടെയും അഭിനന്ദനത്തിന് അർഹമായി. 'ശ്ഹീമ്മോ' പ്രാർത്ഥനക്രമത്തിന്റെ മലയാള പരിഭാഷ 1968 ജൂലൈ 30-ാം തീയതി ആദ്യമായി പ്രസിദ്ധീകരിച്ചു. അതിനു മുമ്പ് ഒരു വർഷക്കാലം കൈയെഴുത്ത്പ്രതിയുപയോഗിച്ച് പ്രാർത്ഥനകൾ ചൊല്ലി വിദഗ്ധരുടെ അഭിപ്രായങ്ങളും തിരുത്തലുകളും സ്വീകരിച്ചാണ് പ്രസിദ്ധീകരിച്ചത്. ആദ്യത്തെ പതിപ്പിന് ശ്രേഷ്ഠാനുമതി നൽകിക്കൊണ്ട് അഭിവന്ദ്യ സഖറിയാസ് മാർ അത്തനാസിയോസ് മെത്രാപ്പോലീത്ത ഇപ്രകാരം എഴുതി: "സുറിയാനിയിൽ സാധാരണ ചൊല്ലാറുള്ള ലയത്തിൽ ശ്ഹീമോ നമസ്കാരത്തിന്റെ 'ശുബഹോ ഭാഗം' മാതൃഭാഷയിലേക്കു പരിഭാഷപ്പെടുത്തിയ റവ. ഫാ. മാത്യു ചെമ്പോത്തിനാൽ LD, BAയെ നാം ഹാർദ്ദമായി അനുമോദിക്കുന്നു. ഇപ്രകാരമൊരു പരിഭാഷ ഉണ്ടായിക്കാണുവാൻ പലരും ആഗ്രഹിച്ചിരുന്നതാണ്. മാതൃഭാഷയിൽ പ്രാർഥന ആലപിക്കുന്നതിന് ഒരു പ്രത്യേക ആസ്വാദ്യതയുണ്ട്. ബഹു. അച്ചന് സംഗീതത്തിൽ നല്ല വാസനയുണ്ട്. സുറിയാനി ഭാഷാ പരിജ്ഞാനമുണ്ട്. ഈ കഴിവുകൾ എല്ലാവർക്കും പ്രത്യേകിച്ച് സഹോദരവൈദികരുടെ പ്രാർത്ഥനാ ജീവിതത്തിനു സഹായകരമാക്കിത്തീർക്കുവാൻ ശ്രമിക്കുന്നതിൽ അദ്ദേഹത്തെ അനുമോദിക്കുന്നു. സുറിയാനി നമസ്കാരത്തിന്റെ 'ശുബഹോ' ഭാഗത്തിനു പകരമായി ഈ പരിഭാഷ ഉപയോഗിക്കാവുന്നതാണ്".

'ശ്ഹീമ്മോ' നമസ്കാരത്തിന്റെ 'മെനഓലം ഭാഗം' 1970 ഒക്ടോബർ 25-ാം തീയതി അഭിവന്ദ്യ ബനഡിക്ട് മാർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്തയുടെയും സഖറിയാസ് മാർ അത്തനാസിയോസ് മെത്രാപ്പോലീത്തയുടെയും സംയുക്താനുവാദത്തോടെ പ്രസിദ്ധീകരിച്ചു. 1975ൽ രണ്ടു ഭാഗങ്ങളും ഒന്നിച്ച് പ്രസിദ്ധീകരിച്ചു. അദ്ദേഹത്തിന്റെ ജീവിതകാലത്തുതന്നെ 1982, 1989, 1992, 1996, 1999 വർഷങ്ങളിൽ പ്രാർത്ഥന പുസ്തകം പുന:പ്രസിദ്ധീകരിച്ചു. എന്നാൽ ഇവയിലൊന്നും ബഹു. മാത്യു ചെമ്പോത്തിനാൽ അച്ചന്റെ പേര് സൂചിപ്പിക്കുക പോലും ചെയ്തിരുന്നില്ല. അദ്ദേഹം അതിൽ യാതൊരു ഖിന്നതയും പ്രകടിപ്പിച്ചുമില്ല. കാരണം, പേരും പെരുമയും അദ്ദേഹം ഒരിക്കലും ആഗ്രഹിച്ചിരുന്നില്ല. അദ്ദേഹത്തിന്റെ മരണത്തിനുശേഷം 2009 ഒക്ടോബർ പത്തിന് വീണ്ടും പ്രസിദ്ധീകരിച്ചപ്പോൾ ആമുഖത്തിൽ മോറാൻ മോർ ബസേലിയോസ് ക്ലീമിസ് കാതോലിക്കാ ബാവാ ബഹു. ചെമ്പോത്തിനാൽ അച്ചനെക്കുറിച്ച് ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു: "..... ഫാ. മാത്യു ചെമ്പോത്തിനാൽ മല്പാൻ നിർവഹിച്ച സമ്പൂർണ മലയാള പരിഭാഷ പ്രസിദ്ധീകരിക്കപ്പെടുന്നത് 1968ലാണ്. അതിന്റെ പുതിയ പതിപ്പാണ് ഈ ഗ്രന്ഥം. ഇതിലൂടെ മാത്യു ചെമ്പോത്തിനാൽ മല്പാനച്ചൻ സഭയ്ക്കായി നിർവഹിച്ച സേവനം അതുല്യമാണ്. മല്പാനച്ചന്റെ ഈ സുന്ദരവിവർത്തനം അദ്ദേഹത്തിന്റെ സുറിയാനി പാണ്ഡിത്യവും കാവ്യാത്മക മനസും വെളിപ്പെടുത്തുന്നതാണ്...". **ഒറ്റവാചകത്തിലൂടെ സഭയുടെ തലവനും പിതാവും ബഹു. ചെമ്പോത്തിനാൽ അച്ചന്റെ പ്രതിഭയെയും സേവനത്തെയും അംഗീകരിച്ച് ആദരിച്ചിരിക്കുന്നു.**

സഭയിലെ മല്പാനായി ബാവാ തിരുമേനി അദ്ദേഹത്തെ ഉയർത്തി പ്രതിഷ്ഠിച്ചിരിക്കുന്നു. ഇതൊരു മരണാനന്തര ബഹുമതിയായി ഞാൻ കാണുകയാണ്. മല്പാൻ പദവി കല്പിച്ചു നൽകിയതിനു പുറമേ അദ്ദേഹത്തിന്റെ സുറിയാനി പാണ്ഡിത്യവും

## വ്രതവാഗ്ദാനം

**ഹോളിസ്പിരിറ്റ് സിസ്റ്റേഴ്സ്**



2016 ഏപ്രിൽ 4-ാം തീയതി വ്രതവാഗ്ദാനം നടത്തിയ ഹോളിസ്പിരിറ്റ് സിസ്റ്റേഴ്സ് അഭി. പിതാവിനോടൊപ്പം.

**ബഥനി സിസ്റ്റേഴ്സ്**



2016 ഏപ്രിൽ 12-ാം തീയതി ആദ്യ വ്രതവാഗ്ദാനവും നിത്യവ്രതവാഗ്ദാനവും നടത്തിയ ബഥനി സിസ്റ്റേഴ്സ് അഭി. പിതാവിനോടൊപ്പം.

കവിത്വവും എടുത്തു പറഞ്ഞിരിക്കുന്നു. സുറിയാനി കീർത്തനങ്ങൾ അതിന്റെ ആത്മാവു നഷ്ടപ്പെടാതെ മലയാള ഭാഷയിലേക്കു മൊഴിമാറ്റം ചെയ്യാൻ രണ്ടു ഭാഷയിലും അഗാധമായ അറിവ് അനിവാര്യമാണല്ലോ. രണ്ടു ഭാഷയിലുമുള്ള അദ്ദേഹത്തിന്റെ പ്രാവീണ്യത്തെയും ബാവാ തിരുമേനി അംഗീകരിച്ച് ആദരിക്കുന്നു. **അദ്ദേഹം ജീവിച്ചിരുന്നപ്പോൾ ഈ ബഹുമതിയും ആദരവും അംഗീകാരവും ഒന്നും സ്വീകരിക്കാനോ രേഖപ്പെടുത്താനോ അദ്ദേഹത്തിന്റെ വിനയവും ലാളിത്യവും അനുവദിക്കുമായിരുന്നില്ല.** ഒരു ഭാഷയിൽനിന്ന് മറ്റൊരു ഭാഷയിലേക്ക് മൊഴിമാറ്റം നടത്തുന്നവർ രണ്ടു സംസ്കാരങ്ങൾക്കിടയിൽ പാലം പണിയുന്നവരാണെന്നു പറയാറുണ്ട്. ബഹു. ചെമ്പോത്തിനാൽ അച്ചൻ സുറിയാനി ഭാഷയും സംസ്കാരവും മലയാള ഭാഷയും മലയാള നാടും (മലങ്കര) തമ്മിൽ ബന്ധിപ്പിച്ച് പാലം പണിത മഹാനായ ആചാര്യ ശ്രേഷ്ഠനാണ്.

## ശെമ്മാശപട്ടം സ്വീകരിച്ചു



**2016 ഏപ്രിൽ 4-ാം തീയതി തിരുവല്ല അതിരൂപതയ്ക്കു വേണ്ടി ശെമ്മാശപട്ടം സ്വീകരിച്ചവർ അഭി. പിതാക്കന്മാരോടൊപ്പം.**

### പ്രകൃതിസ്നേഹി

പക്ഷിമൃഗാദികളെയും വൃക്ഷലതാദികളെയും സ്നേഹിച്ചിരുന്ന പ്രകൃതിസ്നേഹിയായിരുന്നു അദ്ദേഹം. പ്രകൃതിയിലേക്ക് നോക്കി ധ്യാനാത്മകമായി ദീർഘനേരം അദ്ദേഹം ചെലവഴിക്കുമായിരുന്നു. 'ഈ പ്രകൃതിയെ കണ്ടിട്ട് ആർക്ക് നിരീശ്വരവാദിയായിരിക്കാൻ സാധിക്കും' എന്ന് അദ്ദേഹം ചോദിക്കുന്നത് കേട്ടിട്ടുണ്ട്. നിസാര ജീവികളോടുപോലുമുള്ള ക്രൂരതക്കെതിരായി അദ്ദേഹം ശക്തമായി പ്രതിഷേധിക്കുന്നത് കണ്ടിട്ടുണ്ട്. ഉറുമ്പിൻകൂട്ടത്തെ ചവിട്ടിക്കൊല്ലാൻ ശ്രമിച്ച വൈദിക വിദ്യാർഥിയെക്കൊണ്ട് ഉറുമ്പിനു തീറ്റി കൊടുപ്പിക്കുന്നതും അണ്ണാനെ കല്ലെടുത്തെറിഞ്ഞ സെമിനാരിക്കാരനെക്കൊണ്ട് അണ്ണാന് തീറ്റി കൊടുപ്പിച്ചതുമൊക്കെ അന്ന് തമാശയായി തോന്നിയെങ്കിലും ഇന്ന് ഒരു വലിയ പ്രകൃതിസ്നേഹിയുടെ പ്രതികരണമായി തിരിച്ചറിയാൻ കഴിയുന്നു.

അന്ന് അതൊക്കെ എന്തോ 'വികല്പ'മെന്ന് പലരും പറഞ്ഞിരുന്നെങ്കിലും അതായിരുന്നു ശരി എന്ന് ഇന്നു തിരിച്ചറിയുന്നു. ചരിത്രം അങ്ങനെയാണല്ലോ. പല പ്രതിഭകളെയും അവരുടെ സമകാലീന സമൂഹം ഭ്രാന്തന്മാരായി ചിത്രീകരിച്ചിട്ടുണ്ടെങ്കിലും ഭാവിസമൂഹം അവരെ വിജ്ഞന്മാരും വിശുദ്ധരുമായി തിരിച്ചറിഞ്ഞ് അംഗീകരിച്ചിട്ടുള്ളത് ചരിത്രം.

### ഒടുക്കം

തന്റെ സഭയെയും അതിന്റെ വിശ്വാസത്തെയും കലർപ്പുകൂടാതെ ഹൃദയത്തോടു ചേർത്തപ്പോഴും സർവമതസമഭാവന പുലർത്തിയ ആചാര്യൻ. ദൈവസ്നേഹം, പരിശുദ്ധ മാതാവിനോടുള്ള സ്നേഹം, സ്വന്തം അമ്മയോടുള്ള സ്നേഹം, മലങ്കര സഭയോടുള്ള സ്നേഹം, സുറിയാനി ഭാഷയോടുള്ള സ്നേഹം, ഇതാണ് ബഹു. മാത്യു ചെമ്പോത്തിനാൽ അച്ചന്റെ ജീവിത സംക്ഷേപം. ചുരുങ്ങിയ കാലംകൊണ്ട് വലിയ സേവനം സഭയ്ക്കും സമൂഹത്തിനും നൽകിയ വൈദിക ശ്രേഷ്ഠൻ. **ഈ ഭൂമിയിൽ യാതൊരു നിക്ഷേപവും സ്വരുക്കൂട്ടാതെ സർവനിക്ഷേപവും കർതൃസന്നിധിയിൽ അർപ്പിച്ച ആചാര്യൻ. ഒടുങ്ങാത്ത നിക്ഷേപം സ്വർഗത്തിൽ സംഭരിച്ചുവച്ച കർതൃദാസൻ.**

ചരിത്രത്തിൽ ഒരിക്കൽ മാത്രം സംഭവിക്കുന്നതാണ് ഈദൃശജന്മങ്ങൾ. **തടാകത്തിന് ശോഭയേകാൻ ഒരു രാജഹംസം മതി; ആയിരം കൊക്കുകൾക്കു നൽകാവുന്നതല്ല അത്.**

ഗുരുവിന് പ്രണാമം.


## വിവാഹ ഒരുക്ക സെമിനാർ 2016

**സ്ഥലം: ശാന്തിനിലയം, തിരുവല്ല.**

**ഫോൺ 0469-2603968, 9446270259, 9895556074**

**തീയതി: മെയ് 3, 4, 5 - 17, 18, 19**

**ജൂൺ 7, 8, 9 - 21, 22, 23**

**നിർദ്ദേശങ്ങൾ**

- സെമിനാറിൽ പങ്കെടുക്കുന്നവർ മൂന്ന് ദിവസം മുമ്പെങ്കിലും പേര് രജിസ്റ്റർ ചെയ്യണം.
- സെമിനാർ ചൊവ്വാഴ്ച രാവിലെ 9.00 ന് ആരംഭിച്ച് വ്യാഴാഴ്ച വൈകുന്നേരം 4 മണിക്ക് അവസാനിക്കും.
- സെമിനാറിൽ പൂർണ്ണമായും പങ്കെടുക്കുന്നവർക്ക് മാത്രമേ സർട്ടിഫിക്കറ്റ് നല്കുകയുള്ളൂ.
- രജിസ്ട്രേഷൻ ഫീസ് 1000 രൂപയായിരിക്കും. പങ്കെടുക്കുന്നവർ വികാരിയച്ചന്റെ സാക്ഷ്യപത്രവും 2 ഫോട്ടോയും കൊണ്ടുവരണം.
- സെമിനാറിന്റെ അവസാന ദിവസമായ വ്യാഴാഴ്ച 2 മണിക്ക് വിവാഹ ഒരുക്ക സെമിനാറിൽ പങ്കെടുക്കുന്ന കുട്ടികളുടെ മാതാപിതാക്കൾക്കായി പ്രത്യേക ക്ലാസ് ഉണ്ടായിരിക്കുന്നതാണ്. ഇതിൽ എല്ലാ മാതാപിതാക്കളും നിർബന്ധമായും പങ്കെടുക്കണം.

# തൂലിക പടവാളാക്കിയ മോൺ. തോമസ് വടശേരി



മോൺ. തോമസ് വടശേരി
**LD (റോം)**

**ഫാ. ചെറിയാൻ താഴമൺ**
(സി.ഇ.ഒ. ദീപിക)

ഇരവിപേരൂർ തുടങ്ങിയ പള്ളികളിൽ വികാരിയായും ശുശ്രൂഷ ചെയ്തു.

1937 നവംബർ 29ന് വാളക്കുഴി ജോസഫ് മാർ സേവേറിയോസ് മെത്രാപ്പോലീത്താ പുനരൈക്യപ്പെടുകയും 1938 നവംബർ 20-ാം തീയതി തിരുവല്ലാ രൂപതയുടെ അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്ററായി ഭരണചുമതല ഏറ്റെടുക്കുകയും ചെയ്തതോടുകൂടി പുനരൈക്യ പ്രവർത്തനങ്ങൾ കൂടുതൽ ശക്തമാകാൻ തുടങ്ങി. മാർ തെയോഫിലോസ് മെത്രാപ്പോലീത്തായുടെ വികാരി ജനറാളായിരുന്ന മോൺ. സഖറിയാസ് വാച്ചാപ്പറമ്പിലിന് തൽസ്ഥാനത്തുനിന്നു വിരമിച്ച് മാതൃരൂപതയിലേക്കു മടങ്ങിപ്പോകുവാൻ മാർ സേവേറിയോസ് പിതാവ് അനുവാദം നൽകിയിരുന്നു. 1942ൽ ബഹു. തോമസ് വടശേരി അച്ചനെ വികാരി ജനറാളായി നിയമിച്ചു. 1948 വരെ വികാരി ജനറാളായി സഭയെ സേവിച്ചു. ഇതേകാലം തന്നെ പാമ്പാടി, കങ്ങഴ, വെള്ളുക്കുട്ട, ഇടയ്ക്കാട് (കോട്ടയം), പുല്ലാട് എന്നീ ഇടവകകളിൽ വികാരിക്കടുത്ത ശുശ്രൂഷകൾ നിറവേറ്റിയിട്ടുണ്ട്. 1948ൽ വികാരി ജനറാൾ സ്ഥാനത്തുനിന്നു വിരമിച്ച് സെന്റ് ജോൺസ് കത്തീഡ്രൽ വികാരിയായി ചുമതലയേറ്റു. 1956 വരെ അവിടെ തുടർന്നു.

### കത്തീഡ്രൽ വികാരി (1948-1956)

പുനരൈക്യത്തിന്റെ പ്രാരംഭ ദശകങ്ങൾ കത്തോലിക്കാ സഭയുടെ വിശ്വാസ സത്യങ്ങൾ ജനങ്ങളെ പഠിപ്പിക്കുന്നതിലും താല്പര്യപ്പെടുന്നവരെ സഭയിലേക്ക് ചേർക്കുന്നതിലുമായിരുന്നു ശ്രദ്ധ ചെലുത്തിയിരുന്നത്. രൂപതയിൽ പല സ്ഥലങ്ങളിലും പുതിയ കൂട്ടായ്മകളും ഇടവകകളും രൂപപ്പെട്ടുകൊണ്ടിരുന്നു. നിയമപരമായ രേഖകളും രജിസ്റ്ററുകളും ക്രമീകരിക്കുന്നത് വേണ്ടത്ര ശ്രദ്ധിക്കപ്പെട്ടിരുന്നില്ല. ബഹു. വടശേരി അച്ചൻ കത്തീഡ്രൽ വികാരി ആയപ്പോൾ ആദ്യം ചെയ്തത് രജിസ്റ്ററുകളും രേഖകളും ക്രമീകരിക്കുകയായിരുന്നു. റോമൻ കൂരിയായുടെ പ്രവർത്തനങ്ങൾ നേരിട്ടു മനസിലാക്കിയിട്ടുള്ള അദ്ദേഹം തയാറാക്കിയ രജിസ്റ്ററുകൾ ഇന്നും കത്തീഡ്രൽപള്ളിയിൽ സൂക്ഷിച്ചിട്ടുണ്ട്.

കുട്ടികളുടെ മതബോധനത്തിനായി സൺഡേ സ്കൂൾ പ്രവർത്തനം കത്തീഡ്രലിൽ കാര്യക്ഷമവും ചിട്ടയുമുള്ളതാക്കി മുതിർന്നവരുടെ മതബോധനത്തിനും അവരെ പുനരൈക്യ പ്രേഷിതരാക്കി രൂപീകരിക്കുന്നതിനുമായി **'ഇവാൻജലിക്കൽ എവിഡൻസ് ഗിൽഡി'**ന്റെ പ്രവർത്തനങ്ങൾ ശക്തമാക്കി. ഗിൽഡിലെ അംഗങ്ങൾക്ക് ക്ലാസുകളും ലഘുലേഖകളും നൽകി അവരെ പ്രബുദ്ധരാക്കാനും സമീപപ്രദേശങ്ങളിൽ അവരെക്കൊണ്ട് സുവിശേഷയോഗങ്ങൾ നടത്തിക്കുവാനും അദ്ദേഹം ശ്രദ്ധിച്ചു. ഇടവകയിൽ വിശ്വാസവിഷയങ്ങൾ സംബന്ധിച്ച് ചർച്ചകളും ക്ലാസുകളും സെമിനാറുകളും ക്രമമായി നടത്തിയിരുന്നു. വിശ്വാസസംബന്ധമായ ഗ്രന്ഥങ്ങളുടെ ഒരു ലൈബ്രറിയും സ്ഥാപിച്ചു മരിയസംഘത്തിന്റെ പ്രവർത്തനം ഇടവകയിൽ ശക്തമാക്കി. അല്മായ പ്രേഷിതരെക്കൊണ്ട് വിശ്വാസസംബന്ധിയായതും സഭാചരിത്രപരമായതുമായ വിഷയങ്ങളിൽ ലഘുലേഖകളും ഗ്രന്ഥങ്ങളും തയാറാക്കിച്ച് പ്രസിദ്ധീകരിക്കുവാൻ അദ്ദേഹം പ്രോത്സാഹനം നൽകി. ഇടവകയ്ക്ക് നൈയാമിക സംവിധാനങ്ങൾ ക്രമീകരിക്കുന്നതോടൊപ്പം ഇടവകാംഗങ്ങളെ വിശ്വാസത്തിൽ ഉറപ്പിക്കുകയും അല്മായ സഹോദരങ്ങളെ പുനരൈക്യ പ്രേഷിതരായി രൂപപ്പെടുത്തുകയും ചെയ്യുന്നതിൽ അദ്ദേഹം വിജയിച്ചു.

## മതബോധന ഡയറക്ടർ

1948ൽ സെന്റ് ജോൺസ് കത്തീഡ്രൽ വികാരി സ്ഥാനത്തോടൊപ്പം രൂപതയുടെ മതബോധന വിഭാഗം ഡയറക്ടറുമായി മാർ സേവേറിയോസ് പിതാവ് അദ്ദേഹത്തെ നിയമിച്ചു. 1958 വരെ അദ്ദേഹം മതബോധനത്തിന്റെ ചുമതല വഹിച്ചു. കുട്ടികളുടെ മതബോധനത്തിന് അതുവരെ നിയതമായ ഒരു രീതിയോ പാഠപുസ്തകങ്ങളോ ഉണ്ടായിരുന്നില്ല. ബഹു. വടശേരിയച്ചൻ പാഠ്യപദ്ധതിയും പാഠപുസ്തകങ്ങളും തയാറാക്കി കുട്ടികളുടെ മതാഭ്യസനത്തിന് ചിട്ടയും ക്രമവും വരുത്തി. കുട്ടികളെ മൂന്നു വകുപ്പുകളായി തിരിച്ച് അവർക്കായി 'വേദോപദേശ സംഗ്രഹം' മൂന്നു വാല്യങ്ങളായി പ്രസിദ്ധീകരിച്ചു. പഴയ നിയമത്തിൽ നിന്നും പുതിയനിയമത്തിൽ നിന്നും പ്രധാനപ്പെട്ട ഭാഗങ്ങൾ തെരഞ്ഞെടുത്ത് 'വേദാഗമചരിത്രം' എന്ന പേരിൽ രണ്ടു വാല്യങ്ങളായി ഉപപാഠപുസ്തകങ്ങളും ലഭ്യമാക്കി. മുതിർന്ന കുട്ടികളുടെ മതബോധനത്തിനായി 'മതപഠനസമിതി' എന്നൊരു പ്രത്യേക പദ്ധതിയും അദ്ദേഹം ആവിഷ്കരിച്ചു. 1972ൽ പി.ഒ.സിയുടെ ആഭിമുഖ്യത്തിൽ 'പിതാവിന്റെ പക്കലേക്ക്' എന്ന വേദോപദേശ പാഠാവലി നിലവിൽ വരുന്നതുവരെ ചേപ്പാട്ട് ഫിലിപ്പോസ് റമ്പാൻ തയാറാക്കിയ 'മേരിഗിരി വേദോപദേശ പാഠാവലി'യോടൊപ്പം ബഹു. വടശേരിയച്ചൻ തയാറാക്കിയ പാഠ്യപദ്ധതിയും പാഠപുസ്തകങ്ങളുമാണ് തിരുവല്ല രൂപതയിൽ നിലവിലിരുന്നത്.

മുതിർന്ന അല്മായരെ മതാഭ്യസനത്തിനും വേദപഠനത്തിനും പ്രേഷിത ശുശ്രൂഷയ്ക്കും സഹായിക്കുന്നതിനായി രൂപംകൊണ്ട 'വേദപ്രചാരസാക്ഷ്യസംഘ'ത്തിന്റെ ആധ്യാത്മിക ഉപദേഷ്ടാവും ബഹു. വടശേരി അച്ചനായിരുന്നു. മാരേട്ട് ഫിലിപ്പോസ് ജഡ്ജി ഡയറക്ടറായിരുന്ന സാക്ഷ്യസംഘാംഗങ്ങളുടെ പരിശീലനത്തിനും പ്രഘോഷണങ്ങൾക്കും ആവശ്യമായ ലഘുലേഖകളും ലേഖനങ്ങളും തയാറാക്കാൻ സഹായിച്ചിരുന്നതും ബഹു. വടശേരി അച്ചനായിരുന്നു.

## ഗ്രന്ഥകാരൻ

മുപ്പതിലധികം ഈടുറ്റ ഗ്രന്ഥങ്ങൾ അദ്ദേഹത്തിന്റെ തൂലികയിലൂടെ വെളിച്ചം കണ്ടു. അനുവാചകർക്ക് ആനന്ദവും ആവേശവും പകരുന്ന രചനാശൈലിയുടെ ഉടമ. ഗഹനമായ വിഷയങ്ങൾ ലളിതമായും സരളമായും അവതരിപ്പിക്കുവാനുള്ള കഴിവ്, നോവൽപോലെ ആസ്വദിച്ച് വായിച്ചുപോകാവുന്ന ശൈലി. ബഹു. തോമസ് വടശേരി അച്ചന്റെ രചനാശൈലിയെക്കുറിച്ച് പ്രൊഫസർ മാത്യു ഉലകംതറയുടെ നിരീക്ഷണം ശ്രദ്ധിക്കുക: "ഗദ്യശൈലിയുടെ അവശ്യലക്ഷണങ്ങളായി നിർവചിക്കപ്പെട്ടിട്ടുള്ള ആത്മാർത്ഥത, ആർജ്ജവം, സാരള്യം മുതലായ ഗുണങ്ങളാൽ ആദ്യന്തം ആസ്വാദ്യമാണ് മോൺസിഞ്ഞോറിന്റെ കൃതികളെല്ലാം (വി. കിളിച്ചിമല, മോൺ. വടശേരി പുറം 9).

മോൺ. തോമസ് വടശേരിയിലെ ഗ്രന്ഥകാരൻ മുളപൊട്ടി ഇലവിരിഞ്ഞു തുടങ്ങിയത് റോമിലെ പഠനകാലത്താണ്. അദ്ദേഹം വീട്ടിലേക്ക് അയച്ചിരുന്ന കത്തുകൾ കൈയെഴുത്തു പത്രത്തിന്റെ രൂപത്തിലായിരുന്നു. **'റോമാദൂതൻ'** എന്ന അഭിധാനത്തിൽ. പത്രത്തിന്റെ പ്രത്യേകത എഴുത്തുകാരും പ്രസാധകനും എല്ലാം ഒരാൾതന്നെ. മാസത്തിൽ രണ്ടു ലക്കങ്ങൾ, ഒറ്റകോപ്പി മാത്രം.

റോമിലെ പഠനത്തിനുശേഷം തിരുവല്ലായിൽ തിരികെയെത്തി അജപാലന ശുശ്രൂഷയിലേക്കു പ്രവേശിച്ച അദ്ദേഹത്തിന്റെ പ്രധാന ദൗത്യം കത്തോലിക്കാ സഭയുടെ വിശ്വാസങ്ങളും സഭാചരിത്രവും ജനത്തെ പഠിപ്പിക്കുക എന്നതായിരുന്നു. ഇതിനുള്ള പ്രധാന വേദികൾ പ്രസംഗങ്ങളും സെമിനാറുകളും ചർച്ചാ ക്ലാസുകളും. പങ്കെടുത്തവർ ശ്രവിച്ച കാര്യങ്ങൾ പുസ്തകരൂപത്തിൽ ആവശ്യപ്പെടാൻ തുടങ്ങി. കുട്ടികളുടെയും മുതിർന്നവരുടെയും മതബോധനത്തിനാവശ്യമായ പുസ്തകങ്ങളും ആവശ്യമായി വന്നു. അങ്ങനെ സഭയുടെയും സഭാമക്കളുടെയും കാലികമായ ആവശ്യങ്ങളിലും നിർബന്ധത്തിലും നിന്നാണ് അദ്ദേഹത്തിന്റെ ഓരോ ഗ്രന്ഥവും ജന്മമെടുത്തത്. ഏതാനും ചില ഗ്രന്ഥങ്ങളുടെ രചനയ്ക്ക് ഇടയാക്കിയ സാഹചര്യങ്ങൾ ചുരുക്കി വിവരിക്കുന്നത് വായനക്കാർക്ക് പ്രയോജനപ്പെടുമെന്നു കരുതുന്നു.

മലങ്കര സുറിയാനി കത്തോലിക്കാ ഹയരാർക്കി സ്ഥാപിതമാകുകയും ഇടവകകളും മിഷൻ കേന്ദ്രങ്ങളും വർധിക്കുകയും വിശ്വാസികളുടെ എണ്ണം വർധിക്കുകയും ചെയ്തപ്പോൾ കുട്ടികളുടെ ചിട്ടയായ മതാഭ്യസനത്തിന് ഉചിതമായ മതബോധന ഗ്രന്ഥങ്ങൾ ആവശ്യമായി വന്നു. സഭയുടെ ആവശ്യം മനസിലാക്കിയ ബഹു. വടശേരിയച്ചന്റെ ശ്രമം ആ വഴിക്കു തിരിഞ്ഞു. റോമിൽ നിന്നു ദൈവശാസ്ത്രവും സഭാശാസ്ത്രവും സഭാചരിത്രവും പഠിച്ചെത്തിയ അദ്ദേഹത്തിന് ഈ ദൗത്യം ക്ഷിപ്രസാധ്യമായിരുന്നു. ഇതിന്റെ ഫലമാണ് **'വേദോപദേശ സംഗ്രഹം 3 വാല്യങ്ങളും** വേദാഗമ ചരിത്രം 2 വാല്യങ്ങളും'.

1945 ജൂലൈ മൂന്നാം തീയതി മാർത്തോമ്മാ ശ്ലീഹായുടെ ദുക്റാന തിരുനാൾ ദിനത്തിൽ പുറത്തിറങ്ങിയ അഞ്ഞൂറിലധികം പുറങ്ങളുള്ള **'കത്തോലിക്കാസഭയും യാക്കോബായ വാദങ്ങളും'** പ്രസിദ്ധീകരിക്കുവാനുണ്ടായ സാഹചര്യം ശ്രദ്ധേയമാണ്. പത്രോസല്ല റോമിൽ സഭ സ്ഥാപിച്ചത്, പോർട്ടുഗീസുകാരുടെ വരവിനു മുമ്പ് കേരളത്തിൽ കത്തോലിക്കാസഭ ഇല്ലായിരുന്നു, ഒരു സ്ത്രീ മാർപാപ്പയായി റോമാ സിംഹാസനത്തിൽ ഭരിച്ചിരുന്നു എന്നു തുടങ്ങിയ അനേക വികലതകളും അസത്യങ്ങളും കത്തോലിക്കാ സഭയുടെ എതിരാളികൾ പ്രസംഗങ്ങളും ലഘുലേഖകളും വഴി നാട്ടിൽ പരത്തിക്കൊണ്ടിരുന്നു. മുളന്തുരുത്തിക്കാരൻ ഒരു ഫാ. കെ.റ്റി. സക്കറിയാസ് കത്തോലിക്കാ സഭയെ ഭത്സിച്ചും വിശ്വാസസത്യങ്ങളും സഭാചരി

ത്രവും വളച്ചൊടിച്ച് അവതരിപ്പിച്ചും ആൾക്കാരെ വഴിതെറ്റിച്ചുകൊണ്ടിരുന്ന ചരിത്രപശ്ചാത്തലത്തിലാണ് ബഹു. വടശേരി അച്ചൻ 'ഉരുളയ്ക്ക് ഉപ്പേരി'പോലെ **'കത്തോലിക്കാ സഭയും യാക്കോബായ വാദങ്ങളും'** പ്രസിദ്ധീകരിച്ചത്. സഭാവിരോധികളുടെ വികല പ്രസംഗങ്ങൾകൊണ്ട് വീർപ്പുമുട്ടിയിരുന്ന സഭാമക്കൾക്ക് ഇത് തേന്മഴ കണക്കേ ആശ്വാസമായി. ഒന്നര മാസത്തിനുള്ളിൽ പുസ്തകത്തിന്റെ ഒന്നാം പതിപ്പ് ആയിരം കോപ്പികൾ വിറ്റഴിഞ്ഞ് രണ്ടാം പതിപ്പ് ഇറക്കേണ്ടിവന്നു എന്നത് പുസ്തകത്തിനു ലഭിച്ച സ്വീകാര്യതയുടെ തെളിവായിരുന്നു.

ആത്മരക്ഷയ്ക്ക് സഭ ആവശ്യമുണ്ടോ? ഒരു സഭ മറ്റൊന്നിനെക്കാൾ മെച്ചപ്പെട്ടതാണോ? എല്ലാ സഭകളും സഹോദരി സഭകളല്ലേ? തുടങ്ങിയ ഒട്ടേറെ ചോദ്യങ്ങളുമായി സഭാമക്കളെ വഴിതെറ്റിക്കാൻ സഭാവിരോധികൾ രംഗപ്രവേശം ചെയ്ത പശ്ചാത്തലത്തിലാണ് **1947 ജൂലൈ മൂന്നാം തീയതി 'എല്ലാ സഭകളും ശരിയോ?'** എന്ന ഗ്രന്ഥം പ്രസിദ്ധീകരിച്ചത്.

പന്ത്രണ്ടാം പീയൂസ് മാർപാപ്പയുടെ പൗരോഹിത്യ ജൂബിലി 1949 മാർച്ച് 12-ാം തീയതി കൊണ്ടാടിയപ്പോൾ സെന്റ് ജോൺസ് കത്തീഡ്രലിലെ മരിയൻ സഖ്യാംഗങ്ങൾക്ക് അവതരിപ്പിക്കാനായി എഴുതിയ ചരിത്രനാടകമാണ് **'കൽക്കദോനിയാ സുന്നഹദോസ്'**. ഏഴു രംഗങ്ങളുള്ള 250 പുറങ്ങളുള്ള പുസ്തകമായി നാടകം 1950 മാർച്ച് 12-ന് പ്രസിദ്ധീകരിച്ചു.

1951ൽ കൽക്കദോനിയ സുന്നഹദോസിന്റെ പതിനഞ്ചാം ശതാബ്ദി വർഷം പൂർത്തിയാകുന്നതു പ്രമാണിച്ച് പന്ത്രണ്ടാം പീയൂസ് മാർപാപ്പ സഭകളുടെ ഐക്യത്തിന് ആഹ്വാനം ചെയ്തുകൊണ്ട് ഒരു ചാക്രികലേഖനം പുറപ്പെടുവിച്ചു. സുന്നഹദോസിന്റെ ശതാബ്ദി കേരളത്തിലും കേമമായി ആഘോഷിച്ചു. അതിന്റെ ഭാഗമായി കോട്ടയം രൂപതാധ്യക്ഷൻ അഭിവന്ദ്യ തോമസ് തറയിൽ തിരുമേനിയുടെ അധ്യക്ഷതയിൽ 1951 ഒക്ടോബർ 29, 30, 31 തീയതികളിൽ കല്ലിശേരിയിൽ വച്ച് ഒരു മഹായോഗം നടന്നു. അവിടെ ബഹു. വടശേരി അച്ചൻ നടത്തിയ പ്രസംഗമാണ് **'മലങ്കര യാക്കോബായക്കാർ ഏകസ്വഭാവവാദികളോ?'** എന്ന പേരിൽ 1951 നവംബർ ഒന്നാം തീയതി പുസ്തമായി പ്രസിദ്ധീകരിക്കപ്പെട്ടത്.

മാർത്തോമ്മാ നസ്രാണികളുടെ ഇടയിലെ ഭിന്നത വിഭാഗീയതയായി തീർന്ന 1653ൽ മട്ടാഞ്ചേരിയിൽ നടന്ന 'കൂനൻകുരിശ് സത്യത്തിന്റെ' മൂന്നാം ശതാബ്ദി വർഷത്തിൽ 1953ൽ പ്രസ്തുത വിഷയം സംബന്ധിച്ച് ബഹു. വടശേരി അച്ചൻ അനേക സ്ഥലങ്ങളിൽ പ്രസംഗം നടത്തി. പനയമ്പാല, വേങ്ങൽ തുടങ്ങിയ ചില സ്ഥലങ്ങളിൽ സത്യസഭാവിരോധികളിൽനിന്ന് അസ്വസ്ഥതകൾ ഉണ്ടായി. പ്രസ്തുത പ്രസംഗം 'സത്യദീപം' വാരികയിൽ രണ്ടു ലക്കങ്ങളിലായി പ്രസിദ്ധീകരിച്ചിരുന്നു. ലേഖനത്തിന്റെ ചരിത്രപരതയിലും അവതരണ ശൈലിയിലും അതീവ സമ്പുഷ്ടനായ എറണാകുളം അതിരൂപതാധ്യക്ഷൻ അഭിവന്ദ്യ അഗസ്റ്റിൻ കണ്ടത്തിൽ തിരുമേനി പ്രസ്തുത ലേഖനത്തിന്റെ അയ്യായിരം കോപ്പികൾ അച്ചടിപ്പിച്ച് വിതരണം ചെയ്തു. ഇങ്ങനെ പ്രസിദ്ധീകൃതമായതാണ് **'കൂനൻകുരിശ് സത്യം'** എന്ന ലഘു ഗ്രന്ഥം.

1950കളിൽ മലങ്കര മാർതോമ്മാ സഭയിൽ ഉടലെടുത്ത ആശയ ഭിന്നതയും തുടർന്നുണ്ടായ വിഭജനവും 1961 ജനുവരി 26ന് 18 പട്ടക്കാർ കൂടി കൈവയ്പു നൽകി മെത്രാനെ വാഴിക്കുന്നതിലും സെന്റ് തോമസ് ഇവാൻജലിക്കൽ സഭയുടെ തുടക്കത്തിനും ഇടയാക്കി. ഈ ഭിന്നതയുടെ കാലത്ത് നടന്ന വാദകോലാഹലങ്ങൾ ബഹു. വടശേരിയച്ചനിലെ ദൈവശാസ്ത്രജ്ഞനെ അസ്വസ്ഥനാക്കിയതിന്റെ ഫലമാണ് 1954 മാർച്ച് പത്തിന് പ്രസിദ്ധീകരിച്ച **'വിശുദ്ധ കുർബാനയും അകത്തോലിക്കാ സഭകളും'** എന്ന ഗ്രന്ഥം.

1955 ജൂലൈ 31-ാം തീയതി വിശുദ്ധ ഇഗ്നേഷ്യസ് ലയോളയുടെ തിരുനാൾ ദിവസം കോട്ടയം രൂപതയുടെ കീഴിൽ തെങ്ങേലി ക്നാനായ കത്തോലിക്കാ പള്ളി സ്ഥാപിതമായി. പള്ളിയുടെ പ്രതിഷ്ഠാ ശുശ്രൂഷയോടനുബന്ധിച്ച് കോട്ടയം രൂപതാധ്യക്ഷൻ അഭിവന്ദ്യ തോമസ് തറയിൽ തിരുമേനിയുടെ അധ്യക്ഷതയിൽ ചേർന്ന സമ്മേളനത്തിലെ മുഖ്യപ്രസംഗകൻ ബഹു. വടശേരി അച്ചനായിരുന്നു. **വിശുദ്ധ യോഹന്നാൻ ശ്ലീഹായുടെ രണ്ടാം ലേഖനത്തിന്റെ 9 മുതൽ 11 വരെയുള്ള വചനഭാഗം ആസ്പദമാക്കിയായിരുന്നു പ്രസംഗം.** ക്നാനായ യാക്കോബായ വിഭാഗത്തിൽ നിന്നും ആൾക്കാർ പുനരൈക്യപ്പെട്ട് ക്നാനായ കത്തോലിക്കാ സഭയിലേക്ക് ചേരുന്നതിൽ അസഹിഷ്ണുക്കളായ സഭാവിരോധികൾ തന്റെ പ്രസംഗത്തിൽ ബഹു. വടശേരി അച്ചൻ ക്നാനായ യാക്കോബായ സഭാധ്യക്ഷൻ അഭിവന്ദ്യ മാർ ക്ലീമിസ് തിരുമേനിയെ അധിക്ഷേപിച്ചു എന്നു പറഞ്ഞുപരത്തി. വ്യാജപ്രചരണങ്ങളും ആരോപണങ്ങളും പ്രകടനങ്ങളും പ്രതിഷേധസമ്മേളനങ്ങളും കൈയേറ്റശ്രമങ്ങളും അരങ്ങേറി. 'കേരള ഭൂഷണം', 'മലയാള മനോരമ' എന്നീ പത്രങ്ങൾ പ്രസംഗം സംബന്ധിച്ച വ്യാജവാർത്തകൾ പരത്തി. ഓഗസ്റ്റ് പത്തൊമ്പതാം തീയതി അഭിവന്ദ്യ തോമസ് തറയിൽ തിരുമേനിയുടെ സെക്രട്ടറി പ്രസംഗം സംബന്ധിച്ച സത്യസന്ധമായ വിവരങ്ങൾ വിശദമായി എഴുതിയ ഒരു കത്ത് അഭിവന്ദ്യ മാർ ക്ലീമിസ് തിരുമേനിക്ക് അയച്ചു. ബഹു. വടശേരി അച്ചന്റെ പ്രസംഗത്തിൽ ആരെയും അധിക്ഷേപിക്കുന്ന യാതൊരു പരാമർശവും ഇല്ലായിരുന്നു എന്നും കത്തിൽ വ്യക്തമാക്കിയിരുന്നു. തന്റെ പ്രസംഗത്തിന്റെ ഉള്ളടക്കം എന്തായിരുന്നു എന്നു കാണിച്ച് ബഹു. വടശേരി അച്ചൻ 'കേരള ഭൂഷണം', 'മലയാള മനോരമ' എന്നീ പത്രങ്ങൾക്കും കത്തയച്ചു. എന്നാൽ പത്രങ്ങൾ പ്രസ്തുത കത്ത് പ്രസിദ്ധീകരിച്ചില്ല. അതിനാൽ **തന്റെ പ്രസംഗം യഥാർഥത്തിൽ എന്തായിരുന്നു എന്നു പൊതുസമൂഹത്തെ അറിയിക്കുവാനായി**

**ഒരു ലഘുലേഖ പ്രസിദ്ധീകരിക്കുവാൻ അദ്ദേഹം തീരുമാനിച്ചു. പ്രസ്തുത ശ്രമമാണ് 1955 ഡിസംബർ എട്ടിന് പ്രസിദ്ധീകൃതമായ 'എന്റെ തെങ്ങേലി പ്രസംഗം' എന്ന ഗ്രന്ഥത്തിൽ കലാശിച്ചത്.**

1955ൽ നടന്ന പുനരൈക്യ രജതജൂബിലി ആഘോഷം പുനരൈക്യത്തിന് വർധിച്ച ഊർജം പകർന്നു. അനേകർ പുനരൈക്യ വീഥിയിലേക്ക് കടന്നുവന്നുകൊണ്ടിരുന്നു. സുപ്രസിദ്ധ ധ്യാനഗുരുവും പണ്ഡിതനും വചനപ്രഘോഷകനുമായ ആലുവ കിഴക്കമ്പലം സ്വദേശി **വന്ദ്യ വി.സി. ഗീവർഗീസ് കോർഎപ്പിസ്കോപ്പാ 1956 ജൂൺ 18നും** ആലുവ യു.സി. കോളജ് പ്രൊഫസർ **ഫാ. റ്റി.വി. ജോൺ 1957 മാർച്ച് 17നും** സുപ്രസിദ്ധ വിദ്യാഭ്യാസ വിചക്ഷണൻ **റവ. ഡോ. സി.എ. എബ്രഹാം ചീരകതോട്ടം 1957 ജൂലൈ 21നും പുനരൈക്യപ്പെട്ടത്** വലിയ എതിർപ്പിനും പ്രതിഷേധങ്ങൾക്കും ഇടയാക്കി. കത്തോലിക്കാ സഭയ്ക്കും പുനരൈക്യപ്പെട്ട ബഹു. വൈദികർക്കുമെതിരെ ലഘുലേഖകളും ഗ്രന്ഥങ്ങളും പ്രവഹിച്ചു. അതിൽ ഏറ്റവും വിഷലിപ്തം മൂശസലാമാ റമ്പാന്റെ 'കത്തോലിക്കാ സഭയും റോമാ വാദങ്ങളും' എന്ന ഗ്രന്ഥമായിരുന്നു. വ്യാജപ്രസ്താവനകളും കൃത്രിമങ്ങളും ദുർവ്യാഖ്യാനങ്ങളും വ്യാജ ഉദ്ധരണികളും കൊണ്ട് കുപ്രസിദ്ധമായിരുന്ന സലാമാറമ്പാന്റെ ഗ്രന്ഥത്തെ ബഹു. തോമസ് വടശേരി അച്ചൻ നേരിട്ടത് മുന്നൂറിലധികം പുറങ്ങളുള്ള **'സാലാമാ റമ്പാന്റെ അപവാദ വ്യവസായം'** എന്ന ഗ്രന്ഥംകൊണ്ടാണ്. 1957 ഡിസംബർ എട്ടാം തീയതി പ്രസ്തുത ഗ്രന്ഥം പ്രസിദ്ധീകരിച്ചു.

റോമാ മാർപാപ്പായുടെ പരമാധികാരത്തിന്റെ ദൈവവചനാടിസ്ഥാനത്തെ തിരസ്കരിക്കുകയും പരിശുദ്ധ മാർപാപ്പായുടെ ആത്മികാധികാരത്തെ നിരസിക്കുകയും ചെയ്യുന്ന സഭാവിരോധികളുടെ പ്രവണത ബഹു. വടശേരി അച്ചന്റെ ഹൃദയത്തെ വേദനിപ്പിച്ചിരുന്നു. തന്റെ പൗരോഹിത്യ സ്വീകരണത്തിന്റെ രജതജൂബിലി സ്മാരകമായി **1961 ഫെബ്രുവരി ഒമ്പതാം തീയതി 'മാർപാപ്പായുടെ പരമാധികാരം ദൈവദത്തമോ മനുഷ്യദത്തമോ'** എന്ന ഗ്രന്ഥം പുറത്തിറക്കിക്കൊണ്ടാണ് സഭാശത്രുക്കളുടെ വികലവാദങ്ങളെ അദ്ദേഹം നേരിട്ടത്.


പരിശുദ്ധ കത്തോലിക്കാ സഭയുടെ വിശ്വാസസത്യങ്ങളെയും പഠനങ്ങളെയും സംബന്ധിച്ച് ഉത്തമ ബോധ്യമുണ്ടായിരുന്ന ബഹു. വടശേരി അച്ചന് അവയ്ക്കെതിരായുള്ള വ്യാജ വികലവാദങ്ങൾ അസ്വസ്ഥത ഉളവാക്കുന്നവയായിരുന്നു. അങ്ങനെയുള്ള സന്ദർഭങ്ങളിലാണ് അദ്ദേഹം ഗ്രന്ഥരചനയിലേക്കു തിരിഞ്ഞിരുന്നത്. ഇങ്ങനെ അദ്ദേഹത്തിന്റെ ഓരോ ഗ്രന്ഥത്തിന്റെ രചനയുടെ പിന്നിലും ചില പ്രത്യേക സാഹചര്യങ്ങൾ കാണുവാൻ സാധിക്കും.

**"ബാഹ്യപ്രേരണകളും പ്രോത്സാഹനങ്ങളും പരിമിതമോ പ്രതികൂലമോ ആയിരുന്നപ്പോഴും അദ്ദേഹം പതറാതെ തന്റെ സാഹിതീവ്യവസായം തുടർന്നുകൊണ്ടിരുന്നു. ഉത്തമസാഹിത്യകാരന്മാരുടെ ഒരു ലക്ഷണമാണത്. ആത്മപ്രകാശനം അവർക്ക് ജീവിതാവശ്യമാണ്. അതിനു ബാഹ്യപ്രോത്സാഹനങ്ങളെ അവർ കാത്തുനിൽക്കാറില്ല"** എന്നുള്ള ഉലകുംതറ സാറിന്റെ നിരീക്ഷണം എത്രയോ സത്യമാണ്.

കത്തീഡ്രൽ വികാരി സ്ഥാനത്തുനിന്നു മാറിയിട്ടും അവിടെത്തന്നെ താമസം തുടർന്നുകൊണ്ട് സമീപപ്രദേശങ്ങളിലുള്ള പല പള്ളികളിലും ശുശ്രൂഷ ചെയ്തു. 1956 മുതൽ 58 വരെ കുരിശുമുട്ടം ഇടവകയിലും 1958 മുതൽ 1961 വരെ പ്ലാങ്കമൺ ഇടവകയിലും 1961 മുതൽ 64 വരെ പുളിക്കീഴ് ഇടവകയിലും വികാരിയായി ശുശ്രൂഷ ചെയ്തു. ബഹു. വടശേരി അച്ചന്റെ വിശ്വാസതീക്ഷ്ണതയും പരിശുദ്ധ കത്തോലിക്കാ സഭയുടെ വിശ്വാസങ്ങളോടും സഭാധികാരികളോടുമുള്ള വിശ്വസ്തതയും പുനരൈക്യത്തോടുള്ള അഭിവാഞ്ഛയും സഭാമക്കളെ വിശ്വാസസത്യങ്ങളും സഭാചരിത്രവും പഠിപ്പിക്കുന്നതിലുള്ള ആവേശവും അല്മായ സഹോദരങ്ങളെ പുനരൈക്യ പ്രേഷിതരായി രൂപീകരിക്കുന്നതിൽ പുലർത്തിയിരുന്ന തീക്ഷ്ണതയും സഭാവിരോധികളുടെ വാദങ്ങളെ നേരിടുന്നതിലുള്ള ധൈര്യവും വിഷയാവതരണത്തിലുള്ള സാരള്യവും മുതിർന്ന തലമുറയുടെ മനസിൽ ഇന്നും സജീവമായി നിൽക്കുന്നുണ്ട്.

## പൗരോഹിത്യ സ്വീകരണ രജതജൂബിലി

1961 ഫെബ്രുവരി ഒമ്പതാം തീയതി അദ്ദേഹത്തിന്റെ പൗരോഹിത്യ സ്വീകരണത്തിന്റെ രജതജൂബിലി തിരുവല്ല രൂപതയുടെ ആഭിമുഖ്യത്തിൽ സമുചിതമായി സെന്റ് ജോൺസ് കത്തീഡ്രലിൽ വച്ച് ആഘോഷിച്ചു. രൂപതാ വികാരി ജനറാൾ പെരിയ ബഹു. മാത്യു നെടുങ്ങാട്ടച്ചൻ ജനറൽ കൺവീനറായുള്ള കമ്മിറ്റിയാണ് ക്രമീകരണങ്ങൾക്ക് നേതൃത്വം നൽകിയത്. തിരുവനന്തപുരം, ചങ്ങനാശേരി അതിരൂപതാധ്യക്ഷന്മാരും തിരുവല്ല, കോട്ടയം, പാലാ രൂപതാധ്യക്ഷന്മാരും തിരുവനന്തപുരം, ചങ്ങനാശേരി, തിരുവല്ല രൂപതകളിൽ നിന്നുമുള്ള



**യൂദാശ്ലീഹായോടുള്ള പ്രാർത്ഥന**

മിശിഹായുടെ ചാർച്ചക്കാരനും/ വിശ്വസ്തദാസനുമായ വി. യൂദാതദേവൂസേ/ ഒറ്റിക്കൊടുത്തവന്റെ പേരുമൂലം മഹിമയേറിയ അപ്പസ്തോലനായ അങ്ങ്/ വിസ്മരിക്കപ്പെടുവാൻ കാരണമായി./ എന്നാൽ കത്തോലിക്കാസഭ മുഴുവനും/ അങ്ങയെ നിരാശരുടേയും അസാദ്ധ്യകാര്യങ്ങളുടെയും / മദ്ധ്യസ്ഥനായി ബഹുമാനിക്കുകയും / അങ്ങയോട് അഭ്യർത്ഥിക്കുകയും ചെയ്യുന്നുവല്ലോ./ നിരവധി ക്ലേശങ്ങൾ അനുഭവിക്കുന്ന എനിക്ക് / അങ്ങയുടെ മദ്ധ്യസ്ഥതയിൽ **(ഇവിടെ ആവശ്യം പറയുക)** / ഈ അനുഗ്രഹം സാധിച്ചു തരണമേ. / എന്റെ എല്ലാ ആവശ്യങ്ങളിലും / വിശിഷ്യ ഇപ്പോൾ എനിക്കു നേരിട്ടിരിക്കുന്ന ആപത്തിലും / എന്നെ പ്രത്യേകം സംരക്ഷിക്കണമേ. / ഈ ഉപകാരം ഞാൻ എന്നും ഓർത്തുകൊള്ളാമെന്നും / എന്റെ പ്രത്യേക മദ്ധ്യസ്ഥനായി / അങ്ങയെ നിരന്തരം ബഹുമാനിച്ചു കൊള്ളാമെന്നും / ഞാൻ വാഗ്ദാനം ചെയ്യുന്നു.

**ബെന്നി ആമക്കാട്**

അനേകം ബഹു. വൈദികരും വലിയ ഒരു ജനാവലിയും വടശേരിൽ കുടുംബാംഗങ്ങളും ആഘോഷങ്ങളിൽ പങ്കെടുത്തിരുന്നു. പരിശുദ്ധ മാർപാപ്പാ തിരുമേനിയുടെ പ്രത്യേക അനുമോദന ആശംസാ സന്ദേശം സമ്മേളനത്തിൽ വായിക്കുകയുണ്ടായി. ജൂബിലി സമ്മാനമായി നൽകിയ 'പണക്കിഴി' ജൂബിലേറിയന് കൂടുതൽ പുസ്തകങ്ങൾ പ്രസിദ്ധീകരിക്കുവാൻ സഹായമായി. **ജൂബിലി സ്മാരകമായി 'മാർപാപ്പയുടെ പരമാധികാരം ദൈവദത്തമോ മനുഷ്യദത്തമോ?'** എന്ന ഗ്രന്ഥവും പ്രസിദ്ധീകരിച്ചു.

## മാർപാപ്പയിൽനിന്നു ബഹുമതി

രൂപതയിലെ ഭരണക്രമീകരണങ്ങളിലുള്ള പങ്കാളിത്തവും ഇടവകഭരണവും ഗ്രന്ഥരചനയും അനുദിനമെന്നോണമുള്ള പ്രസംഗയോഗങ്ങളും ക്ലാസുകളും ചർച്ചാ സമ്മേളനങ്ങളും മൂലം വിശ്രമരഹിതമായിരുന്നു അദ്ദേഹത്തിന്റെ വൈദികജീവിതം. വിശ്രമരഹിതമായ അജപാലനശുശ്രൂഷ അദ്ദേഹത്തെ രോഗിയാക്കി. അതിനാൽ കൂടുതൽ വിശ്രമം ലഭിക്കാനായി രൂപതാധികാരികൾ അദ്ദേഹത്തെ വികാരിയുടെ ചുമതലകളിൽനിന്നും വിടുതൽ നൽകി സെന്റ് ജോൺസ് കത്തീഡ്രലിൽതന്നെ താമസിക്കുവാൻ അനുവദിച്ചു. ഈ അവസരം കൂടുതൽ ലഘുലേഖകളും പുസ്തകങ്ങളും രചിക്കുന്നതിനും പ്രസംഗങ്ങൾ നടത്തുന്നതിനുമാണ് അദ്ദേഹം വിനിയോഗിച്ചത്. പരിശുദ്ധ കത്തോലിക്കാ സഭയ്ക്ക് പ്രത്യേകിച്ച് മലങ്കര സുറിയാനി കത്തോലിക്കാ സഭയ്ക്കും മലങ്കര പുനരൈക്യത്തിനും അദ്ദേഹം നൽകിയ അനുപമമായ ശുശ്രൂഷകളെ പുരസ്കരിച്ച് സഖറിയാസ് മാർ അത്തനാസിയോസ് തിരുമേനിയുടെ ശുപാർശ പ്രകാരം പരിശുദ്ധ മാർപാപ്പാ **'പേപ്പൽ ചേംബർലയിൻ'** എന്ന പദവി നൽകി ആദരിച്ചു. 1963 ഡിസംബർ 15-ാം തീയതി തിരുവല്ലാ സെന്റ് ജോൺസ് കത്തീഡ്രലിൽ നടന്ന പ്രൗഢഗംഭീരമായ ചടങ്ങിൽവച്ച് മാർ അത്തനാസിയോസ് പിതാവ് സ്ഥാനചിഹ്നങ്ങൾ ബഹു. വടശേരി അച്ചനെ അണിയിച്ചു. അന്നു മുതൽ മലങ്കരയുടെ പ്രിയ വടശേരി അച്ചൻ മോൺസിഞ്ഞോർ വടശേരി ആയി. ഇതോടൊപ്പമാണ് ഫാ. മാത്യു നെടുങ്ങാട്ടിന് മാർപാപ്പയിൽ നിന്ന് **'ഡൊമസ്റ്റിക് പ്രിലേറ്റ്'** എന്ന ബഹുമതിയും ലഭ്യമായത്.

## ബോംബെ ദിവ്യകാരുണ്യ കോൺഗ്രസിൽ

1964 നവംബർ 28 മുതൽ ഡിസംബർ 6 വരെ ബോംബെയിൽ നടന്ന അന്താരാഷ്ട്ര ദിവ്യകാരുണ്യ കോൺഗ്രസും പ്രത്യേകിച്ച് ഡിസംബർ നാലാം തീയതി പരിശുദ്ധ പോൾ ആറാമൻ മാർപാപ്പയുടെ സാന്നിധ്യവും ഭാരതത്തിലെ കത്തോലിക്കരുടെ അഭിമാനം വാനോളമുയർത്തിയ സന്ദർഭമായിരുന്നു. വൈദികരും സന്യസ്തരും അല്മായരും ഉൾപ്പെട്ട വലിയൊരു സംഘം കേരളത്തിൽനിന്നും ദിവ്യകാരുണ്യ കോൺഗ്രസിൽ പങ്കെടുത്തു. രോഗം വകവയ്ക്കാതെ മോൺ. തോമസ് വടശേരിയും സംഘത്തോടൊപ്പം ചേർന്നു. കൊച്ചിയിൽനിന്നും ബോംബെയിലേക്കും തിരിച്ചുമുള്ള യാത്ര കപ്പലിൽ ആയിരുന്നു. മടക്കയാത്രയിൽ ഗോവയിൽ വിശുദ്ധ ഫ്രാൻസിസ് സേവ്യറിന്റെ പൂജ്യശരീരവും സംഘം സന്ദർശിച്ച് വണങ്ങി. മോൺ. വടശേരിയച്ചന് വലിയ ജീവിത സായൂജ്യമായിരുന്നു ഇത്. എന്നാൽ, ഡോക്ടർമാരുടെ വിലക്ക് വകവയ്ക്കാതെയുള്ള യാത്ര അദ്ദേഹത്തിന്റെ ആരോഗ്യത്തെ വീണ്ടും വഷളാക്കി.

## വേദനിപ്പിച്ച വേർപാടുകൾ

അദ്ദേഹം ഹൃദയംകൊണ്ട് വളരെയധികം സ്നേഹിക്കുകയും ആദരിക്കുകയും ചെയ്തിരുന്ന ചിലരുടെ മരണവും അദ്ദേഹത്തിന്റെ മാനസികവും ശാരീരികവുമായ ആരോഗ്യത്തെ എതിരായി ബാധിച്ചു. 1953 ജൂലൈ 15-ന് മാർ ഈവാനിയോസ് പിതാവിന്റെ മരണം, 1955 ജനുവരി 18-ന് മാർ സേവേറിയോസ് പിതാവിന്റെ മരണം, 1956 ജൂൺ 27-ന് മാർ തെയോഫിലോസ് പിതാവിന്റെ മരണം, 1961 ഡിസംബർ 26-ന് മാരേട്ട് എ. ഫിലിപ്പോസ് ജഡ്ജിയുടെ മരണം, 1965 ഏപ്രിൽ 28-ന് തന്റെ പ്രിയ മാതാവിന്റെ മരണം എന്നിവയൊക്കെ അദ്ദേഹത്തിന്റെ ആരോഗ്യത്തെ ക്ഷയിപ്പിച്ചു എന്നതിൽ സംശയമില്ല. എങ്കിലും അദ്ദേഹം തന്റെ സഭാസേവനം വർധിച്ച തീക്ഷ്ണതയോടെ തുടർന്നുകൊണ്ടിരുന്നു.

## അവസാനദിവസവും സ്വഭവനത്തിൽ

സഭാസേവനത്തിനായി ജീവിതം സമർപ്പിച്ചിരുന്നപ്പോഴും കുടുംബത്തോടും ബന്ധുക്കളോടും സ്നേഹവും വാത്സല്യവും പുലർത്തിയിരുന്നു. അജപാലനശുശ്രൂഷയിൽ നേരിട്ടിരുന്ന പിരിമുറുക്കങ്ങൾക്ക് അയവുവരുത്താൻ കുടുംബാംഗങ്ങളുടെ സ്നേഹവും പിൻബലവും സഹായിച്ചിരുന്നു. കുടുംബവുമായി ബന്ധപ്പെട്ട ആവശ്യങ്ങളിലൊക്കെ ഓടിയെത്തുക അദ്ദേഹത്തിന്റെ പതിവുമായിരുന്നു. 1966 ജൂലൈ 20-ാം തീയതി തമ്പലക്കാട്ട് കുടുംബത്തിൽ എത്തി പിതാവുമൊത്ത് ഉച്ചഭക്ഷണവും കഴിച്ചിട്ട്

### പരിശുദ്ധാത്മാവിനോടുള്ള പ്രാർത്ഥന

പരിശുദ്ധാത്മാവേ, എനിക്കെല്ലാം വെളിപ്പെടുത്തുകയും എനിക്ക് വഴി കാണിച്ചുതരികയും എന്നോട് മറ്റുള്ളവർ ചെയ്തതെല്ലാം ക്ഷമിക്കുവാനും മറക്കുവാനും കഴിവുതരുന്ന ദൈവികദാനം തരികയും എന്റെ ജീവിതത്തിൽ എല്ലാ ചിന്തകളിലും ഉള്ളവനുമായ അങ്ങേക്ക് ഞാൻ നന്ദി പറയുന്നു. എത്ര വലിയ ഭൗതിക ആഗ്രഹങ്ങൾ എന്നിലുണ്ടായാലും ഒരു നിമിഷം പോലും അങ്ങയിൽനിന്ന് അകലുവാനോ വേർപെടുവാനോ ഞാൻ ആഗ്രഹിക്കുന്നില്ല എന്നു ഞാൻ തീർത്തു പറയുന്നു. നിത്യമഹത്വത്തിൽ അങ്ങയുടെകൂടെ ആയിരിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ദൈവഹിതത്തിന് വിധേയപ്പെട്ടുകൊണ്ട് ഞാൻ അങ്ങയോട് ചോദിക്കുന്നു.

ബെന്നി ആമക്കാട്

മുണ്ടക്കയത്ത് പിതൃസഹോദരരുടെ ഭവനങ്ങൾ സന്ദർശിച്ചു. രാത്രി അവിടെ വിശ്രമിക്കുമ്പോൾ ശാരീരിക അസ്വസ്ഥകൾ അനുഭവപ്പെട്ടതിനെ തുടർന്ന് മുണ്ടക്കയം മെഡിക്കൽ ട്രസ്റ്റ് ആശുപത്രിയിൽ പ്രവേശിപ്പിച്ചു. അദ്ദേഹത്തിന്റെ ആവശ്യപ്രകാരം മുണ്ടക്കയം സീറോ മലബാർ പള്ളിയിൽനിന്ന് ബഹു. വികാരി ഫാ. ജോസഫ് കാവാലം അച്ചൻ എത്തി രോഗീലേപന കൂദാശ പരികർമം ചെയ്തു. അർധരാത്രിക്കുശേഷം അദ്ദേഹം തന്റെ ഇഹലോകശുശ്രൂഷകൾ പൂർത്തിയാക്കി നിത്യസമ്മാനത്തിനായി യാത്രയായി.

### വേർപാടിന്റെ വേദന

ജൂലൈ 21-ാം തീയതി രാവിലെ മൃതശരീരം തിരുവല്ല സെന്റ് ജോൺസ് കത്തീഡ്രലിൽ കൊണ്ടുവന്നു. മധ്യതിരുവിതാംകൂറിൽ പുനരൈക്യ പ്രേഷിത ശുശ്രൂഷയുടെ തേരുനയിച്ചിരുന്ന തങ്ങളുടെ പ്രിയങ്കരനായ വടശേരി അച്ചന്റെ ചേതനയറ്റ ശരീരം കണ്ട് അനേകർ വിങ്ങിപ്പൊട്ടി. അനുസ്മരണ പ്രഭാഷണം നടത്തുന്നതിനിടെ സഖറിയാസ് മാർ അത്തനാസിയോസ് പിതാവും വിതുമ്പി, പ്രഭാഷണം പൂർത്താ യാക്കാനാവാതെ പിൻവാങ്ങി. ഫാ. ജേക്കബ് വലിയപറമ്പിൽ സന്ദേശം പൂർത്തിയാക്കി. അനേകായിരങ്ങൾ അശ്രുപൂജയർപ്പിക്കുവാൻ കത്തീഡ്രലിലേക്ക് ഒഴുകിയെത്തി. സഖറിയാസ് മാർ അത്തനാസിയോസ് പിതാവിന്റെ മുഖ്യകാർമികത്വത്തിൽ വിശുദ്ധ കുർബാനയും വൈദിക കബറടക്കത്തിന്റെ ഒരു ശുശ്രൂഷയും നടത്തി. മൃതശരീരം വിലാപയാത്രയായി തിരുവല്ലാ ദീപാ ജംഗ്ഷൻ വരെ എത്തിച്ചു. തുടർന്ന് വാഹനങ്ങളുടെ അകമ്പടിയോടെ തമ്പലക്കാട് ഭവനത്തിലെത്തിച്ച് പ്രാർത്ഥനകൾക്കുശേഷം തമ്പലക്കാട് ഇടവക സെമിത്തേരിയിൽ കബറടക്കി. മാർ അത്തനാസിയോസ് പിതാവ് ശുശ്രൂഷകൾക്ക് നേതൃത്വം നൽകി. വടശേരി അച്ചന്റെ സതീർഥ്യൻ മോൺ എൽ.ജെ. ചിറ്റൂർ അനുസ്മരണ പ്രഭാഷണം നടത്തി. വടശേരി അച്ചനെ പുനരൈക്യ ശുശ്രൂഷയിലേക്ക് കൂട്ടിക്കൊണ്ടുവരുവാൻ ദൈവകരങ്ങളിൽ ആയുധമായ മോൺ. ജേക്കബ് വെള്ളരിങ്ങാട്ട് ശുശ്രൂഷകളിൽ സഹകാർമികനായിരുന്നു. (ഫാ. ജേക്കബ് വെള്ളരിങ്ങാട്ടിന് 1964ൽ പരിശുദ്ധ മാർപാപ്പാ 'ഡോമസ്റ്റിക് പ്രിലിറ്റ്' എന്ന പദവി നൽകി ആദരിച്ചു). വലിയൊരു ജനാവലി ശുശ്രൂഷകളിൽ പങ്കെടുത്തു.

### പിൻമൊഴി

പുനരൈക്യത്തിന്റെ ആദ്യനാളുകളിൽ പ്രസംഗങ്ങളിലൂടെയും ലേഖനങ്ങളിലൂടെയും ലഘുലേഖകളിലൂടെയും ഗ്രന്ഥങ്ങളിലൂടെയും കത്തോലിക്കാസഭയെ തകർക്കുവാൻ കച്ചകെട്ടിയിറങ്ങിയ സത്യസഭാവിരോധികളെ അതേ നാണയത്തിൽ പ്രതിരോധിക്കുവാൻ അരയും തലയും മുറുക്കി കളത്തിലിറങ്ങിയ വടശേരി അച്ചൻ മലങ്കരയിലാകമാനം കൊടുങ്കാറ്റുപോലെ വീശിയടിച്ചു. അദ്ദേഹത്തിന്റെ ജ്ഞാനത്തിന്റെയും ഭാഷാ നൈപുണ്യത്തിന്റെയും മുമ്പിൽ ശത്രുക്കൾ തകർന്നടിഞ്ഞു. ശത്രുക്കളുടെ വിതണ്ഡവാദങ്ങൾക്ക് **'ഉരുളയ്ക്ക് ഉപ്പേരി'** പോലെ മറുപടി കൊടുത്തിരുന്ന അദ്ദേഹം സഭാതനയർക്ക് ഹരമായതിൽ അത്ഭുതമില്ല. **അദ്ദേഹത്തിന്റെ ആകസ്മിക നിര്യാണം സഭയ്ക്ക് തീരാനഷ്ടവും സഭാമക്കൾക്ക് തീരാദുഃഖവുമായി.** അദ്ദേഹത്തെ അറിയുന്ന മുതിർന്ന തലമുറയ്ക്ക് 'വടശേരി അച്ചൻ' എന്നു കേൾക്കുന്നത് ഇന്നും ആവേശദായകമാണ്. അദ്ദേഹത്തിന്റെ വിഷയാവതരണ ശൈലിയും ഭാഷാപ്രയോഗങ്ങളും സംബന്ധിച്ച്; രൂക്ഷതയും മൂർഛയും കൂടുതലാണ് കുറച്ചുകൂടി മാർദ്ദവവും മധുരവുമാകുന്നതാണ് നല്ലതെന്നു കരുതിയവരും ഉണ്ടായിരുന്നു. അഭിവന്ദ്യ ജോസഫ് മാർ സേവേറിയോസ് മെത്രാപ്പോലീത്താ പോലും ശൈലീ മാറ്റത്തെക്കുറിച്ച് അദ്ദേഹത്തോടു സൂചിപ്പിച്ചിരുന്നതായി മുതിർന്നവരിൽ നിന്നറിയാൻ കഴിഞ്ഞിട്ടുണ്ട്. **"വെട്ടാൻ വരുന്ന പോത്തിനോട് വേദമോതീട്ട് കാര്യമില്ല"** എന്നതായിരുന്നു അപ്പോൾ വടശേരി അച്ചന്റെ മതം. ചിന്താധാരയിലുള്ള ഈ വ്യത്യാസമാണ് വികാരി ജനറാൾസ്ഥാനത്തുനിന്നുള്ള അദ്ദേഹത്തിന്റെ മാറ്റത്തിനു കാരണമായതെന്നു കരുതുന്നവരും ഉണ്ട്. അതെന്തായിരുന്നാലും **സ്ഥാനങ്ങളോ പദവികളോ അദ്ദേഹത്തെ അശേഷം ആകർഷിച്ചിരുന്നില്ല. പുനരൈക്യത്തിന്റെ പ്രേഷിതനായിരിക്കുക, അതുമാത്രമായിരുന്നു അദ്ദേഹത്തിന്റെ താല്പര്യം.** അവസാനശ്വാസം വരെ അദ്ദേഹം അപ്രകാരമായിരുന്നു താനും.

**"ശാന്തമായ കടൽ ഒരിക്കലുമൊരു നല്ല കപ്പിത്താനെ സൃഷ്ടിക്കില്ല; തെളിഞ്ഞ ആകാശം ഒരിക്കലും ഒരു നല്ല വൈമാനികനെ ഉണ്ടാക്കില്ല; പ്രയാസങ്ങളില്ലാത്ത ജീവിതം ഒരിക്കലുമൊരു കരുത്തനെ വാർത്തെടുക്കുകയില്ല".** ■

## ആദരാഞ്ജലികൾ



**കാലം ചെയ്ത സി.എസ്.ഐ. സഭയുടെ ബിഷപ്പ് സാം മാത്യുവിന് അതിരൂപതയുടെ ആദരാഞ്ജലികൾ**




# "ന്യൂ ജനറേഷൻ...?"

പ്രിയ അനീഷ് മാമ്മൂട്ടിൽ



'ന്യൂ ജനറേഷൻ' - കാലത്തിന്റെ ഒഴുക്കിൽ കടന്നുപോയ്ക്കൊണ്ടിരിക്കുന്ന ഓരോ യുവതലമുറയും വിശേഷിപ്പിക്കപ്പെടുന്ന സുപരിചിതമായ വാക്ക്. വർത്തമാനകാലഘട്ടത്തിലെ യുവജനതയെ ന്യൂജനറേഷൻ എന്നുവിളിക്കുമ്പോൾ യഥാർത്ഥത്തിൽ നാം എന്താണ് അർത്ഥമാക്കുന്നത്? ഒരു വിചിന്തനം അനിവാര്യമാണെന്ന് എനിക്ക് തോന്നുന്നു.

നൂതന സാങ്കേതിക വിദ്യങ്ങളും, വികസിത ശാസ്ത്രീയ വീക്ഷണങ്ങളും സ്വായത്തമാക്കിയ ആധുനിക സംസ്കാരത്തിന്റെ വക്താക്കൾ ആയാണ് ന്യൂജനറേഷനെ പലപ്പോഴും നാം കാണുക. എന്നാൽ ഒന്നടുത്തു നോക്കിയാൽ അയഥാർത്ഥമായ മായികലോകത്ത് പളുങ്കുകൊട്ടാരം നിർമ്മിച്ച് അതിൽ ജീവിക്കുന്ന കഥയില്ലാത്ത മനുഷ്യരായി നമുക്കവരെ കാണാം. ശാസ്ത്ര-സാങ്കേതിക ജ്ഞാനവും കലാ-സാഹിത്യ പാടവവും എല്ലാം നല്ലതുതന്നെ. പക്ഷെ അവയുടെ മാത്രം പിൻതാങ്ങോടു കൂടി ഒരു മനുഷ്യജീവിതം അതിന്റെ പൂർണ്ണമായ അർത്ഥതലങ്ങൾ കണ്ടെത്തുമോ എന്നത് സംശയകരമായ ഒരു കാര്യമാണ്. അല്ലാത്ത പക്ഷം ശാസ്ത്ര-സാങ്കേതിക വിദ്യകളുടെ വികാസത്തോടെ നമ്മുടെ ഈ ലോകം ഒരു പറുദീസ ആയി മാറിയേനെ. ഏദനിലെ വിലക്കപ്പെട്ട കനി ഈ ഒരു സത്യമാണ് നമ്മെ ചൂണ്ടിക്കാട്ടുന്നത്. അറിവിന്റെ വൃക്ഷത്തിലെ ഫലം ഭക്ഷിച്ച ആദവും ഹവ്വായും അറിവുള്ളവരായിത്തീർന്നു. എന്നാൽ തത്സമയം തന്നെ അവരിലെ ജീവാത്മാവിന്റെ അഗ്നി എന്നന്നേക്കുമായി അണഞ്ഞു. സങ്കീർത്തകൻ പറയുന്നു: "ദൈവഭക്തിയാണ് ജ്ഞാനത്തിന്റെ ഉറവിടം; പരിശുദ്ധനായവനെ അറിയുന്നതാണ് അറിവ്." എന്നാൽ ന്യൂജനറേഷൻ ആസ്വദിക്കുന്നത് വിലക്കപ്പെട്ട അറിവിന്റെ കനിയല്ലെ എന്നു നാം ചിന്തിക്കേണ്ടിയിരിക്കുന്നു. മദ്യം, മയക്കുമരുന്ന്, ലഹരിപദാർത്ഥങ്ങൾ ഇവയോടുള്ള ആസക്തി, ദൈവാലയം ആയി കാണപ്പെടേണ്ട മനുഷ്യശരീരത്തെ അപമാനകരമായി ചിത്രീകരിക്കൽ, ആരാധനാലയങ്ങളോടും ആത്മീയമനുഷ്യരോടും പ്രകടിപ്പിക്കുന്ന നിന്ദ ഇവയെല്ലാം വിലക്കപ്പെട്ട കനിയുടെ വിവിധങ്ങളായ രുചികളാണ്. വിലക്കപ്പെട്ട കനി ആസ്വാദ്യകരവും, (നയനാനന്ദകരവുമായിരുന്നു! )ഇപ്രകാരം കണ്ണിന് കൗതുകവും, കാതിന് ഇമ്പവും, വായ്ക്ക് രുചിയും നൽകുന്നതായ എന്തും അത് മനസ്സിന്റെ ദുരാസക്തിയെ സന്തോഷിപ്പിക്കുന്നതെങ്കിൽ സ്വീകരണീയം എന്ന് പുതുതലമുറയ്ക്ക് തോന്നുന്നുവെങ്കിൽ ആ ഗണത്തിന്റെ അധിപൻ യേശുവല്ല മറിച്ച് സാത്താൻ ആണെന്ന് തിരിച്ചറിയുക. "രണ്ട് യജമാനൻമാരെ സേവിക്കാൻ ആർക്കും സാധിക്കുകയില്ല: ഒന്നുകിൽ, ഒരുവനെ ദ്വേഷിക്കുകയും അപരനെ സ്നേഹിക്കുകയും ചെയ്യും; അല്ലെങ്കിൽ ഒരുവനെ ബഹുമാനിക്കുകയും അപരനെ (നിന്ദിക്കുകയും) ചെയ്യും. ദൈവത്തെയും മാമോനെയും സേവിക്കാൻ നിങ്ങൾക്ക് സാധിക്കുകയില്ല" (മത്തായി 6:24) എന്ന് യേശുനാഥൻ പറഞ്ഞത് ഓർക്കുക.

കുറെ നാളുകൾക്ക് മുൻപ് നടന്ന ഒരു സംഭവം ഞാനിവിടെ ഓർക്കുന്നു: ഒരു അവധിദിനം തങ്ങളുടെ മകളെയും മരുമകനെയും കാണുവാനെത്തിയ ഒരു കത്തോലിക്കാ കുടുംബത്തിലെ മാതാപിതാക്കൾ ഇരുവർക്കും സമ്മാനമായി നൽകിയത് വിലകൂടിയ രണ്ടിനം മദ്യങ്ങളായിരുന്നു. സഭയിലെ (വിശ്വാസികൾക്കിടയിൽ) വളർന്നുകൊണ്ടിരിക്കുന്ന ആത്മീയ ജീർണ്ണതയുടെ മുഖമാണ് ഇത് നമ്മെ വരച്ചു കാട്ടുന്നത്. (ഇത്തരുണത്തിൽ) മക്കളുടെ പാപപ്രവണതകളുടെ വളമിട്ട് പരിപോഷിപ്പിക്കുന്ന പക്വതയെത്താത്ത മാതാപിതാക്കളും, വിവേകമില്ലാത്ത സുഹൃദ്വലയങ്ങളുമാണ് യുവതലമുറയെ സ്വാധീനിച്ചുകൊണ്ടിരിക്കുന്നത്. ഇത്തരം അജ്ഞതകളെ സംബന്ധിച്ച് യേശു തമ്പുരാൻ ഇപ്രകാരം

താക്കീത് നൽകുന്നു. "വിശ്വസിക്കുന്ന ഈ ചെറിയവരിൽ ഒരുവന് ഇടർച്ച വരുത്തുന്നവൻ ആരായാലും അവന് കൂടുതൽ നല്ലത്, ഒരു വലിയ തിരികല്ലു കഴുത്തിൽ കെട്ടി കടലിൽ എറിയപ്പെടുന്നതാണ്" (മർക്കോസ് 9:42).

ക്രിസ്തുവാകുന്ന തിരുശരീരത്തിലെ വിഭിന്നങ്ങളായ അവയവങ്ങളാണ് നാം. അന്ധന്റെ കാഴ്ചയായും, ബധിരന്റെ കേൾവിയായും, മൂകന്റെ ശബ്ദമായും യുവജനങ്ങളെ നാം മാറണം. പിഞ്ചുകുഞ്ഞുങ്ങൾ അമ്മയുടെ ഉദരത്തിൽ വെച്ചുതന്നെ കൊല്ലപ്പെടുമ്പോൾ, നിഷ്കളങ്ക ബാല്യങ്ങൾ തെരുവോരങ്ങളിൽ പിച്ചിച്ചീന്തപ്പെടുമ്പോൾ, നമ്മുടെ അമ്മപെങ്ങൻമാരുടെ മാനത്തിന് വില പറയപ്പെടുമ്പോൾ, നമ്മുടെ മാതാപിതാക്കൾ നായ്ക്കളെപ്പോലെ ആട്ടിയോടിക്കപ്പെടുമ്പോൾ, നമുക്ക് ചുറ്റിലുമുള്ളവർ ഒരു നേരത്തെ ആഹാരം പോലും ഇല്ലാതെ വിശന്നു മരിക്കുമ്പോൾ ഒരൽപ്പംപോലും നിരാശയില്ലാതെ



സ്വസ്ഥമായി ജീവിക്കുന്നതാണോ നാം പഠിച്ച ക്രിസ്തീയ സമാധാനം? ദൈവത്തെ ഏറ്റവും പ്രകോപിതനാക്കുന്ന മനോഭാവമാണ് സ്വാർത്ഥതയുടെ സഹോദരനായ ഈ നിസ്സംഗത. അവിടുന്ന് അരുളിച്ചെയ്യുന്നു "നിന്റെ പ്രവൃത്തികൾ ഞാനറിയുന്നു; നീ തണുപ്പോ ചൂടോ ഉള്ളവനല്ല; തണുപ്പോ ചൂടോ ഉള്ളവനായിരുന്നെങ്കിൽ എന്നു ഞാൻ ആഗ്രഹിക്കുന്നു. ചൂടോ തണുപ്പോ ഇല്ലാതെ മന്ദോഷ്ണനാകയാൽ നിന്നെ ഞാൻ എന്റെ വായിൽനിന്നു തുപ്പിക്കളയും" (വെളിപാട് 3:15,16).

ആഡംബരങ്ങൾക്കും അധികാരങ്ങൾക്കും വേണ്ടി തിരുവോസ്തിയെ സാത്താൻ സേവകർക്ക് മുൻപിൽ വിൽക്കുമ്പോൾ, ലോകം ഇന്നേവരെ കണ്ടിട്ടില്ലാത്ത മതമർദനം ക്രൈസ്തവ സഭയ്ക്കു നേരെ ആഞ്ഞടിക്കുമ്പോൾ, പിഞ്ചുകുഞ്ഞുങ്ങൾ മുതൽ വയോധികർ വരെ ക്രിസ്തുവിന്റെ നാമത്തിൽ നിഷ്ക്കരുണം കൊലചെയ്യപ്പെടുമ്പോൾ ഇവിടെ ക്രിസ്ത്യാനി ആയതിലും, ദൈവാലയത്തിൽ പോകുന്നതിലും, സുവിശേഷം പ്രഘോഷിക്കുന്നതിലും യുവജനങ്ങളെ നിങ്ങൾക്ക് അപമാനം തോന്നുന്നുവോ!? ക്രിസ്തുവിന്റെ മഹത്വത്തെക്കാൾ വലിയ എന്തു പ്രഭുത്വമാണ് നിങ്ങൾ ആഗ്രഹിക്കുന്നത്?! ഇത് കേൾക്കുക... "മനുഷ്യരുടെ മുമ്പിൽ എന്നെ ഏറ്റുപറയുന്നവനെ എന്റെ സ്വർഗ്ഗസ്ഥനായ പിതാവിന്റെ മുമ്പിൽ ഞാനും ഏറ്റുപറയും മനുഷ്യരുടെ മുമ്പിൽ എന്നെ തള്ളിപ്പറയുന്നവനെ എന്റെ സ്വർഗ്ഗസ്ഥനായ പിതാവിന്റെ മുമ്പിൽ ഞാനും തള്ളിപ്പറയും" (മത്തായി 10:32,33).

സമയം ഹ്രസ്വമാണ്. കാലചക്രം അതിവേഗം അന്ത്യവിധിയിലേക്ക് പാഞ്ഞുകൊണ്ടിരിക്കുന്നു. ജീവിത വിശുദ്ധി ഒരു വ്രതമായി നമുക്ക് മാറട്ടെ. അരോചകവും അനിവാര്യവുമാണെന്ന് സത്യപുസ്തകം നമ്മെ ആവർത്തിച്ച് ഓർമ്മപ്പെടുത്തുന്നു. "ദൈവത്തിന്റെ ആലയം നശിപ്പിക്കുന്നവനെ ദൈവവും നശിപ്പിക്കും എന്തെന്നാൽ ദൈവത്തിന്റെ ആലയം പരിശുദ്ധമാണ്, ആ ആലയം നിങ്ങൾ തന്നെ." (1 കോറിന്തോസ് 3:17)

നോഹയുടെ കാലത്ത് ജലപ്രളയം ഭൂമിയെ മൂടിയതും, സോദോംഗൊമോറായിൽ അഗ്നിമഴ പെയ്തിറങ്ങിയതും, സമാധാനപുത്രനായ യേശുവിന്റെ കരങ്ങളിൽ ചാട്ടവാർ ഉയർന്നപ്പോൾ അവന്റെ കണ്ണുകളിൽ ദൈവപുത്രന്റെ ഉഗ്രക്രോധം നാം ദർശിച്ചതും ഈ വിശുദ്ധി നഷ്ടപ്പെടുത്തിയപ്പോഴാണ്. ഞാൻ ചുരുക്കട്ടെ... സീയോനിലേക്കുള്ള ഈ യാത്രയിൽ ഒരു വഴിത്താര നാം സ്വീകരിച്ചേ മതിയാവൂ. എന്തുതന്നെ സ്വീകരിച്ചാലും ഏത് മാർഗ്ഗത്തിലൂടെ ചരിച്ചാലും ജീവിതാന്തം എന്ന ഒന്ന് ഉണ്ടെന്നും അവയ്ക്കെല്ലാം ഈ ലോകത്തിലും വരാനിരിക്കുന്ന ലോകത്തിലും ഒരു പ്രതിഫലം ഉണ്ടെന്നും ഓർത്തുകൊള്ളുക. കർത്താവ് അരുളിച്ചെയ്യുന്നു... "അനീതി ചെയ്യുന്നവൻ ഇനിയും അനീതി ചെയ്തുകൊള്ളട്ടെ. പാപക്കറ പുരണ്ടവൻ ഇനിയും അങ്ങനെ തന്നെ കഴിഞ്ഞുകൊള്ളട്ടെ. നീതിമാൻ ഇനിയും നീതി പ്രവർത്തിക്കട്ടെ. വിശുദ്ധൻ ഇനിയും വിശുദ്ധീകരിക്കപ്പെടട്ടെ" എന്തെന്നാൽ.."ഇതാ ഞാൻ വേഗം വരുന്നു... !"(വെളിപ്പാട് 22:11,12,20).

ആമേൻ!

## അമ്മ മനസ്സ്



ലീലാമ്മ ബാബു,
കച്ചറയ്ക്കൽ

# വാഗ്ദാനപേടകമായ പരിശുദ്ധ മറിയം

ജപമാലയുടെ ലുത്തിനിയായിൽ നാം പ്രാർത്ഥിക്കാറുണ്ട്;

'വാഗ്ദാനത്തിന്റെ പേടകമേ ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമെ' എന്ന്. ദൈവം അരുൾ ചെയ്ത വാഗ്ദാനത്തിന്റെ പേടകമാണ് കന്യകമറിയം. ഈ പേടകം എത്രയും പവിത്രമായിരിക്കണമെന്ന് ദൈവത്തിന് നിർബന്ധമുണ്ടായിരുന്നു. ദൈവം മോശയ്ക്ക് നൽകിയ ഒരു പേടകത്തെപ്പറ്റി പുറപ്പാടിന്റെ പുസ്തകത്തിൽ നാം കാണുന്നുണ്ട് (പുറ. 25:10-22). ഇതിന്റെ നിർമ്മിതിയെക്കുറിച്ചും ആവശ്യകതയെക്കുറിച്ചും വിശദമായ നിർദ്ദേശങ്ങളും മറ്റും മോശയ്ക്ക് നൽകുന്നുണ്ട്. മരുഭൂമിയിലുള്ള കഷ്ടപ്പാടിലും യാത്രയിലും ഇസ്രായേൽക്കാർ പത്ത് കല്പനകൾ സൂക്ഷിച്ചിരുന്ന പേടകം. അത് സമാഗമകൂടാരത്തിൽ പ്രതിഷ്ഠിച്ചുവയ്ക്കുമായിരുന്നു. പവിത്രമായ പേടകം ആദരവോടെ സൂക്ഷിക്കണമെന്നും അനാദരവോടെ അത് സ്പർശിക്കരുതെന്നും ദൈവം അരുളിച്ചെയ്തിരുന്നു. അതിന് വിപരീതം പ്രവർത്തിക്കുന്നവർ അതിന്റെ ദുരന്തഫലം അനുഭവിച്ചിരുന്നു.

ദൈവത്തിന്റെ കല്പനകൾ വഹിച്ച പേടകം ഇത്രയും പരിശുദ്ധമാകുന്നുവെങ്കിൽ, അതിനെ അനാദരവോടെ സ്പർശിക്കുന്നത് വലിയ ശിക്ഷയ്ക്ക് കാരണമാകുന്നുവെങ്കിൽ, മിശിഹായെ ഉദരത്തിൽ വഹിക്കുവാൻ ഭാഗ്യം ലഭിച്ച പരിശുദ്ധ മറിയം എത്രമാത്രം വിശുദ്ധയായിരിക്കണം. ജന്മപാപം ഏല്ക്കാതെ ജനിച്ചവൾ, കൃപനിറഞ്ഞ മറിയം, കൃപയുടെ നീർച്ചാലുകൾ സ്വജീവിതത്തിൽ ഏറ്റുവാങ്ങിയവൾ, ദൈവികപദ്ധതിയോട് പൂർണ്ണമായി സഹകരിച്ചവൾ, ആത്മത്യാഗത്തിന്റെയും സമ്പൂർണ്ണ സമർപ്പണത്തിന്റെയും ഉത്തമ മാതൃക - ഇതാണ് പരിശുദ്ധ കന്യക മറിയം. "മറിയമാകട്ടെ ഇവയെല്ലാം ഹൃദയത്തിൽ സംഗ്രഹിച്ച് ഗാഢമായി ചിന്തിച്ചുകൊണ്ടിരുന്നു" (ലൂക്കാ. 2:19). വചനത്തിന്റെ നിറഞ്ഞ കലവറയായിരുന്നു മറിയം. മാലാഖമാരും ഇടയന്മാരും ദീർഘദർശികളും ഒക്കെ പറഞ്ഞ കാര്യങ്ങളുടെ സമൃദ്ധമായ കലവറയായിരുന്നു മറിയത്തിന്റെ ഹൃദയം. അതായത് ദൈവവചനം സൂക്ഷിക്കുന്ന ദിവ്യപേടകം. ദൈവവചനങ്ങളല്ലാതെ മറിയത്തിന്റെ ഹൃദയത്തിൽ മറ്റൊന്നുമില്ലായിരുന്നു. ദൈവത്തോട് നിരന്തരം പ്രാർത്ഥനയിലൂടെ സംഭാഷണത്തിലേർപ്പെട്ടിരുന്നവൾ.

യേശുവിന്റെ ജനനം മുതൽ മരണം വരെയുള്ള പ്രതിസന്ധിഘട്ടങ്ങൾ മറിയത്തിന് ക്ഷമാപൂർവ്വം തരണം ചെയ്യാൻ സാധിച്ചത് വിശ്വാസത്തിന്റെ വലിയ ബലത്താലാണ്. വാഗ്ദാനപേടകമായ മറിയം തിരുസഭയുടെ വക്താവാണ്. പിതാവായ ദൈവം പത്തുകല്പനകൾ അടങ്ങിയ വാഗ്ദാനപേടകം നൽകി ഇസ്രായേൽ ജനതയെ സംരക്ഷിച്ചു. പരിശുദ്ധ മറിയം ദൈവസുതനെ തന്റെ ഉദരമായ ദിവ്യപേടകത്തിൽ സംവഹിച്ച് നമുക്കോരോരുത്തർക്കും രക്ഷ പ്രദാനം ചെയ്തു. ക്രിസ്തുവിന്റെ അമ്മ നമ്മുടെയും അമ്മയാണ്. മാത്രമല്ല സ്വർഗത്തിലുള്ള നമ്മുടെ അമ്മയും മദ്ധ്യസ്ഥയും കൂടിയാണ്. ഈ അമ്മ വഴി നമുക്ക് സ്വർഗീയ പറുദീസയിൽ എത്തിച്ചേരുവാൻ സാധിക്കണം. അമ്മയുടെ മാദ്ധ്യസ്ഥം അതിനായി യാചിക്കണം. ഈ മെയ് മാസം പ്രത്യേകമായി പരിശുദ്ധ മാതാവിനോടുള്ള ഭക്തിയും വണക്കവും പ്രാർത്ഥനയും നടത്തുന്ന പതിവ് പലയിടത്തും ഉണ്ട്. നമുക്കും ദിവസം തോറുമുള്ള ജപമാലയുടെ എണ്ണം കൂട്ടുകയും മാതാവിനോടുള്ള ഭക്തി വർദ്ധിപ്പി



ക്കുകയും ചെയ്യാം. ദൈവം അരുളിചെയ്ത കാര്യങ്ങൾ നിറവേറുമെന്ന് വിശ്വസിച്ച മറിയം, സഖറിയാ – എലിസബത്ത് ദമ്പതികളുടെ ദുഃഖവും ഏകാന്തതയും തളംകെട്ടി നിന്ന കുടുംബത്തിൽ പ്രവേശിച്ചപ്പോൾ എലിസബത്തിന്റെ ഉദരത്തിൽ ശിശു സന്തോഷത്താൽ കുതിച്ചു ചാടി (ലൂക്കാ 1:41). പരിശുദ്ധാത്മാവ് നിറഞ്ഞ വ്യക്തികളുടെ സാന്നിദ്ധ്യം അനുഭവിക്കുന്നവരും പരിശുദ്ധാത്മാവിൽ നിറയും. അവർക്ക് സന്തോഷവും സമാധാനവും കൈവരും. ഭവനത്തിലും മറ്റു വ്യക്തികളോടും സുവിശേഷം പറഞ്ഞ മറിയം സുവിശേഷ പ്രഘോഷകർക്ക് ഉത്തമ മാതൃകയും വഴികാട്ടിയുമാണ്. യേശുവിന്റെ വംശാവലിയിലെ ഏതാനും സ്ത്രീകളിൽ ഒരുവളാണ് മറിയം (മത്തായി 1:16). ആ കന്യകയോടാണ് ഗബ്രിയേൽ ദൈവദൂതൻ മംഗളവാർത്ത അറിയിച്ചത് (ലൂക്കാ. 1:26 28). അന്നുമുതൽ സഹനത്തിന്റെ തീക്കനലുകൾ ഏറ്റെടുത്ത അമ്മ കുരിശിൻ ചുവടുവരെ തന്റെ പുത്രനെ അനുഗമിച്ചു. അവിടെവച്ച് താൻ സ്നേഹിച്ച ശിഷ്യനോട് യേശു പറഞ്ഞു: "ഇതാ നിന്റെ അമ്മ" (യോഹ. 19:27). താൻ ഏറ്റവും സ്നേഹിച്ച ശിഷ്യൻ യോഹന്നാനാണെന്ന് എല്ലാവർക്കും അറിയാം. എന്നാൽ ഈ അമ്മയെ നൽകിയത് യോഹന്നാന് മാത്രമായിട്ടല്ല, തന്നിൽ വിശ്വസിക്കുന്ന എല്ലാവർക്കുമായി യേശു നൽകിയ അന്ത്യസമ്മാനമാണ് പരിശുദ്ധ അമ്മ.

നമുക്ക് അമ്മയോട് പ്രാർത്ഥിക്കാം. "പരിശുദ്ധ മറിയമെ, വാഗ്ദാനത്തിന്റെ പേടകമെ, ഞങ്ങൾക്കു വേണ്ടി അപേക്ഷിക്കണമെ" എന്ന്. യേശുവിലേക്കുള്ള പാതകൾ പരിശുദ്ധ അമ്മ നമുക്ക് കാട്ടിത്തരും.


# കരുണയുടെ നീർച്ചാലൊഴികിയപ്പോൾ സഹപാഠികൾക്ക് സ്നേഹക്കൂടൊരുങ്ങി





തിരുമൂലവിലാസം യു.പി. സ്കൂളിലെ വിദ്യാർത്ഥികൾ തങ്ങളുടെ സഹപാഠികളായ റോഷനും ഷാരോണിനും വേണ്ടി ഒരു സ്നേഹഭവനം നിർമ്മിച്ച് ഈ കരുണയുടെ വർഷത്തിൽ മറ്റുള്ളവർക്ക് മാതൃകയായി. മാതാപിതാക്കൾ നഷ്ടപ്പെട്ട തിരുവൻവണ്ടൂർ നന്നാട് വെട്ടിക്കൽ വീട്ടിൽ റോഷൻ, ഷാരോൺ എന്നിവർക്ക് സ്വന്തമായി കിടപ്പാടംപോലും ഇല്ലാതിരുന്ന അവസ്ഥയിൽ സ്കൂളിലെ എൽ.കെ.ജി മുതൽ 7-ാം ക്ലാസ്സ് വരെയുള്ള കുട്ടിൾ ഒന്നടങ്കം കൈകോർത്തപ്പോൾ ഒരുങ്ങിയത് അവർക്കായി ഒരു സ്നേഹഭവനം. കുട്ടികളെ കൂടാതെ രക്ഷകർത്താക്കൾ, അധ്യാപകർ, പൂർവ്വവിദ്യാർത്ഥികൾ, നാട്ടുകാർ എല്ലാവരും ഏകമനസോടെ പ്രവർത്തിച്ചപ്പോൾ നല്ലൊരു തുക ഇതിനായി സമാഹരിക്കാൻ സാധിച്ചു. ഹെഡ്മിസ്ട്രസ് സി. ലിനറ്റ് SIC, PTA പ്രസിഡണ്ട് ശ്രീ.റ്റി.എ. റെജികുമാർ എന്നിവരുടെ നേതൃത്വത്തിലുള്ള കമ്മിറ്റി ഇതിനു നേതൃത്വം നല്കി.

സ്നേഹക്കൂട് എന്ന് കുട്ടികൾ തന്നെ പേരിട്ട ഈ ഭവനത്തിന്റെ സമർപ്പണ സമ്മേളനം 2016 ഫെബ്രുവരി 16 ചൊവ്വ രാവിലെ 9.30 ന് തിരുവല്ല അതിരൂപത ആർച്ച് ബിഷപ്പ് അഭി. ഡോ. തോമസ് മാർ കൂറിലോസ് മെത്രാപ്പോലീത്താ ഉദ്ഘാടനം ചെയ്തു. PTA പ്രസിഡണ്ട് ശ്രീ.റ്റി.എ. റെജികുമാർ അദ്ധ്യക്ഷത വഹിച്ച സമ്മേളനത്തിൽ സിനിമാ സംവിധായകൻ ശ്രീ. ബ്ലെസ്സി താക്കോൽദാന സമർപ്പണം നടത്തി. തുടർന്ന് നന്നാട് നിർമ്മിച്ച ഭവനത്തിന്റെ ആശിർവാദകർമ്മം വനവാതുക്കര ലിറ്റിൽ ഫ്ളവർ റോമൻ കാതലിക് ചർച്ച് വികാരി ഫാ. മാത്യു കുറുമ്പുറത്ത് നിർവഹിച്ചു. ശ്രീ. പി. സി. വിഷ്ണുനാഥ് MLA മീറ്റിംഗ് ഉദ്ഘാടനം ചെയ്തു. അങ്ങനെ തിരുമൂലവിലാസത്തിന്റെ പൊന്നോമനകൾക്ക് ചാരിതാർത്ഥ്യം പകർന്നുകൊണ്ട് സ്നേഹക്കൂട് റോഷനും, ഷാരോണിനും സ്വന്തമായി.





**ബിനു കണ്ണന്താനം**
പേഴ്സണാലിറ്റി ഡെവലപ്മെന്റ്
ട്രെയ്നർ

# സിവിൽ സർവ്വീസ് പരീക്ഷയുടെ തയ്യാറെടുപ്പുകൾ

രാഷ്ട്രത്തെ ഏറ്റവും മഹനീയവും ബഹുമാനാർഹവുമായ സിവിൽ സർവ്വീസ് നേടുന്നതിനുള്ള ഈ വർഷത്തെ പരീക്ഷകൾ നേരിടുവാനുള്ള സമയമായി. 2016 ഏപ്രിൽ 23-ാം തീയതി ഇതിനുള്ള നോട്ടിഫിക്കേഷൻ ഇറങ്ങി. അപേക്ഷിക്കുവാനുള്ള അവസാന തീയതി മെയ് 20 നാണ്. പ്രിലിമിനറി പരീക്ഷ ആഗസ്റ്റ് 7-നും, മെയിൻ പരീക്ഷ ഡിസംബർ 3-നും നടക്കും.

കഴിഞ്ഞ വർഷം 9,45,908 പേർ പരീക്ഷയ്ക്ക് അപേക്ഷിച്ചു. ഇതിൽ 4,65,882 പേർ മാത്രമെ പ്രിലിമിനറി പരീക്ഷ എഴുതിയുള്ളു. ഇതിൽ 16,947 പേർ പാസ്സായി. മെയിൻ പരീക്ഷ എഴുതുവാൻ യോഗ്യത നേടി ഇതിൽ നിന്ന് 3308 പേർ ഇന്റർവ്യൂവിൽ പങ്കെടുക്കുവാൻ യോഗ്യത നേടി. ഇതിൽ നിന്നും 1236 പേർ സിവിൽ സർവ്വീസ് എന്ന കടമ്പ കടന്നു. ഈ കടമ്പ കടന്ന എല്ലാവർക്കും IAS, IPS, IFS കാരനൊന്നുമാകാൻ പറ്റില്ല. ഇതിൽത്തന്നെ വിവിധ വിഭാഗങ്ങളുണ്ട്.

## ALL INDIA SERVICES

1. IAS (Indian Administrative Service)
2. IPS (Indian Police Service)

## GROUP 'A' SERVICE

1. IFS (Indian Foreign Service)
2. P & T Account & Finance Service
3. Audit & Account Service
4. Revenue Service (Customs & Central Excise)
5. Defence Account Service
6. Revenue Service (IT)
7. Factory Service
8. Postal Service
9. Civil Account Service
10. Railway Traffic Service
11. Railway Account Service
12. Railway Personal Service
13. Railway Protection Service
14. Defence Estates Service
15. Information Service
16. Trade Service
17. Corporate Law Service

## GROUP 'B' SERVICE

1. Armed Forces Civil Service
2. Delhi Andaman, Lakshadweep etc... Civil Service
3. Delhi, Andaman, Lakshadweep etc... Police Service
4. Pondicherry Civil Service
5. Pondicherry Police Service

ഇത് നേടുവാൻ പ്രിലിമിനറി, മെയിൻ, ഇന്റർവ്യൂ എന്ന മൂന്നു കടമ്പകളാണ് കടക്കേണ്ടത്.

## Preliminary Examination

രണ്ട് പേപ്പറുകളാണുള്ളത്. ഒന്നാം പേപ്പർ (Objective Type) രണ്ടു മണിക്കൂർ 100 ചോദ്യം 200 മാർക്ക്. രണ്ടാം പേപ്പർ Aptitude (objective type) രണ്ടു മണിക്കൂർ 80 ചോദ്യം. 200 മാർക്ക്. ഇത് ഒരു Screening Test മാത്രമാണ്. ഇത് പാസ്സാകുന്നവർക്ക് മെയിൻ പരീക്ഷയിൽ യോഗ്യത നേടാൻ മാത്രമേ സാധിക്കൂ. മറ്റൊരിടത്തും ഈ മാർക്ക് പരിഗണിക്കുന്നതല്ല.

ഈ രണ്ടു പരീക്ഷയിൽ ആദ്യം രണ്ടാമത്തെ പേപ്പറാണ് നോക്കുന്നത്. ഇതിനു മിനിമം പാസ്മാർക്ക് 33% വേണം. ഇതു കിട്ടിയാൽ മാത്രമേ ഒന്നാമത്തെ പേപ്പർ നോക്കുകയുള്ളൂ. ഇതിന്റെ അടിസ്ഥാനത്തിലാണ് മെയിൻ പരീക്ഷയ്ക്ക് യോഗ്യത നേടുന്നത്.

## Main Examination

ഇതിന് 9 പേപ്പറുകളാണ് എഴുതേണ്ടത്.

| | | | |
|---|---|---|---|
| 1. | Paper A | Indian Language | = 300 Marks |
| 2. | Paper B | English | = 300 Marks |
| 3. | Paper I | Essay | = 250 Marks |
| 4. | Paper II | General Studies I | = 250 Marks |
| 5. | Paper III | General Studies II | = 250 Marks |
| 6. | Paper IV | General Studies III | = 250 Marks |
| 7. | Paper V | General Studies IV | = 250 Marks |
| 8. | Paper VI | Optional Subject Paper1 | = 250 Marks |
| 9. | Paper VII | Optioanl Subject Paper 2 | = 250 Marks |


ഇതിൽ ആദ്യത്തേ രണ്ടു പേപ്പറുകളുടെ മാർക്ക് കൂട്ടുന്നതല്ല. എന്നാൽ ഈ രണ്ടു പേപ്പറുകൾ പാസ്സാകുന്നവരുടെ മാത്രമേ പിന്നീടുള്ള ഏഴ് പേപ്പറുകൾ നോക്കുകയുള്ളൂ. ഈ ഏഴ് പേപ്പറുകൾക്ക് ഓരോന്നിനും 250 മാർക്കു വീതം മൊത്തം 1750 മാർക്ക് ഉള്ളത്. ഇതിൽ മുമ്പിൽ എത്തുന്ന നിലവിലുള്ള ഒഴിവിന്റെ ഉദ്ദേശം ഇരട്ടിയോളം പേരേ ഇന്റർവ്യൂ (പേഴ്സണാലിറ്റി ടെസ്റ്റ്) തെരെഞ്ഞെടുക്കുന്നു. ഇതിന് 275 മാർക്കാണുള്ളത്. ഏഴ് പേപ്പറിന്റെ 1750 മാർക്കും ഇന്റർവ്യൂവിന്റെ 275 മാർക്കും കൂടി 2025 മാർക്കാണ് മൊത്തം. ഇതിൽ മുമ്പിലെത്തുന്നവർക്ക് സെലക്ഷൻ കിട്ടും.

### പ്രായപരിധി

| | | |
|---|---|---|
| *General Category* | Age limit | 32 6 chance |
| OBC | Age limit | 35 9 chance |
| SC/ST | Age limit | 37 Unlimit chance |
| *Physically Handicapped Candidates* | | |
| General | Age limit | 42 9 chance |
| OBC | Age limit | 45 Unlimit chance |
| SC./ST | Age limit | 47 Unlimit chance |

അംഗീകൃത സർവ്വകലാശാല ബിരുദവും 21 വയസ് 2015 ആഗസ്റ്റ് 1-ാം തീയതി പൂർത്തിയാക്കിയവർക്ക് ഈ പരീക്ഷ എഴുതാം. അതായത് ജനറൽ കാറ്റഗറിയിൽ 1983 ആഗസ്റ്റ് രണ്ടിനു ശേഷവും 1994 ആഗസ്റ്റ് ഒന്നിന് മുമ്പും.


**യൂദാശ്ലീഹായോടുള്ള പ്രാർത്ഥന**



മിശിഹായുടെ ചാർച്ചക്കാരനും/ വിശ്വസ്തദാസനുമായ വി. യൂദാതദേവുസേ/ ഒറ്റിക്കൊടുത്തവന്റെ പേരുമൂലം മഹിമയേറിയ അപ്പസ്തോലനായ അങ്ങ്/ വിസ്മരിക്കപ്പെടുവാൻ കാരണമായി./ എന്നാൽ കത്തോലിക്കാസഭ മുഴുവനും/ അങ്ങയെ നിരാശരുടേയും അസാദ്ധ്യകാര്യങ്ങളുടെയും / മദ്ധ്യസ്ഥനായി ബഹുമാനിക്കുകയും / അങ്ങയോട് അഭ്യർത്ഥിക്കുകയും ചെയ്യുന്നുവല്ലോ./ നിരവധി ക്ലേശങ്ങൾ അനുഭവിക്കുന്ന എനിക്ക് / അങ്ങയുടെ മദ്ധ്യസ്ഥതയിൽ **(ഇവിടെ ആവശ്യം പറയുക)** / ഈ അനുഗ്രഹം സാധിച്ചു തരണമേ. / എന്റെ എല്ലാ ആവശ്യങ്ങളിലും / വിശിഷ്യ ഇപ്പോൾ എനിക്കു നേരിട്ടിരിക്കുന്ന ആപത്തിലും / എന്നെ പ്രത്യേകം സംരക്ഷിക്കണമേ. / ഈ ഉപകാരം ഞാൻ എന്നും ഓർത്തുകൊള്ളാമെന്നും / എന്റെ പ്രത്യേക മദ്ധ്യസ്ഥനായി / അങ്ങയെ നിരന്തരം ബഹുമാനിച്ചു കൊള്ളാമെന്നും / ഞാൻ വാഗ്ദാനം ചെയ്യുന്നു.


**ഒരു വിശ്വാസി, പൂവത്തൂർ**

**ഉദ്ദിഷ്ടകാര്യത്തിന് ഉപകാര സ്മരണ**



**പൊന്നമ്മ ആന്റണി**

**ഉദ്ദിഷ്ടകാര്യത്തിന് ഉപകാര സ്മരണ**




**ഒരു വിശ്വാസി**

# ഇടയശബ്ദം 4 –ാം പേജ് തുടർച്ച

അവന്റെ പ്രിയ മാതാവ് തന്നെ വലിച്ചൂരി ആശുപത്രിയിലേക്ക് കൊണ്ടുവരുന്ന കാഴ്ച ആർക്കു താങ്ങാനാവും? കേരള കത്തോലിക്ക സഭയുടെ നിലപാടാണ് മദ്യ മുക്ത കേരളം. 'മദ്യം വിഷമാണ്, അത് നിന്നെയും കുടുംബത്തെയും നശിപ്പിക്കും' എന്ന സത്യം ഉൾക്കൊള്ളേണ്ടത് തന്നെ. ഖജനാവ് വീർക്കാൻ മാത്രമല്ലല്ലോ നാം ശ്രദ്ധിക്കേണ്ടത്. മനുഷ്യന്റെ സാധാരണ ജീവിതം ഗുണപരമായി ഉയരേണ്ടതുമുണ്ടല്ലോ.

ഇത്തരുണത്തിൽ പൊതുജനങ്ങളും രാഷ്ട്രീയ പാർട്ടികളും, തെരഞ്ഞെടുപ്പുദ്യോഗസ്ഥരും ശ്രദ്ധിക്കേണ്ട കാര്യങ്ങൾ ഏറെയാണ്. ഇത്രയും ശബ്ദ കോലാഹലങ്ങളും തലങ്ങും വിലങ്ങും ചീറിപ്പാഞ്ഞു നടന്നുകൊണ്ടുള്ള പ്രചാരണ ശൈലികളും ബാനറുകളും ഫ്ളെക്സുകളും നോട്ടീസുകളും ആവശ്യമാണോ? എത്രമാത്രം പണം ആണ് ഈ മേഖലയിൽ ധൂർത്തടിക്കപ്പെടുന്നത്? ആരാണ് സ്ഥാനാർത്ഥികൾ എന്ന് തിരിച്ചറിയുകയും അവരുടെ പ്രകടന പത്രിക എന്തെന്നും അറിഞ്ഞാൽ പോരേ? പ്രചരണംകൊണ്ട് എതിരാളിയെ തോൽപ്പിക്കുന്ന ശൈലികൾക്കും മാറ്റം വേണം. എല്ലാ രാഷ്ട്രീയകക്ഷികളും ഇതിൽ സമാന മനോഭാവം പുലർത്തണം. ഇതുവഴിയായി നമുക്ക് എത്ര മാത്രം ദുർച്ചെലവുകൾ ഇല്ലാതാക്കാം. നന്മയുള്ള കാര്യങ്ങൾക്ക് അവ ചെലവഴിക്കാം. ക്രൂഡോയിലിന് ഇത്രയും വില താഴ്ന്നിട്ടും എന്തേ പെട്രോൾ – ഡീസൽ വില താഴാത്തത്? ഇതുപോലെയുള്ള ഇലക്ഷൻ ചെലവുകൾക്ക് സഹായിക്കുന്നത് ഇങ്ങനെയുള്ളവരായതുകൊണ്ട് ഭരണാധികാരികൾ അവർക്കനുകൂലമാണ്. സാധാരണ ജനങ്ങളുടെ ജീവിതഭാരം കുറയ്ക്കുവാൻ സാധിക്കുമായിരുന്ന എത്ര കാര്യങ്ങളാണ് ഇപ്രകാരമുള്ള ധൂർത്തുകൊണ്ട് നഷ്ടമാകുന്നത്. ഭക്ഷണത്തിനുവേണ്ടി നോക്കിയിരിക്കുന്ന പാവങ്ങളെപ്പറ്റി ആർക്കാണ് ചിന്ത? നാം വളരെ എളുപ്പം പറയും അവർക്കത് ശീലമായതുകൊണ്ട് ഇരന്നു കഴിയുന്നു എന്ന്. ഒരു ജനാധിപത്യ രാജ്യത്തിലെ അംഗങ്ങളെ പോറ്റുവാനുള്ള വഴികൾ അധികാരികൾ കണ്ടെത്തണം. അതിനു സാധിക്കുന്ന ഒരു രാജ്യമാണ് ഇന്ത്യ. എന്നാൽ ചിലരുടെ സ്വാർത്ഥതകൾക്കു മുമ്പിൽ മുട്ടുവളയ്ക്കുമ്പോൾ 9000 കോടി രൂപയും കൊണ്ടു കടന്നുകളഞ്ഞ മല്യമാർ ഇനിയുമുണ്ടാകും. നമ്മുടെ ബാങ്കുകൾക്ക് കർഷകന് കടം കൊടുക്കുന്നതിനും വിദ്യാഭ്യാസ ലോൺ നൽകുന്നതിനും മടിയാണ്. ഇതുപോലെയുള്ളവരെ സഹായിക്കുന്നതിന് നിറഞ്ഞ ആവേശവുമാണ്. ഈ നിലപാട് മാറുകതന്നെ വേണം. ഭരണാധികാരികൾ സാധാരണക്കാരായ ജനങ്ങൾക്കുവേണ്ടി നിലകൊള്ളണം, തിന്മയുടെ വഴികളെ ബന്ധിക്കുക; മനുഷ്യാന്തസ്സിനു ചേർന്ന ജീവിതം നയിക്കാൻ സാഹചര്യങ്ങൾ ഒരുക്കുക. ആകയാൽ കേരള സമൂഹം ഗൗരവമായി എടുക്കേണ്ട നിലപാടാണ് ഈ തെരഞ്ഞെടുപ്പിൽ പ്രതിബിംബിക്കേണ്ടത്. 'പണത്തിനു മീതെ പരുന്തും പറക്കാ' എന്ന പഴമൊഴി തിരുത്തിക്കുറിക്കണം. നന്മയ്ക്കുവേണ്ടി, ജനാധിപത്യത്തിനുവേണ്ടി, മനുഷ്യാവകാശത്തിനുവേണ്ടി, ഭരണഘടനയ്ക്കുവേണ്ടി, നമ്മുടെ സമ്മതിദാനാവകാശം വിനിയോഗിക്കണം.

ഭരണഘടനയുടെ ശില്പിയും വിവേചന ബുദ്ധിയിൽ അഗ്രഗണ്യനുമായ ഡോ. അംബേദ്കറുടെ 125–ാം ജന്മദിനാഘോഷം നടക്കുന്ന ഈ കാലയളവിൽ മഹാനായ ഈ നേതാവിനെ ഉചിതമായി അനുസ്മരിക്കേണ്ടതുമാണ് എന്ന് കാലഘട്ടം നമ്മോട് പറയുന്നു. ഇത്രയും മഹത്തായ ഒരു ഭരണഘടന ലോകജനതയ്ക്ക് ആകമാനം മാതൃകയാണ്. അതിന്റെ മഹത്വം നാം സ്വീകരിക്കുന്നതോടൊപ്പം അത് സംരക്ഷിക്കുവാനുള്ള പ്രതിബദ്ധത നാം പ്രകടിപ്പിക്കുകയും വേണം. ജനാധിപത്യത്തിന്റെ കാവൽ ഭടന്മാർ ജനങ്ങൾ തന്നെയാണ്. എന്നാൽ അവ ഭൂരിപക്ഷ ന്യൂനപക്ഷ അനുപാതത്തിൽ ആയിരിക്കരുത് ചിട്ടപ്പെടുത്തേണ്ടത്. ഭാരതത്തെ മറ്റുള്ള രാജ്യങ്ങളുടെ മുമ്പിൽ നിർത്തുന്ന ഘടകം അതിന്റെ പൗരാണികതയും അതിന്റെ ഭരണഘടനയുടെ പവിത്രതയുമാണ്. ഇന്ന് ഇതിനെതിരെയുള്ള കടന്നാക്രമണം വർദ്ധിച്ചുവരുന്നു എന്ന് ആനുകാലിക സംഭവങ്ങൾ നമ്മെ പഠിപ്പിക്കുന്നു. പൗരന്റെ അടിസ്ഥാന അവകാശങ്ങളും കടമകളും എന്നും ആദരിക്കേണ്ടത് തന്നെ. ഏതൊരു ജനാധിപത്യ വ്യവസ്ഥിതിയിലും അന്തർലീനമായ കാര്യങ്ങളാണ് ഇവ. (ആർട്ടിക്കിൾ – 25, 30).




ഇന്ത്യയുടെ മഹത്തായ പാരമ്പര്യമാണ് മതേതരത്വം. അതായത് എല്ലാവർക്കും അവരവർ വിശ്വസിക്കുന്ന മതത്തിൽ ആയിരിക്കുന്നതിനും അത് നിലനിർത്തുന്നതിനും ജീവിക്കുന്നതിനും സാക്ഷിക്കുന്നതിനും ഭരണാധിപന്മാർ ഈ മഹത്തായ അവകാശം സംരക്ഷിച്ചുകൊള്ളാം എന്ന് സത്യപ്രതിജ്ഞ ചെയ്താണ് അധികാരം ഏൽക്കുന്നത്. അതായത് ഭരണഘടനയുടെ മുമ്പിൽ വിനീതനാവുന്ന അവസ്ഥ നമ്മുടെ ഭരണഘടനയുടെ നന്മ അതാണ്. മൗലികവും മാനുഷീകവുമായ കാര്യങ്ങൾ സർവ്വാത്മനാ ആദരിച്ചും ബഹുമാനിച്ചും മുമ്പോട്ടു പോകണം. ഭാരതീയർ എന്ന നിലയിൽ ഇവിടെയുള്ള മനുഷ്യർക്ക് ഭീതിയെന്യേ, അഭിമാനത്തോടെ തങ്ങളുടെ പൗരത്വം ജീവിക്കാൻ കഴിയണം. ഇത് ആരുടെയും ഔദാര്യമല്ല. മറിച്ച് ഇവിടെ ജനിച്ചത് വഴിയും പൗരനായതുവഴിയും ലഭിക്കുന്ന കടമയും അവകാശവുമാണ്. ■





# പ്രബോധനം

### തിരുവചനത്തിന്റെ പുനർവായന

**മാതൃസമാജങ്ങളിലും കുടുംബകൂട്ടായ്മകളിലും വായനയ്ക്കും പഠനത്തിനും ...**

## 2016 മെയ് 8

(യോഹ. 16:5 – 11)

നമ്മുടെ കർത്താവിന്റെ സ്വർഗാരോഹണ തിരുന്നാളിന് ശേഷം വരുന്ന ആദ്യത്തെ ഞായറാഴ്ച്ചയാണിന്ന്. അതായത് കാത്തിരിപ്പിന്റെ കാലഘട്ടമാണ്, പരിശുദ്ധാത്മാവിന്റെ ആഗമനത്തിനുവേണ്ടി സഭ തന്നെതന്നെ വിശുദ്ധീകരിച്ച് കാത്തിരിക്കുന്ന കാലം. വളരെ ശ്രദ്ധേയമായ രീതിയിലാണ് ഈ സീൻ ക്രമീകരിച്ചിരിക്കുന്നത്.യോഹ. 16:5–11 വരെയുള്ള തിരുവചനങ്ങളിൽ കർത്താവ് പ്രത്യേകമായും ശിഷ്യന്മാരെ ബോദ്ധ്യപ്പെടുത്തുകയാണ്. എന്റെ ദൗത്യം അവസാനിക്കാറായി. താൻ ഈ ലോകത്തിൽനിന്നും മാറ്റപ്പെടും. എന്നാൽ ഭയപ്പെടേണ്ട. സഹായകൻ വരും. അവൻ നിങ്ങളെ എല്ലാ കാര്യങ്ങളും ബോദ്ധ്യപ്പെടുത്തും.

വിശ്വാസം ബോദ്ധ്യത്തിൽനിന്നുമായിരിക്കണം എന്ന് കർത്താവ് വ്യക്തമായി നമ്മെ പഠിപ്പിക്കുന്നു. പലപ്പോഴും നമ്മുടെ വിശ്വാസം ബോദ്ധ്യമില്ലാത്തതാകുന്നു. പല പിഴവുകൾ നമുക്ക് സംഭവിക്കുന്നു. ബോദ്ധ്യം വിശ്വാസജീവിതത്തിന്റെ കാതലാണ് എന്ന് യേശു പഠിപ്പിക്കുന്നു. നമുക്ക് പൂർണ്ണ ബോദ്ധ്യമുള്ള ഒരു കാര്യത്തെ മാത്രമെ നമുക്ക് മുറുകെ പിടിക്കുവാൻ സാധിക്കുകയുള്ളൂ. ബോദ്ധ്യമില്ലെങ്കിൽ ചാഞ്ചല്യമുണ്ടാവും. അതുകൊണ്ട് യേശു നമ്മെ പഠിപ്പിക്കുന്നതും ഇതാണ്. നമ്മുടെ വിശ്വാസം ബോദ്ധ്യമുള്ളതാകണം. എന്നാലെ അതിലുറച്ച് നിൽക്കുവാൻ, പ്രതിസന്ധികളെ നേരിടുവാൻ, വിജയിക്കുവാൻ നമുക്ക് സാധിക്കുകയുള്ളൂ. ബോദ്ധ്യങ്ങളുടെ ആത്മാവിനെയാണ് പരിശുദ്ധാത്മാവിലൂടെ നമുക്ക് ലഭിക്കുന്നത്.

ക്രിസ്തുവിനാൽ ദൈവമക്കൾ എന്ന സ്ഥാനത്തേക്ക് ഉയർത്തപ്പെട്ട നമുക്ക് പരിശുദ്ധാത്മാവിന്റെ നിറവിനാൽ പാപത്തെക്കുറിച്ചും, നീതിയെക്കുറിച്ചും, ന്യായവിധിയെക്കുറിച്ചും ബോദ്ധ്യം ലഭിക്കും. പാപത്തെക്കുറിച്ചും, നീതിയെക്കുറിച്ചും, ന്യായവിധിയെക്കുറിച്ചുമെല്ലാം നമുക്ക് അറിവുണ്ട്. എന്നാൽ ഈ അറിവ് ബോദ്ധ്യങ്ങളിലേക്ക് വളരണം. ഈ ബോദ്ധ്യങ്ങളിലുള്ള വളർച്ച നമ്മേ സത്യത്തിന്റെ പൂർണ്ണതയിലേക്ക് നയിക്കും. ഇവിടെ ഒരു ചോദ്യം പ്രസക്തമാണ്: "എന്താണ് സത്യം?" വി.യോഹന്നാന്റെ സുവിശേഷം 18–ാം അദ്ധ്യായം 37,38 തിരുവചനങ്ങളിൽ ഈ ചോദ്യം നാം കാണുന്നുണ്ട്. പീലാത്തോസ് യേശുവിനോട് ചോദിക്കുന്നു; എന്താണ് സത്യം? യഥാർത്ഥ സത്യത്തിന് സാക്ഷ്യം നല്കിയതിനാലാണ് താൻ വിധിക്കപ്പെടുന്നതെന്ന് ക്രിസ്തുവിന്റെ വാക്കുകൾ വെളിപ്പെടുത്തുന്നു. അതെ, യഥാർത്ഥ സത്യമായ ദൈവത്തെ, ആ പൂർണ്ണതയിലേക്ക് പരിശുദ്ധാത്മാവ് നമ്മെ നയിക്കും.

പ്രിയമുള്ളവരെ, ഈ പരിശുദ്ധാത്മാവിന്റെ ആഗമനത്തിനുവേണ്ടി നമുക്കാഗ്രഹിച്ച് പ്രാർത്ഥിക്കാം. നിത്യസത്യമായ ദൈവത്തിങ്കലേക്ക്, അവന്റെ പൂർണ്ണതയിലേക്ക് നയിക്കപ്പെടുവാൻ നമുക്ക് നമ്മെ തന്നെ വിട്ടുകൊടുക്കാം. ദൈവം സമൃദ്ധമായി അനുഗ്രഹിക്കട്ടെ!

*ഫാ. ഓസ്റ്റിൻ ജോൺ തെക്കേതിൽ*

## മെയ് 15 പെന്തിക്കൊസ്തിപെരുന്നാൾ

യോഹ. 14:15–24

യേശുവിന്റെ അന്ത്യപ്രഭാഷണത്തിന് ആരംഭം കുറിച്ചുകൊണ്ടുള്ള വചനഭാഗമാണ് വി.യോഹന്നാന്റെ സുവിശേഷം 14–ാം അദ്ധ്യായം. യേശു തന്റെ വേർപാട് ശിഷ്യന്മാരെ അറിയിച്ചപ്പോൾ, അവർക്കുണ്ടായ അസ്വസ്ഥതയിൽ അവരെ യേശു ആശ്വസിപ്പിച്ചുകൊണ്ട് സംസാരിക്കുകയാണ്. മനുഷ്യന് എന്നും അസ്വസ്ഥതയുളവാക്കുന്ന യാഥാർത്ഥ്യങ്ങൾ ആണ് പാപവും മരണവും. മരണം വേർപാടാണെങ്കിൽ ഉത്ഥാനം തിരിച്ചുവരവാണ്. തന്റെ വേർപാടിൽ ദുഃഖിതരായിരിക്കുന്ന ശിഷ്യർക്ക് തന്റെ ഉത്ഥാനത്തിലൂടെ ലഭിക്കുന്ന സന്തോഷവും സമാധാനവും യേശു ഈ വചനഭാഗത്തിൽ ഉടനീളം ഓർമ്മിപ്പിക്കുകയാണ്. മരണത്തിലൂടെ തന്റെ ജീവിതം അവസാനിക്കുകയില്ലെന്നും ശിഷ്യന്മാരുടെ ജീവിതം മുഴുവനിലും താൻ ഉണ്ടായിരിക്കും എന്നുമുള്ള ഉറപ്പാണ് യേശു നൽകുന്നത്.

"ഞാൻ പിതാവിനോട് അപേക്ഷിക്കുകയും എന്നേക്കും നിങ്ങളോടു കൂടെയായിരിക്കാൻ മറ്റൊരു സഹായകനെ അവിടുന്ന് നിങ്ങൾക്ക് തരികയും ചെയ്യും"(യോഹ 14–16). യേശുവിന്റെ ഏറ്റവും വലിയ വാഗ്ദാനമായ പരി. ആത്മാവിനെ പറ്റിയാണ് ഇവിടെ സൂചിപ്പിക്കുന്നത്. 'എന്നേക്കും നിങ്ങളോടുകൂടെയായിരിക്കാൻ'– ഓരോരുത്തരിലും ആന്തരികമായി വസിക്കുന്ന പരിശുദ്ധാത്മാവ്, വിശ്വാസികളുടെ സമൂഹമായ സഭയെ നയിക്കുന്ന പരിശുദ്ധാത്മാവ്. സത്യവിശ്വാസത്തിൽനിന്നും വ്യതിചലിക്കാതെ ലോകാവ

സാനം വരെ വ്യക്തികളെയും സഭയെയും കാത്തു സൂക്ഷിക്കുന്ന സഹായകനാണ് എന്ന് യേശു ഓർമ്മിപ്പിക്കുകയാണ്. "നിങ്ങൾ എന്നെ സ്നേഹിക്കുന്നുവെങ്കിൽ എന്റെ കല്പന പാലിക്കും" (യോഹ. 14-15). എന്നാൽ സഹായകനായ പരിശുദ്ധാത്മാവിനെ സ്വീകരിക്കണമെങ്കിൽ സ്നേഹത്തിന്റെ പൂർണ്ണതയിൽ ഓരോരുത്തരും എത്തിച്ചേരണം എന്ന നിബന്ധന യേശു മുന്നോട്ടുവയ്ക്കുകയാണ്. കാരണം ദൈവം സ്നേഹമാകുന്നു. സ്നേഹിക്കുന്ന വ്യക്തിയുടെ കൽപനകൾ പാലിക്കാൻ തയ്യാറാകുമ്പോൾ സ്നേഹം പ്രായോഗികമായി മാറുന്നു. അങ്ങനെ സ്നേഹിക്കുന്നവർക്കു മാത്രമെ പരിശുദ്ധാത്മാവിനെ സ്വീകരിക്കാൻ സാധിക്കുകയുള്ളു. പരിശുദ്ധാത്മാവിലുള്ള ജീവിതമാണ് ക്രിസ്തീയ ജീവിതം. ക്രിസ്തീയ ജീവിതത്തെ രൂപീകരിക്കുന്ന ദൈവവചനം സ്വാംശീകരിക്കാനും ദൈവവചനത്തോട് ക്രിയാത്മകമായി പ്രത്യുത്തരിക്കുവാനും ഒരു വ്യക്തിയെ സജ്ജമാക്കുന്നത് ദൈവത്തിന്റെ പരിശുദ്ധാത്മാവാണ്. അതിനാൽ സഭയ്ക്ക് നൽകപ്പെട്ടിരിക്കുന്ന ദൈവത്തിന്റെ ദാനമായ പരിശുദ്ധാത്മാവിനെ സ്വീകരിക്കുവാൻ നമുക്ക് സാധിക്കണമെങ്കിൽ ദൈവിക കല്പനകൾ അനുസരിച്ച് ജീവിക്കുന്നവരായി നാം മാറണം.

"ഞാൻ നിങ്ങളെ അനാഥരായി വിടുകയില്ല. ഞാൻ നിങ്ങളുടെ അടുത്തേയ്ക്ക് വരും" (യോഹ 14-18). "എന്റെ കല്പനകൾ സ്വീകരിക്കുകയും പാലിക്കുകയും ചെയ്യുന്നവനാണ് എന്നെ സ്നേഹിക്കുന്നത്. എന്നെ സ്നേഹിക്കുന്നവനെ എന്റെ പിതാവ് സ്നേഹിക്കും. ഞാനും അവനെ സ്നേഹിക്കുകയും എന്നെ അവനു വെളിപെടുത്തുകയും ചെയ്യും" (യോഹ 14-21). നമ്മോടുള്ള യേശുവിന്റെ വാഗ്ദാനമാണിത്. "ഞാൻ നിങ്ങളെ അനാഥരായി വിടുകയില്ല", നമ്മെത്തേടിയിറങ്ങി വരുന്ന ദൈവമാണ് നമ്മുടെ ദൈവം. പിതാവിനോടും പുത്രനോടും പരി. ആത്മാവിനോടും ചേർന്നുള്ള ത്രിയേകദൈവത്തിന്റെ കൂട്ടായ്മയിൽ ജീവിക്കണമെങ്കിൽ ദൈവികകല്പനകൾ നാം സ്വീകരിക്കുകയും പാലിക്കുകയും ചെയ്യണം. ദൈവത്തിന്റെ സ്നേഹത്തിന് വ്യവസ്ഥകളില്ല . മനുഷ്യനെ അവന്റെ സർവ്വനന്മകളോടും കുറവുകളോടും കൂടെ സ്നേഹിക്കുന്നവനാണ് ദൈവം. ഈ യാഥാർത്ഥ്യം അത് അനുഭവവേദ്യമാകണമെങ്കിൽ നാം യഥാർത്ഥത്തിൽ ദൈവത്തെ സ്നേഹിക്കുന്നവരാകണം. സത്യദൈവത്തെ സ്നേഹിക്കുവാൻ നമുക്ക് ഒറ്റ മാർഗമേയുള്ളു. അത് യേശുവിനെ സ്നേഹിക്കുകയാണ്. കാരണം അവൻ മാത്രമാണ് സത്യദൈവത്തെ വെളിപെടുത്തന്നവൻ. വി.യോഹ 1:18 ൽ പറയുന്നു "ദൈവത്തെ ആരും ഒരിക്കലും കണ്ടിട്ടില്ല. പിതാവുമായി ഗാഢബന്ധം പുലർത്തുന്ന ദൈവംതന്നെയായ ഏകജാതനാണ് അവിടുത്തെ വെളിപ്പെടുത്തിയത്".

യേശുവിന്റെ വചനം പാലിക്കുമ്പോൾ അവരുടെ ഹൃദയം പരി.ത്രിത്വത്തിന്റെ വാസസ്ഥലമായി മാറുന്നു. വചനം പാലിക്കുന്നവർ സ്വർഗീയജീവിതത്തിലായിത്തീരുന്നു. വെളിപാടു പുസ്തകത്തിൽ 3:20 ൽ പറയുന്നു "ഇതാ ഞാൻ വാതിലിൽ മുട്ടുന്നു. ആരെങ്കിലും എന്റെ സ്വരം കേട്ട് വാതിൽ തുറന്നു എങ്കിൽ ഞാൻ അവന്റെ അടുത്തേക്കു വരും. ഞങ്ങൾ ഒരുമിച്ചു ഭക്ഷിക്കുകയും ചെയ്യും". മാനവഹൃദയം ദൈവഭവനമായി മാറുമ്പോൾ അവിടം സ്വർഗീയ ഇടമായി മാറുന്നു.

യോഹ 14:24 ൽ പറയുന്നു "സ്നേഹിക്കാത്തവനോടുകൂടി വചനം വസിക്കുന്നില്ല". കല്പനകൾ പാലിച്ച് ദൈവത്തോട് അനുരൂപപ്പെടുകയെന്നാൽ സഹോദരരോടും അനുരൂപപ്പെടുകയാണ്. ദൈവത്തോടും മാനവരോടുമുള്ള ദ്വിവിധ ബന്ധങ്ങൾ ശക്തമായി നിലകൊള്ളുമ്പോഴാണ് അവിടെ കല്പനകൾ പൂർത്തിയാക്കപ്പെടുന്നത്. സ്നേഹത്തിന്റെ പൂർണത പ്രകാശിതമാകുന്നത്.

മാമോദീസായിലൂടെ നാം സ്വീകരിച്ച പരിശുദ്ധാത്മാവിനെ ശക്തീകരിക്കുവാൻ അനുദിനജീവിതത്തിലൂടെ നാം പരിശ്രമിക്കേണ്ടിയിരിക്കുന്നു. ദൈവത്തെ സ്നേഹിച്ച്, അവിടുത്തെ കല്പനകൾ പാലിച്ച്, ദൈവം സ്നേഹിക്കുവാനായി നമുക്ക് നൽകിയിരിക്കുന്നവരെ സ്നേഹിച്ചുകൊണ്ട് സ്നേഹത്തിന്റെ നിയമം നമുക്ക് പൂർത്തിയാക്കാം. പരിശുദ്ധാത്മാവിന്റെ വാസസ്ഥലങ്ങളായി നമുക്ക് രൂപാന്തരപ്പെടാം.

***ഫാ. ജോസഫ് കരിപ്പായിൽ***

## മെയ് 22
## പെന്തിക്കോസ്തിയ്ക്കു ശേഷം ഒന്നാം ഞായർ
## യോഹ. 6:25-33

പെന്തകുസ്തയുടെ പരിശുദ്ധിയിൽ നിറഞ്ഞു നിൽക്കുകയാണ് എല്ലാവരും. പരിശുദ്ധാത്മാവിന്റെ നൽവരങ്ങൾ ജീവിതം മുഴുവൻ നിറയാനും സ്വീകരിച്ച നൽവരങ്ങൾ ലോകം മുഴുവനും പകർന്നു കൊടുക്കുവാനും സുവിശേഷത്തിന്റെയും ക്രിസ്തീയ ജീവിതത്തിന്റെയും ആഴങ്ങൾ തിരയാനും ഈ ദിവസങ്ങളിൽ നമുക്ക് പരിശ്രമിക്കാം.

യേശു അപ്പം വർദ്ധിപ്പിച്ചതിനുശേഷം നൽകുന്ന സംഭവ വികാസങ്ങളിലൂടെയാണ് ഇന്നത്തെ സുവിശേഷഭാഗം പോകുന്നത്. അത്ഭുതങ്ങളിൽ മനംമയങ്ങി ഭൗതീകതയിലേക്ക് പോകുന്ന മനുഷ്യന്റെ സ്വഭാവത്തെ വളരെ വ്യക്തമായി സുവിശേഷ ഭാഗത്തിൽ വരച്ചുകാട്ടുന്നു. അന്ധനു കാഴ്ച, മുടന്തനു സൗഖ്യം, ബധിരനു കേഴ്‌വി, അഞ്ചപ്പംകൊണ്ട് അയ്യായിരം പേരെ തൃപ്തിപ്പെടുത്തുന്നു. ജനങ്ങളെ സംബന്ധിച്ചിടത്തോളം അവർ മറ്റൊരു ലോകത്തിലേക്ക് പോകുകയായിരുന്നു. ഈ അത്ഭുതത്തിന്റെ, അതിസ്വാഭാവികതയുടെ ലോകത്തുനിന്നുമാണ് യേശു അവരെ തിരിച്ചുകൊണ്ടുവരുന്നത്. യേശു അവരോട് പറയും, നിങ്ങൾ അദ്ധ്വാനിക്കേണ്ടത് ലോകത്തിൽനിന്നു ലഭിക്കുന്ന ഈ നശ്വരമായ അപ്പത്തിനുവേണ്ടിയല്ല, മറിച്ച് അനശ്വരമായ അപ്പത്തിനുവേണ്ടി അദ്ധ്വാനിക്കുവിൻ എന്ന്.

എന്താണ് ഈ അപ്പം? പ്രഥമവും പ്രധാനവുമായ അർത്ഥം, ദൈവിക വെളിപാട് എന്നാണ്. "ഞാൻ

നിങ്ങൾക്കായി ആകാശത്തുനിന്നും അപ്പം വർഷിക്കും എന്ന്" പുറപ്പാട് ഗ്രന്ഥത്തിൽ നാം കാണുന്നുണ്ട്. പഴയ നിയമത്തിൽ ഇസ്രായേൽ ജനം മരുഭൂമി യാത്രയിൽ അലഞ്ഞുതിരിയുമ്പോൾ, അവർക്കായി അപ്പം തേടി മോശ അലഞ്ഞു. അങ്ങനെ കണ്ടെത്തിയ അപ്പവുമായി വന്നപ്പോൾ ജനം ചോദിച്ചു, "എന്താണിത്?" മോശ പറഞ്ഞു, "മന്ന". ഹെബ്രായ ഭാഷയിൽ 'ദൈവം തന്നതാണിത്' എന്നാണ് അർത്ഥം. ദൈവം തന്ന അപ്പത്തെ സ്വർഗ്ഗത്തിൽനിന്നുള്ള അപ്പം എന്നു വിളിക്കാൻ തുടങ്ങി. കാരണം ദൈവത്തിനുള്ള പര്യായപദമാണ് സ്വർഗ്ഗം. മനുഷ്യരെ തീറ്റിപ്പോറ്റാനുള്ള ദൈവത്തിന്റെ മനസ്സാണിത് വരച്ചുകാട്ടുന്നത്.

പുതിയ നിയമത്തിലെ 'മന്ന'യാണ് ക്രിസ്തു. ദൈവത്തിന്റെ മനുഷ്യസ്നേഹത്തിന്റെ പുതിയ വെളിപാട്; ജീവിക്കുന്ന അപ്പം. പ്രിയപ്പെട്ടവരെ ക്രിസ്തുവാണ് സമാധാനത്തിന്റെയും ശാന്തിയുടെയും നിത്യതയുടെയും സ്രോതസ്സ് എന്നുള്ള തിരിച്ചറിവാണ് നമ്മുടെയൊക്കെ ജീവിതത്തിൽ രക്ഷയുടെ അനുഭവം ഉണ്ടാക്കിത്തരുന്നത്.

നമ്മുടെ വ്യക്തിജീവിതങ്ങളിലേക്ക് തിരിച്ചുവരാം. നമ്മുടെ കൂടെ ജീവിക്കുന്നവർക്ക്, നമ്മുടെ കുടുംബങ്ങളിൽ രക്ഷ പ്രദാനം ചെയ്യുന്ന 'ജീവന്റെ അപ്പ'മായി മാറാൻ നമുക്ക് സാധിക്കുന്നുണ്ടോ. നമ്മുടെയൊക്കെ സാധാരണമായ ചുറ്റുപാടുകളിൽ ഭൗതികതയുടെ ചാപല്യങ്ങൾക്കപ്പുറം, അനശ്വരതയുടെ വിശുദ്ധി കാണിച്ചു കൊടുക്കുവാൻ കഴിയുന്നുണ്ടോ? നമ്മൾ ഇന്ന് വണങ്ങുന്ന വിശുദ്ധാത്മാക്കളൊക്കെ അവരുടെ പരിമിതങ്ങളായ ജീവിതസാഹചര്യങ്ങളിൽ മറ്റുള്ളവർക്ക് അനശ്വരതയുടെ അപ്പങ്ങളായി മാറിയവരായിരുന്നു. നമുക്ക് ഉറച്ച് ഒരു തീരുമാനമെടുക്കാം. പെന്തകുസ്തായിലൂടെ നമുക്ക് ലഭിച്ച പരിശുദ്ധാത്മാവിന്റെ നൽവരങ്ങളിൽ ഉച്ചുനിന്നുകൊണ്ട് ഞാൻ ജീവിക്കുന്ന ചുറ്റുപാടുകളിൽ ഉത്ഥിതനായ ക്രിസ്തുവിന്റെ സാക്ഷികളായി മാറും എന്ന്. ദൈവം നമ്മെ സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

**ഫാ. എബി കിഴക്കേക്കുറ്റ് ഒ.എഫ്.എം.**

## പെന്തിക്കോസ്തിക്കുശേഷം 2-ാം ഞായർ മെയ് 29 (ലൂക്ക 9:1-6)

തന്റെ കൂടെ ആയിരിക്കുന്നതിനും സുവിശേഷം പ്രസംഗിക്കുവാൻ അയയ്ക്കുന്നതിനും പിശാചുക്കളെ ബഹിഷ്കരിക്കുന്നതിന് അധികാരം നൽകുന്നതിനുമായി (മർക്കോസ് 3:15)തെരഞ്ഞെടുത്ത ശിഷ്യന്മാരെ കൂടെ കൊണ്ടുനടന്ന് പഠിപ്പിച്ചശേഷം അധികാരം നൽകി പറഞ്ഞയയ്ക്കുന്നതും അവരുടെ തീക്ഷ്ണമായ പ്രവർത്തനവുമാണ് സുവിശേഷത്തിലെ പ്രതിപാദ്യം. മത്സ്യത്തൊഴിലാളികളെ വിളിച്ച് മനുഷ്യരെ പിടിക്കുന്നവരാക്കാൻ അയയ്ക്കുന്ന ദൈവികപദ്ധതിയുടെ വെളിപ്പെടുത്തലാണ് ഇവിടെ നാം കാണുന്നത്.

യേശുനാഥൻ തന്റെ ശിഷ്യന്മാർക്ക് നൽകുന്ന അധികാരങ്ങൾ സുവിശേഷ വ്യാപനത്തിനും അതുവഴിയുള്ള ദൈവരാജ്യസ്ഥാപനത്തിനും വേണ്ടിയുള്ളതാണ്. അനുതപിച്ച് സുവിശേഷത്തിൽ വിശ്വസിക്കുമ്പോൾ തകർന്നു വീഴുന്ന പൈശാചിക സാമ്രാജ്യങ്ങളുടെ കോട്ടകൾ തകർക്കാനും രോഗ ദുരിതങ്ങളിൽനിന്നും മനുഷ്യജീവിതങ്ങൾക്ക് ആശ്വാസം നൽകാനും അധികാരം നൽകി ശിഷ്യന്മാരെ അയയ്ക്കുന്നു. എന്നാൽ ശിഷ്യന്മാരെ സംബന്ധിച്ചിടത്തോളം ദൗത്യവാഹകർ ദൗത്യം ഏല്പിക്കുന്ന രാജാവ് നൽകുന്ന നിബന്ധനകളെല്ലാം പാലിക്കേണ്ടതുണ്ട്. ഇവിടെ യേശു തന്റെ കൃത്യവാഹകരെ അയയ്ക്കുമ്പോൾ നൽകുന്ന നിബന്ധനകൾ ശിഷ്യരുടെ സുരക്ഷാ കവചങ്ങൾ എടുക്കരുത്, ഉണ്ടാകരുത് എന്നതാണ്. ഈ നിബന്ധനകൾക്ക് വിധേയരായി ദൗത്യം നിർവഹിക്കുമ്പോൾ ഉണ്ടാകുന്ന വിജയസോപാന കഥ പാടി സുവിശേഷകരെ തന്റെ അടുത്തേക്ക് വിളിച്ച് യേശു ശിഷ്യന്മാർക്ക് നൽകുന്ന ദൗത്യത്തിൽ മൂന്ന് കാര്യങ്ങളാണ് ഭരമേല്പിക്കുന്നത്. എല്ലാത്തരത്തിലും മനുഷ്യമക്കളെ അടിമത്തത്തിലാക്കുന്ന ഭൗതികവാദത്തിന്റെയും ശാസ്ത്രസാങ്കേതികതയുടെയും വിവരവിജ്ഞാന വിസ്ഫോടനത്തിന്റെയും അതിപ്രസരത്തിൽ സ്വാതന്ത്ര്യത്തിന്റെ സന്ദേശമാണ് ദൈവരാജ്യത്തിന്റെ സുവിശേഷം. ഒരു ക്രിസ്തുശിഷ്യന്റെ പ്രഥമ ദൗത്യം തന്നെ ദൈവരാജ്യത്തിന്റെ ആഗമനവും സ്വർഗ്ഗരാജ്യത്തിന്റെ സാമീപ്യവും പ്രഘോഷിക്കുക എന്നതാണ്. ദൈവരാജ്യത്തിന്റെ സുവിശേഷ പ്രഘോഷണം വെറും വാക്കുകൾക്കൊണ്ട് മാത്രം ചെയ്യേണ്ടതല്ല. അത് എത്ര എളുപ്പമാണെങ്കിലും ദൈവരാജ്യത്തിന്റെ പ്രഘോഷണം വാക്കുകൾക്ക് ഉപരിയായി പ്രവർത്തികളാൽ പങ്കുവയ്ക്കപ്പെടേണ്ടതാണ്. 'എല്ലായ്പ്പോഴും സുവിശേഷം പ്രസംഗിക്കുക, അത്യാവശ്യമുള്ളപ്പോൾ മാത്രം വാക്കുകൾ ഉപയോഗിക്കുക' എന്ന ഫ്രാൻസിസ് അസീസിയുടെ സൂക്തം ഈയവസരത്തിൽ നമ്മെ ചിന്തിപ്പിക്കട്ടെ.


രോഗികളെ സുഖപ്പെടുത്തി മരിച്ചവരെ ഉയിർപ്പിച്ച് കുഷ്ഠരോഗികളെ ശുദ്ധരാക്കി എത്തിച്ചേരുന്ന ഭവനത്തിന് സമാധാനമാശംസിച്ച് പ്രസംഗിക്കപ്പെടുന്ന സുവിശേഷ പങ്കുവയ്ക്കലിൽ പരലോക യാഥാർത്ഥ്യങ്ങളും നിത്യജീവന്റെ സത്യങ്ങളും ആണ് എങ്കിലും ഈ ലോകത്തിൽ മനുഷ്യമക്കൾക്ക് ഉള്ള നന്മ ഒന്നും തന്നെ നിഷേധിക്കപ്പെടുന്നില്ല. അവയൊക്കെ മനുഷ്യന്റെ നേരെ നീളുന്ന ദൈവത്തിന്റെ കരുണയുടെ ആവിഷ്കാരമാണ്. യേശു ശിഷ്യരെ ഏല്പിക്കുന്ന ദൗത്യവും ദൈവത്തിന്റെ കരുണയുടെ വക്താക്കളാകുവാനാണ്.

ഈ സുവിശേഷദൗത്യവുമായി പോകുമ്പോൾ ഉണ്ടാകേണ്ട മാനസികഭാവവും വിരക്തിയും ജീവിതശൈലിയും യേശു ശിഷ്യർക്ക് വിവരിച്ചുകൊടുക്കുന്നു. ലളിതമായ ജീവിതാവശ്യങ്ങളും സകലത്തിന്റെയും ഉടയവനായ ദൈവത്തിൽ മാത്രമുള്ള ആശ്രയത്വവും ശിഷ്യരുടെ ദൗത്യനിർവ്വഹണത്തെ ആയാസരഹിതമാക്കുന്നു. ഭൗതികവസ്തുക്കളുടെ കുമിഞ്ഞുകൂടൽ ജീവിതത്തെ കൂടുതൽ പ്രയാസമുള്ളതാക്കുന്നു എന്നത് നമുക്കറിവുള്ളതാണല്ലോ. മനുഷ്യരുടെ ആത്മരക്ഷയ്ക്കായി പ്രവർത്തിക്കുന്ന

വർക്ക് ആവശ്യമുള്ള കൃപകളെല്ലാം മുൻകൂട്ടി ദൈവം നൽകുന്നു. ഈ ലോകസുഖങ്ങളോ, സുരക്ഷിതത്വമോ സമ്പാദ്യമോ അല്ല ദൗത്യനിർവ്വഹണം മാത്രമാണ് ശിഷ്യധർമ്മം. ഭൗതികാവശ്യങ്ങളെപ്പറ്റിയുള്ള വ്യഗ്രത ശിഷ്യരുടെ ദൗത്യനിർവ്വഹണത്തിന് താമസമാകരുത്. ദൈവത്തിന്റെ പരിപാലനയിൽ ആശ്രയിക്കുന്ന ഒരു ജീവിതശൈലി ആകണം ക്രിസ്തുശിഷ്യന്റേത് എന്ന് അവിടുന്ന് അറിയിക്കുകയാണ്. ഭൗതികകാര്യങ്ങളെപ്പറ്റിയുള്ള വ്യഗ്രതയും അതിലുള്ള ഇടപെടലും അപ്പസ്തോലന്മാരുടെ പ്രഘോഷണ ദൗത്യത്തിന്റെ ഫലസിദ്ധിയെ കുറച്ചുവെന്നും അവർ ഭൗതികകാര്യങ്ങളിൽ നിന്ന് മാറിയപ്പോൾ അവരുടെ പ്രഘോഷണം നൂറുമേനി ഫലമണിഞ്ഞെന്നും (അപ്പ. 6:1-7) വായിക്കുമ്പോൾ യേശുവിന്റെ പഠിപ്പിക്കലിന്റെ അർത്ഥം കൂടുതൽ വ്യക്തമാകുന്നു. ചുരുക്കത്തിൽ ക്രിസ്തുശിഷ്യൻ ഭൗതികതയ്ക്കപ്പുറത്ത് ദൈവികതയിൽ മാത്രം അടിയുറച്ചതാകണം എന്ന് സുവിശേഷം വ്യക്തമാക്കുന്നു.

ഇപ്രകാരം സുവിശേഷവുമായി പോയ ശിഷ്യസമൂഹം പിശാചുക്കളെ പുറത്താക്കിയും രോഗികളെ സുഖപ്പെടുത്തിയും ദൈവരാജ്യത്തെപ്പറ്റിയുള്ള സുവിശേഷ പ്രഘോഷണത്തിന് തുടക്കമിട്ടു. ബലഹീനരായവർ ദൈവിക കാര്യങ്ങളുടെ നിർവ്വഹണത്തിന് തങ്ങളെത്തന്നെ വിട്ടുകൊടുത്തപ്പോൾ പ്രവർത്തനം ഫലദായകമായി. വചനം തിരസ്കരിക്കുന്നവർക്കാകട്ടെ സർവ്വനാശത്തിന്റെ ഫലമാണ് ലഭ്യമാകുക. ഒരു നാണയം പോലും അവകാശമാക്കാതെ, സുരക്ഷിതത്വങ്ങൾ ഒന്നും തന്നെയില്ലാതെ ഏറെ പ്രശ്നബാധിതമായ ഇടങ്ങളിലും സുവിശേഷ ചൈതന്യമെത്തിക്കുന്ന സുവിശേഷപ്രവർത്തകരെ ഓർത്ത് നമുക്ക് പ്രാർത്ഥിക്കുവാൻ കടമയുണ്ട്. ഒപ്പം സുവിശേഷം പങ്കുവയ്ക്കുക നമ്മുടെ ഓരോരുത്തരുടെയും ദൗത്യവും ആണ്. ഈ കൃപകൾക്കായി നമുക്ക് പ്രാർത്ഥിക്കാം.

*ഫാ. സെബാസ്റ്റ്യൻ കുന്നുംപുറത്ത്*




**ഉപകാരസ്മരണ**

മിശിഹായുടെ ചാർച്ചക്കാരനും/ വിശ്വസ്തദാസനുമായ വി. യൂദാതദേവൂസേ/ ഒറ്റിക്കൊടുത്തവന്റെ പേരുമൂലം മഹിമയേറിയ അപ്പസ്തോലനായ അങ്ങ്/ വിസ്മരിക്കപ്പെടുവാൻ കാരണമായി./ എന്നാൽ കത്തോലിക്കാസഭ മുഴുവനും/ അങ്ങയെ നിരാശരുടേയും അസാദ്ധ്യകാര്യങ്ങളുടെയും / മദ്ധ്യസ്ഥനായി ബഹുമാനിക്കുകയും / അങ്ങയോട് അഭ്യർത്ഥിക്കുകയും ചെയ്യുന്നുവല്ലോ./ നിരവധി ക്ലേശങ്ങൾ അനുഭവിക്കുന്ന എനിക്ക് / അങ്ങയുടെ മദ്ധ്യസ്ഥതയിൽ **(ഇവിടെ ആവശ്യം പറയുക)** / ഈ അനുഗ്രഹം സാധിച്ചു തരണമേ. / എന്റെ എല്ലാ ആവശ്യങ്ങളിലും / വിശിഷ്യ ഇപ്പോൾ എനിക്കു നേരിട്ടിരിക്കുന്ന ആപത്തിലും / എന്നെ പ്രത്യേകം സംരക്ഷിക്കണമേ. / ഈ ഉപകാരം ഞാൻ എന്നും ഓർത്തുകൊള്ളാമെന്നും / എന്റെ പ്രത്യേക മദ്ധ്യസ്ഥനായി / അങ്ങയെ നിരന്തരം ബഹുമാനിച്ചു കൊള്ളാമെന്നും / ഞാൻ വാഗ്ദാനം ചെയ്യുന്നു.

**ഒരു വിശ്വാസി**

# Matrimonial



**മ**ലങ്കര കത്തോലിക്കാ തിരുവല്ലാ അതിരൂപതാ യുവതി (24/152) BCom, MBA, Bank Coaching ചെയ്യുന്നു. അനുയോജ്യരായ യുവാക്കളുടെ മാതാപിതാക്കളിൽ നിന്നും ആലോചനകൾ ക്ഷണിക്കുന്നു. Tel: 9946090005.

**മ**ലങ്കര കത്തോലിക്കാ യുവാവ് (30/163)ഇരുനിറം. സൽസ്വഭാവി. 8 വർഷമായി ദുബായിൽ കമ്പനി മിഷ്യൻ ഓപ്പറേറ്ററായി ജോലി ചെയ്യുന്നു. M.C.Y.M പ്രവർത്തകൻ, ITI സാമാന്യ വിദ്യാഭ്യാസം, സാധാരണ കുടുംബം. ജൂൺ 17 ന് നാട്ടിൽ വരും. സെപ്റ്റംബർ 16 ന് തിരിച്ച്പോകും. നാട്ടിൽ ചെറിയ ജോലിയുള്ള അനുയോജ്യരായ യുവതികളുടെ മാതാപിതാക്കളിൽ നിന്നും ആലോചനകൾ ക്ഷണിക്കുന്നു. മറ്റു ഡിമാന്റുകൾ ഇല്ല. Tel: 9744488637.

Syro Malankara Catholic parents invite proposals for their daughter. God fearing family oriented, age 25, 165 cm, BSc Nurse, fair, slim, born in India green card holder currently working as RN in USA, looking for God fearing, good family back grounds, M.Tech Computer Eng. or M.Sc Nurse qualified boys from Malanakara Catholic. Please respond with details and a current photograph to jacobabaham57@gmail.com.
Tel: 1-215-303-6961

**മ**ലങ്കര കത്തോലിക്കാ തിരുവല്ലാ അതിരൂപതാ യുവതി (26/165) വെളുത്ത നിറം. BCom, MBA, Ernakulam MNC ൽ ജോലി ചെയ്യുന്നു. അനുയോജ്യരായ യുവാക്കളുടെ മാതാപിതാക്കളിൽ നിന്നും ആലോചനകൾ ക്ഷണിക്കുന്നു.
Tel: 9946237089, 0469 2604813.

**മ**ലങ്കര കത്തോലിക്കാ തിരുവല്ലാ അതിരൂപതാ യുവാവ് (27/164), M.B.A. Finance ഇപ്പോൾ ഡൽഹിയിൽ Muthoot Bank Ass.Manager ആയി ജോലിചെയ്യുന്നു. അനുയോജ്യരായ യുവതികളുടെ മാതാപിതാക്കളിൽ നിന്നും ആലോചനകൾ ക്ഷണിക്കുന്നു. Tel: 9946416168, 0469-2740320.



children's corner

# കുഞ്ഞു ദീപങ്ങൾ

**മഹിമ എൽസ ബിജു, മുക്കൂർ**

1. ഒരിക്കൽ വഴിയാത്രക്കിറങ്ങിയ ഗാന്ധിജി അപ്രതീക്ഷിതമായി ഒരു സിംഹത്തിന്റെ മുൻപിൽ അകപ്പെട്ടു. സിംഹം കരുതി ഇന്ദിരാഗാന്ധി ആണെന്ന്. കാരണമെന്ത്?
2. ഒരു G നാല് T ചേർന്ന ഇംഗ്ലീഷ് വാക്ക്?
3. കണ്ണുള്ളവരും ഇല്ലാത്തവരും കാണുന്നത്?
4. ഒരു മാവിലെ മാങ്ങാ എണ്ണാറുള്ള ഞാൻ അതിൽനിന്നും 2 മാങ്ങാ പറിച്ചാൻ ബാക്കി എത്ര?
5. 80 വയസ്സുള്ള ഒരാൾ ആകെ 20 പിറന്നാൾ മാത്രമേ ആഘോഷിച്ചിട്ടുള്ളു. കാരണമെന്ത്?
6. ലോകത്തിൽ ആദ്യത്തെ ശസ്ത്രക്രിയ ആര്, ആരിൽ എങ്ങനെ നടത്തി?
7. നിരീശ്വരവാദികൾ ഒരു സിനിമയെടുക്കുന്നുണ്ടെങ്കിൽ ആ സിനിമയ്ക്ക് എന്തായിരിക്കും പേരിടുക.
8. അവിവാഹിതർ മാതാപിതാക്കളോട് പറയുന്ന ഇംഗ്ലീഷ് അക്ഷരങ്ങൾ?
9. നെല്ലിന്റെ കുഞ്ഞ് മന്ദബുദ്ധിയായാൽ എന്ത് പേരിടും?
10. ദൈവം മനുഷ്യന് കൊടുക്കുന്ന ഏറ്റവും വലിയ വരം?
11. യേശുക്രിസ്തു ജനിച്ചില്ലായിരുന്നെങ്കിൽ നമുക്ക് സംഭവിക്കുന്നത് എന്ത്?
12. ചുരുക്കത്തിൽ കല്ല്യാണം കഴിക്കുന്ന ദിവസങ്ങൾ?

**ഉത്തരങ്ങൾ:**


1. ഇന്ദിരാഗാന്ധി എന്നല്ല. ഇന്ന് ഇര ഗാന്ധി എന്നാണെന്ന്.
2. "ഒറിജിനാലിറ്റി"
3. സ്വപ്നം.
4. 46 ( മാവിലെ മാങ്ങാ എണ്ണാറ് = 8X6 = 48
   പറിച്ചത് = 2
   = 48-2 = 46
5. അയാളുടെ ജന്മദിനം ഫെബ്രുവരി 29 ആയതുകൊണ്ട്.
6. ദൈവം ആദാമിന്റെ വാരിയെല്ലൂരി ഹവ്വയെ സൃഷ്ടിച്ചതായിരുന്നു ശസ്ത്രക്രിയ.
7. ഗോഡ്സില്ല.
8. N.A.K.T.Q
9. നെൽ സൺ മണ്ടേല
10. വിവരം.
11. ക്രിസ്മസ് അവധി കിട്ടില്ലായിരുന്നു.
12. TUEDAY WED THURSDAY (ചൊവ്വാഴ്ച്ച വ്യാഴാഴ്ച്ചയെ)



വരച്ചത്
ആര്യ രാജ്, പുല്ലാട്

ഉള്ളതു പറഞ്ഞാൽ...

# വെടിക്കെട്ട്





അഡ്വ. വിനോദ് മാത്യു
വിൽസൺ

വെടിക്കെട്ട് സിനിമ, വെടിക്കെട്ട് വെള്ളച്ചാട്ടം, വെടിക്കെട്ട് മഴ, ഇപ്പ ദാ... വെടിക്കെട്ട് ദുരന്തം. ശബരിമലയായാലും, മലയാറ്റൂർ ആയാലും, ഭീമാപള്ളിയായാലും ചത്ത് വീഴുന്നത് മനുഷ്യൻ മാത്രം. മനുഷ്യൻ വിളിച്ചുവരുത്തുന്ന ദുരന്തം ആണിത്. ആരെ പ്രസാദിപ്പിക്കാൻ വേണ്ടിയാണ് ഇങ്ങനെ വെടിക്കെട്ട് നടത്തുന്നതെന്ന് മനസ്സിലാകുന്നില്ല. അമ്പലങ്ങളിലെ വെടിവഴിപാടും, വെടിക്കെട്ടും തമ്മിൽ വ്യത്യാസം ഉണ്ട്. രണ്ടിനെയും രണ്ടായിക്കാണണം.

എനിക്ക് വളരെയേറെ പരിചയം ഉള്ള സ്ഥലമാണ് പരവൂർ പുറ്റിങ്ങൽ ക്ഷേത്രം. ജനങ്ങൾ തിങ്ങിപ്പാർക്കുന്ന സ്ഥലം. പലരും പല ഉന്നതന്മാരെയും കണ്ട് പരാതി ബോധിപ്പിച്ചു. നിരോധിക്കുവാനും, നിരോധിക്കാതിരിക്കുവാനും, പരാതിയും, ഒത്താശയും, ഉന്നതങ്ങളിലെ പിടിപാടും ഫലിച്ചു. കുറെ മനുഷ്യജീവനുകൾ പൊലിഞ്ഞു.

കളക്ടർ പറയുന്നു നിരോധിച്ചുവെന്ന്. പോലീസ് പറയുന്നു പറ്റിച്ചു എന്ന്. ഗവൺമെന്റ് പറയുന്നു അന്വേഷിക്കും എന്ന്. എന്തൊരു വൃത്തികെട്ട സിസ്റ്റം ആണിത്. ആർക്കും ഒന്നിനും ഒരു ഉത്തരവാദിത്വവുമില്ല. കളക്ടർ നിരോധിച്ചു, സാങ്കേതികമായ്. പക്ഷേ Executive Magistrate എന്ന നിലയിൽ, Special Branch - റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സംഭവസ്ഥലത്ത് എത്തി തന്റെ നിരോധനം നടപ്പിൽ വരുത്തുവാനുള്ള ആർജ്ജവം കൂടി കളക്ടർ കാണിക്കണമായിരുന്നു. 14 പോലീസുകാരെ സംഭവസ്ഥലത്ത് അയച്ച്, 'സുരക്ഷ' ഒരുക്കിയ പോലീസ്, ഹെൽമറ്റ് വയ്ക്കാതെ പോകുന്നവന്റെ പുറകിൽപോയി കിണറ്റിൽ തള്ളിയിട്ട് കൊല്ലുന്ന ആ ശുഷ്കാന്തി കാണിച്ചാൽ മതിയായിരുന്നു. പിന്നെ ഗവൺമെന്റ്... അത് പിന്നെ നമുക്ക് പറ്റിയ സംഭവം തന്നെ... കൂടുതൽ ഒന്നും പറയുന്നില്ല. ഇനീം ഒരു ആന ചവിട്ട് കുറച്ച് പേരെക്കൂടി കൊന്നാൽ ആനയുടെ തന്തയ്ക്ക് വിളിച്ച് ആശ്വസിക്കാം.

വെള്ളമടിച്ചും, കൂത്താടിയും നടന്ന് ബോധം ഇല്ലാതെ വെടിക്കുറ്റിയുടെ മുകളിൽ ഇരുന്ന് ഗുണ്ട് പൊട്ടുന്നതു കാണുന്ന ചില വെടിക്കെട്ട് പ്രേമികളും ഉണ്ട്. മൈക്കിൽകൂടി വിളിച്ച് പറഞ്ഞ് സുരക്ഷ... എന്ന് പറയുന്നു. സ്വന്തം തന്ത പറഞ്ഞാൽ കേൾക്കാത്തവരാണ് അമ്പലകമ്മിറ്റി പ്രസിഡന്റ് പറഞ്ഞാൽ കേൾക്കുന്നത്.

ഒരു സംശയം നിയമം ലംഘിക്കാനുള്ളതാണോ അതോ പാലിക്കാൻ ഉള്ളതാണോ...
കാരണം എല്ലാ നിയമലംഘനത്തിനുശേഷമാണ് നടപ്പിലാക്കൽ,
ബോട്ട് മുങ്ങിയാൽ പിന്നെ ബോട്ട് റെയ്ഡ്,
മദ്യദുരന്തം ഉണ്ടായാൽ മദ്യറെയ്ഡ്, ബസ് ദുരന്തം ഉണ്ടായാൽ
ബസ് റെയ്ഡ്... ചുരുക്കി പറഞ്ഞാൽ...
ഇതാണു മോനെ കേരളം...
ഇതാണ് മലയാളി...

# MAR EPHRAEM

## COLLEGE OF ENGINEERING AND TECHNOLOGY

**MARTHANDAM**

(Catholic Diocese of Marthandam)

Approved by AICTE, Delhi & Anna University, Chennai

**Courses**

- B.E. Mechanical Engineering
- B.E. Civil Engineering
- B.E. Electronics & Communication Engineering
- B.E. Electrical & Electronics Engineering
- B.E. Computer Science & Engineering
- M.E. Computer Science & Engineering
- M.E. Applied Electronics
- M.E. Manufacturing Technology

**Fecilities**

* Spiritual formation through daily Holy Mass, Prayer & Jesus youth.
* Experienced and dedicated faculty with post doctoral research and industrial experience.
* World Class Classrooms connected to a centralized e-learning data center on campus.
* Global connectivity to all the students via 24hr Wi-Fi access.
* Modern library with e-access to various international Journals.
* Most modern Language lab. * Helth club
* Cafeteria and mess with delicious and nutritious food (Kerala taste)



*Admission in 1st year & Direct 2nd year (Later Entry) * Campus Placement Assistance

FOR ADMISSION CONTACT:

**Mr. TONEY KURIEN** (Admission Officer): 9447413790, 09444713790 (T.N)



# Framing Your Career

## DREAMS CAREER GUIDANCE

www.dreamscareerguidance.com

Find us on Facebook /dreamscareerguidance

**M.B.B.S., B.D.S. ENGINEERING, NURSING**

**MEDICAL AND PARAMEDICAL COURSES**
MBBS, BDS, BAMS, BPharm, Pharm D
Nursing (BSc, GNM, Post BSc & MSc) etc.

**ENGINEERING/POLYTECHNIC**
ECE, EEE, CSE, IT, Mechanical
Bio Medical, Civil, Aeronautical
Marine Engineering, MCA etc.

**ARTS AND SCIENCE (MSc / BSc)**
Bio Technology, Micro Biology, Bio Chemistry
Computer Science, Fashion Designing
Physics, Chemistry, Biology etc.

**MANAGEMENT AND COMMUNICATION**
MBA, MIB, MSW, MTA, Public Relation
Hotel Management
Hospital Administration etc.

**KOTTARAKARA**
Upstairs Aryas Hotel,
Pulamon Jn.
Ph: 0474-2459686

**ADOOR**
GF-39, Revenue Tower.
Ph 04734-221126, 28
Fax: 04734-221238

**THIRUVALLA**
Jinjil Arcadia,
Near St. Antony's Church
Ph: 0469-2705659

+91 960 57 22 999
Mob +91 944 78 66 183

**www.higherstudiesonline.com**

## 41–ാം ചരമദിനം
2016 മെയ് 21 ശനി 7.30 a.m.

സെന്റ് തോമസ്
മലങ്കര കത്തോലിക്കാ പള്ളി,
വെണ്ണിക്കുളം



ജനനം : 11–10–1950
വൈദികപട്ടം : 27–12–1980
മരണം : 10–04–2016
സംസ്കാരം : 12–04–2016

*സ്നേഹസ്മരണകളോടെ*
മറിയാമ്മ & പി. റ്റി. ജോസഫ്
അനിയൻകുഞ്ഞ് & മേഴ്സി
ബാബു & രാജമ്മ
സി. ഗ്രേഷ്യസ് എസ്.ഐ.സി.
സി. സമർപ്പിത എസ്.ഐ.സി.
ഫാ. ഷാജി ബഹനാൻ

## റവ. ഫാ. ബഹനാൻ ചെറുപാലത്തിൽ



## വേർപാടിന്റെ ഒന്നാം വാർഷികം
07–05–2015

### ക്ലാരമ്മ ചാക്കോ
പുഷ്പഗിരി ഹൗസ്
കോട്ടത്തോട് തിരുവല്ല

കൊച്ചുമക്കൾ:
റോബിൻ, റൂബി, ബാജിയോ,
അഞ്ജു, ബിൻസി

Date of Publication: 28-04-2016
Price ₹ 10/-

**AIKYADEEPAM MONTHLY**

Marygiri, Tiruvalla, Kerala. Ph: 0469-2600626. Fax: 0469-2600822

**R.N.I. 35982/80**

**May 2016**



തിരുവല്ല പുളിക്കപ്പറമ്പിൽ താഴ്ചയിൽ കെ. ജി. സാമിന്റെയും ഡെൽസി സാമിന്റെയും മകൻ **സെൻ സാമും** ചുങ്കപ്പാറ കൊക്കപ്പുഴ ഓലിക്കൽ ഏബ്രഹാം വർഗീസിന്റെയും മോളി ഏബ്രഹാമിന്റെയും മകൾ **ജിസ് എലിസബത്ത് ഏബ്രഹാമും** തമ്മിലുള്ള വിവാഹം 2016 ഏപ്രിൽ 18–ാം തീയതി തിരുവല്ല സെന്റ് ജോൺസ് മെത്രാപ്പോലീത്തൻ കത്തീഡ്രലിൽവച്ച് അഭി. തോമസ് മാർ കൂറിലോസ് മെത്രാപ്പോലീത്തായുടെ കാർമ്മികത്വത്തിൽ ആശീർവദിക്കപ്പെട്ടു.

## 50–ാം വിവാഹ വാർഷികം




*Printed and Published by Fr. Thomas Kodinattumkunnel, Published from Marygiri, Archbishop's House, Tiruvalla, Kerala and Printed at Dona Press, Kottayam. Kerala, Chief Editor : Fr. Varghese Chamakalayil*